# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി16/1320/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരളസംസ്ഥാന സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)
2.സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി16/1320/2022 തീയ്യതി: 18/07/2022

## കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-02-2021 | 23-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-02-2021 | 23-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി.ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി മായ ആർ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. കെ. എ. അനിതകുമാരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ സജി പി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ രതീഷ് സി ആർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുധാ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കൊച്ചുമോൾ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജിമോൻ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സുനിൽകുമാർ ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എമിൽ റ്റി. ഏബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ
ശ്രീമതി. ജാസ്മിൻ. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. നിർമ്മല ജിമ്മി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. മേരി ജോ .വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 08-09-2020 |
| ശ്രീ. സിജു തോമസ് | സെക്രട്ടറി | 09-09-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മായ ആർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | 01-04-2020 | 07-01-2021 |
| ശ്രീമതി. അനില അന്നാ വർഗ്ഗീസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (ഇൻ ചാർജ്ജ്) | 08-01-2021 | 14-01-2021 |
| ശ്രീ. സുരേഷ്. എസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | 14-01-2021 | 31-03-2021 |
| ശ്രീ മനോജ് എം ഒ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണ വകുപ്പ്) | 01-04-2020 | 31-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി. അനില അന്നാ വർഗ്ഗീസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണ വകുപ്പ്) | 01-08-2020 | 31-03-2021 |
| ശ്രീമതി അജിതകുമാരി റ്റി കെ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് | 01-04-2020 | 28-05-2020 |
| ശ്രീമതി. ഷൈല വി. ആർ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് | 29-05-2020 | 18-02-2021 |
| ശ്രീമതി. അനിത. കെ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് | 18-02-2021 | 31-03-2021 |
| ഡോ ബിന്ദുകുമാരി | സൂപ്രണ്ട്, ജില്ലാ ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ ജയശ്രീ സി | ഡി.എം.ഒ (ഐ.എസ്.എം) | 01-04-2020 | 31-03-2021 |
| ഡോ. ആർ.വി. അജിത് | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ. ഷിനോ പി.എസ് | പ്രൊജക്റ്റ് ഡയറക്ടർ (പി.എ.യു) | 01-04-2020 | 31-03-2021 |
| ശ്രീ. ജയരാജൻ. ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2020 | 04-11-2020 |
| ശ്രീ. സുമേഷ് കുമാർ. റ്റി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 05-11-2020 | 31-03-2021 |
| ശ്രീ. ചന്ദ്രബോസ്. പി. പി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അനികുമാരി | ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസനം) | 01-04-2020 | 31-03-2021 |
| ശ്രീ. അർജ്ജുനൻ പിള്ള | മാനേജർ, ജില്ലാ വ്യവസായകേന്ദ്രം | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡി. സജിനിമോൾ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീ. ടി. എസ്. അജിമോൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ (ഇൻ ചാർജ്ജ്) | 01-06-2020 | 07-07-2020 |

| | | | |
|---|---|---|---|
| ശ്രീ. രഘു. ആർ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 08-07-2020 | 08-02-2021 |
| ശ്രീമതി. സബിത. പി | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 09-02-2021 | 31-03-2021 |
| ശ്രീമതി. ഗീത അലക്സാണ്ടർ | ഫാം സൂപ്രണ്ട്, ജില്ലാ കൃഷികത്തോട്ടം, കോഴ | 01-04-2020 | 31-03-2021 |
| ഡോ. ജിജി വർഗീസ് | സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ) / ഡി.എം.ഒ | 01-04-2020 | 05-04-2020 |
| ഡോ. പ്രിയദർശിനി. വി. കെ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ) / ഡി.എം.ഒ | 06-04-2020 | 26-02-2021 |
| ഡോ. ടി.കെ. ചന്ദ്രശേഖരൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ) / ഡി.എം.ഒ | 27-02-2021 | 31-03-2021 |
| ശ്രീമതി. ലിസി ആന്റണി | സീനിയർ അഗ്രികൾച്ചർ ഓഫീസർ, വാലാച്ചിറ | 01-04-2020 | 24-09-2020 |
| ശ്രീമതി. നിഷ മേരി സിറിയക് | സീനിയർ അഗ്രികൾച്ചർ ഓഫീസർ (ഇൻ ചാർജ്ജ്), വാലാച്ചിറ | 25-09-2020 | 31-03-2021 |
| ശ്രീമതി. നിഷ മേരി സിറിയക് | സീനിയർ അഗ്രികൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കോഴ | 01-04-2020 | 31-03-2021 |
| ശ്രീമതി. മിനി മാണി | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 01-04-2020 | 30-09-2020 |
| ശ്രീമതി. ലിസി ആന്റണി | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 01-10-2020 | 14-02-2021 |
| ശ്രീമതി. റീന ജോൺ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 15-02-2021 | 31-03-2021 |
| ശ്രീ. അജേഷ്. റ്റി.ജി | ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 01-04-2020 | 03-11-2020 |
| ശ്രീ. അഭിലാഷ്. കെ. ദിവാകർ | ജില്ലാ മിഷൻ കോർഡിനേറ്റർ, | 04-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | കുടുംബശ്രീ | | |
| ഡോ. ജേക്കബ് വർഗ്ഗീസ് | ജില്ലാ മെഡിക്കൽ ഓഫിസർ | 01-04-2020 | 31-03-2021 |
| ഡോ. ഫിലോമിന തോമസ് | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 01-04-2020 | 31-05-2020 |
| ഡോ. ഒ. റ്റി. തങ്കച്ചൻ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) - ഇൻ ചാർജ്ജ് | 01-06-2020 | 31-07-2020 |
| ഡോ. റെനി. കെ. ഉമ്മൻ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 01-08-2020 | 31-03-2021 |
| ശ്രീ. രമേശ്. കെ. ബി | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | 01-04-2020 | 30-09-2020 |
| ശ്രീ. ബെന്നി വില്യം | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | 01-10-2020 | 31-03-2021 |
| ഡോ. മനോജ് കുമാർ. പി. കെ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 01-04-2020 | 27-11-2020 |
| ഡോ. സജീവ് കുമാർ. കെ. ആർ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 28-11-2020 | 28-02-2021 |
| ഡോ. മനോജ് കുമാർ. പി. കെ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം | 01-03-2021 | 31-03-2021 |
| ഡോ.പ്രിയദർശിനി | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 26-02-2021 |
| ഡോ.അജി വിൽബർ | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 27-02-2021 | 31-03-2021 |
| ശ്രീ.രതീഷ് ജെ.ബാബു | പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്. (ടി.എച്ച്.എസ്) പാമ്പാടി, വെള്ളൂർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ കോട്ടയം ജില്ലാ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് വിശകലനം<br>Written By: Sudha Jacob (Audit Officer, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 18-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-4 |
| 5 | വാർഷിക പദ്ധതി അവലോകനം<br>Written By: Sudha Jacob (Audit Officer, On 25-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sudha Jacob (Audit Officer, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sudha Jacob (Audit Officer, On 25-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-06-2022) | 1-8 |
| 9 | രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Saramma John (Asst. Audit Officer, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-06-2022) | 1-9-1 |
| 10 | സാങ്കേതിക പിഴവ് മൂലം തുക ക്രമപ്പെടുത്തുന്നതിന് താമസം നേരിട്ടു<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 15-07-2022) | 1-9-2 |
| 11 | ഇ-ടെൻഡർ ഫീസ് - തുക പൂർണ്ണമായും ക്രമീകരിച്ചില്ല<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-10-1 |
| 12 | ടെൻഡർ ഫീസിനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-10-2 |
| 13 | അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-11 |
| 14 | പ്ലാൻ ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-12 |
| 15 | കോഴ ജില്ലാ കൃഷി തോട്ടം - ജി.എസ്.റ്റി റിട്ടേൺ ഫയൽ ചെയ്തില്ല<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-13 |
| 16 | കോവിഡ് അതിജീവന പ്രവർത്തനങ്ങൾക്കായി 7,58,621/- രൂപ ചെലവഴിച്ചു<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-14 |

| | | |
|---|---|---|
| 17 | കമ്പ്യൂട്ടർവത്ക്കരണവും സേവനം മെച്ചപ്പെടുത്തലും പദ്ധതി-വിവരങ്ങൾ പൂർണമല്ല.<br>Written By: Sudha Jacob (Audit Officer, On 05-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-15 |
| 18 | 1,07,50,000/- രൂപ അടങ്കൽ തുകയുടെ പദ്ധതിയിൽ തുടർനടപടികളില്ല<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-16 |
| 19 | സുഭിക്ഷ കേരളം - വിത്ത് നടീൽ വസ്തുക്കളുടെ വിതരണം - പദ്ധതിയിൽ അപാകത<br>Written By: Unnikrishnan M (Auditor, On 20-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-17 |
| 20 | മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് തീറ്റ വാങ്ങൽ- ചെലവ് വിവരങ്ങളിൽ വ്യത്യാസം<br>Written By: Saramma John (Asst. Audit Officer, On 18-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-18 |
| 21 | ഭവന നിർമ്മാണ പ്രോജക്ട് പൂർത്തീകരിച്ചില്ല<br>Written By: Saramma John (Asst. Audit Officer, On 18-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-06-2022) | 1-19 |
| 22 | വാലാച്ചിറ സീഡ് ഫാം- തൊഴിലാളികൾക്ക് വിശ്രമമുറിയും ഫാമിന് ഗേറ്റും- പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sudha Jacob (Audit Officer, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-20 |
| 23 | പാമ്പാടി വെള്ളൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ -ലാപ്പ് ടോപ്പ് വാങ്ങിയതിൽ സർക്കാർ ഉത്തരവ് പാലിച്ചില്ല.<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-21 |
| 24 | ഗവ.വി.എച്ച്.എസ്.എസ്.(റ്റി.എച്ച്.എസ്)വെള്ളൂർ പാമ്പാടിയിലേക്ക് കൂടിയ നിരക്കിൽ പ്രിന്റർ വാങ്ങി<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-22 |
| 25 | സ്കൂൾ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-23 |
| 26 | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-24 |
| 27 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ- അപാകതകൾ<br>Written By: Sudha Jacob (Audit Officer, On 03-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-25 |
| 28 | മിഷൻ 20-20(ജനറൽ)-പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-26 |
| 29 | ജില്ലാ ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കിയ പ്രോജക്ടുളിലെ അപാകതകൾ<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: S Shyju (Senior Deputy Director, On 02-07-2022) | 1-27 |
| 30 | ജനറൽ ആശുപത്രി -ഇൻസിനറേറ്റർ സ്ഥാപിക്കൽ-പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 15-07-2022) | 1-28 |
| 31 | ജില്ലാ ആശുപത്രി(ആർദ്രം)ഒ.പി നവീകരണം -നടപടിക്രമം പാലിക്കാതെ | 1-29 |

| | | |
|---|---|---|
| | എൻ.എച്ച്.എം-ൽ തുക നിക്ഷേപിച്ച -പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | |
| 32 | ജില്ലാ ആശുപത്രി ഒ.പി നവീകരണം - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Saramma John (Asst. Audit Officer, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-30 |
| 33 | ചീഫ് മെഡിക്കൽ ഓഫീസർ,ഹോമിയോ നടപ്പാക്കിയ പ്രോജക്ടുകൾ -അപാകതകൾ<br>Written By: Sudha Jacob (Audit Officer, On 03-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-06-2022) | 1-31 |
| 34 | കുറിച്ചി ഹോമിയോ ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ വാങ്ങൽ - മെഷീൻ നാളിതുവരെ ലഭ്യമായില്ല<br>Written By: Sudha Jacob (Audit Officer, On 03-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-32 |
| 35 | വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത്-<br>Written By: Sudha Jacob (Audit Officer, On 03-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-33 |
| 36 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: Saramma John (Asst. Audit Officer, On 11-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 16-07-2022) | 1-34 |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Saramma John (Asst. Audit Officer, On 11-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-35 |
| 38 | അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, ചൂരത്തറ പാടശേഖരം വികസനം - അപാകതകൾ<br>Written By: Sudha Jacob (Audit Officer, On 06-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-36 |
| 39 | വാകത്താനം ഡിവിഷൻ -വാകത്താനം ഗ്രാമപഞ്ചായത്ത്,ഇടത്തറക്കടവ് പാടശേഖരം പുറം ബണ്ട് ബലപ്പെടുത്തൽ -അപാകതകൾ<br>Written By: Sudha Jacob (Audit Officer, On 07-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-37 |
| 40 | കുമരകം ഡിവിഷൻ -അയ്മനം ഗ്രാമപഞ്ചായത്ത് വാർഡ് 18- ചാർത്താലിൽ പാടശേഖരത്തിന് പുറംബണ്ട് നിർമ്മാണം- പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sudha Jacob (Audit Officer, On 07-06-2022)<br>Last Updated By: S Shyju (Senior Deputy Director, On 13-07-2022) | 1-38 |
| 41 | കുമരകം ഡിവിഷൻ -അയ്മനം ഗ്രാമപഞ്ചായത്ത്, ആയിരം വേലി ഭാഗത്ത് പുറംബണ്ട് നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത<br>Written By: Sudha Jacob (Audit Officer, On 06-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-39 |
| 42 | വാകത്താനം ഡിവിഷനിൽ വാകത്താനം പഞ്ചായത്തിലെ വരമ്പിനകം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ - ഡി എസ് ആർ 1.27.1.1 പ്രകാരമുള്ള കുറവ് വരുത്തിയില്ല<br>Written By: Sudha Jacob (Audit Officer, On 07-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-40 |

| | | |
|---|---|---|
| 43 | ജില്ലാ കൃഷിത്തോട്ടം കോഴ -അടിസ്ഥാന സൗകര്യ വികസനം- അനുവദനീയമായതിൽ അധികം തുക നൽകി<br>Written By: Saramma John (Asst. Audit Officer, On 11-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-41 |
| 44 | വഴിയോരവിശ്രമകേന്ദ്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sudha Jacob (Audit Officer, On 07-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-42 |
| 45 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Sudha Jacob (Audit Officer, On 10-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 27-06-2022) | 1-43 |
| 46 | അതിരമ്പുഴ  ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, പായ് വട്ടം കറുകപ്പാടം, പാടശേഖരം വികസനം പ്രവൃത്തി ഫലവത്തായില്ല<br>Written By: Rajesh M (Asst. Audit Officer, On 06-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-07-2022) | 1-44 |
| 47 | പേരിൽക്കൂട്ടി കരം കെട്ടാത്ത വസ്തു ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തി- ഉടമസ്ഥത സംബന്ധിച്ച തർക്കം മൂലം നിർമ്മാണം പാതി വഴിയിൽ<br>Written By: P B Shajimon (Auditor, On 07-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-07-2022) | 1-45 |
| 48 | സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ ഈടാക്കിയതിൽ കുറവ്<br>Written By: P B Shajimon (Auditor, On 07-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-46 |
| 49 | പൂഞ്ഞാർ ഡിവിഷൻ -തിടനാട് ഗ്രാമപഞ്ചായത്ത്, 6ാം വാർഡ് ഭാവനാ നഗർ-വയോജനങ്ങൾക്ക് വിനോദവിശ്രമ കേന്ദ്രം നിർവ്വഹണത്തിൽ അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 06-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-47 |
| 50 | അയർക്കുന്നം ഡിവിഷൻ-അയർക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 2ൽ കുടിവെള്ളപദ്ധതി പൂർത്തീകരണം- നിർമ്മാണപ്രവർത്തനങ്ങൾ പാതി വഴിയിൽ നിലച്ചു-<br>Written By: Maya R (Audit Officer, On 04-06-2022)<br>Last Updated By: S Shyju (Senior Deputy Director, On 13-07-2022) | 1-48 |
| 51 | പുലിയുറുമ്പിൽ -നെയ്യാട്ടുശ്ശേരി കുടിവെള്ളപദ്ധതി പൂർത്തീകരണം-3 ഫേസ് കണക്ഷന് തുക നിക്ഷേപം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Maya R (Audit Officer, On 06-06-2022)<br>Last Updated By: S Shyju (Senior Deputy Director, On 13-07-2022) | 1-49 |
| 52 | പ്രൊ.നം 1042/21 കുറിച്ചി ഡിവിഷനിൽ പനച്ചിക്കാട് പഞ്ചായത്തിൽ കുമ്പാടി പാടശേഖരത്തിന് മോട്ടോറും മോട്ടോർ വാച്ചാൽ നിർമ്മാണവും -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Maya R (Audit Officer, On 06-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-07-2022) | 1-50 |
| 53 | എസ് സി പി ഫണ്ട് വിനിയോഗം- ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് പരിഗണിക്കാതെയുള്ള നിർമ്മാണം- നടപടി ക്രമവിരുദ്ധം<br>Written By: Maya R (Audit Officer, On 06-06-2022)<br>Last Updated By: S Shyju (Senior Deputy Director, On 13-07-2022) | 1-51 |
| 54 | പൊതുകുളങ്ങളുടെ നവീകരണം- പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 09-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 16-07-2022) | 1-52 |

| | | |
|---|---|---|
| 55 | വെള്ളൂർ ഗ്രാമപഞ്ചായത്ത് ആറാട്ടുമണപ്പുറം സൈഡ് കെട്ടം അടിസ്ഥാന സൗകര്യ വികസനവും- അപാകതകൾ<br>Written By: Sulatha.D (Audit Officer, On 09-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-53 |
| 56 | കല്ലുംപാറ വയോജനവിശ്രമകേന്ദ്രം-പ്രവർത്തനമാരംഭിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 09-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-07-2022) | 1-54 |
| 57 | ടി വി പുരം ഗ്രാമപഞ്ചായത്തിൽ ഓൾഡ് ഏജ് ഹോം - പ്രവർത്തനസജ്ജമാക്കി ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കണം<br>Written By: Sulatha.D (Audit Officer, On 09-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-55 |
| 58 | മുത്തോലി പഞ്ചായത്തിൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കെട്ടിടം പൂർത്തീകരണം- അപാകതകൾ<br>Written By: Sudha Jacob (Audit Officer, On 10-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-56 |
| 59 | ചിറക്കടവ് പഞ്ചായത്ത് 14-ാം വാർഡ് വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല<br>Written By: Saramma John (Asst. Audit Officer, On 11-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-07-2022) | 1-57 |
| 60 | ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി -ടെണ്ടർ നിരക്കിൽ അധികം തുക അനുവദിച്ചു<br>Written By: Saramma John (Asst. Audit Officer, On 11-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-58 |
| 61 | കപ്പാട് ജി.എച്ച്.എസ് കെട്ടിട നിർമ്മാണം (RMSA പദ്ധതി)-ജി.എസ്.റ്റി. ഒടുക്കിയിട്ടില്ല<br>Written By: Saramma John (Asst. Audit Officer, On 11-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-59 |
| 62 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Saramma John (Asst. Audit Officer, On 13-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 1-60 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ജില്ലാ കൃഷിത്തോട്ടം കോഴ -അടിസ്ഥാന സൗകര്യ വികസനം- അനുവദനീയമായതിൽ അധികം തുക നൽകി<br>Written By: Sudha Jacob (Audit Officer, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 15-07-2022) | 3-1 |
| 2 | അതിരമ്പുഴ  ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, പായ്‌വട്ടം കറുകപ്പാടം, പാടശേഖരം വികസനം പ്രവൃത്തി ഫലവത്തായില്ല<br>Written By: Sudha Jacob (Audit Officer, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 3-2 |
| 3 | സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ കുറവായി ഈടാക്കി<br>Written By: Sudha Jacob (Audit Officer, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 3-3 |
| 4 | പൂഞ്ഞാർ ഡിവിഷൻ -തിടനാട് ഗ്രാമപഞ്ചായത്ത്,6ാം വാർഡ് ഭാവനാ നഗർ- വയോജനങ്ങൾക്ക് വിനോദവിശ്രമ കേന്ദ്രം<br>Written By: Sudha Jacob (Audit Officer, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 3-4 |
| 5 | ചിറക്കടവ് പഞ്ചായത്ത് 14-ാം വാർഡ് വനിതാ വ്യവസായ കേന്ദ്രം | 3-5 |

| | | |
|---|---|---|
| | നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല<br>Written By: Sudha Jacob (Audit Officer, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 16-07-2022) | |
| 6 | ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി - ടെണ്ടർ നിരക്കിൽ അധികം തുക അനുവദിച്ചു<br>Written By: Sudha Jacob (Audit Officer, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 3-6 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Unnikrishnan M (Auditor, On 20-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Unnikrishnan M (Auditor, On 20-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 28-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Unnikrishnan M (Auditor, On 20-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Unnikrishnan M (Auditor, On 20-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ് വിശകലനം

ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 04.02.2021 ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ബജറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം | വ്യത്യാസം (തുക കോടിയിൽ) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 72078771 | 105701538 | 3.36 | |
| വരവ് | 881493000 | 644645323 | | 23.68 |
| ആകെ | 953571771 | 750346861 | | 20.32 |
| ചെലവ് | 878740000 | 713181922 | | 16.55 |
| നീക്കിയിരിപ്പ് | 74831771 | 37164939 | | 3.76 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) SBT - SSA - A/c No : 67143928697 സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 5,59,783/- രൂപ, AFS തുകയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും, 25.03.2021 തീയതിയിൽ ബാങ്ക് പലിശയിനത്തിൽ ക്രെഡിറ്റുള്ള 3701/- രൂപ, 'Directly Credited By The Bank' എന്ന ശീർഷകത്തിലുള്ളത് റെക്കൻസിലേഷൻ നടത്തി ക്രമീകരിച്ചിട്ടില്ല.

(2) SBT മണർകാട് - സ്പെഷ്യൽ ഫണ്ട് (450410101) എന്ന ശീർഷകത്തിൽ 4903/- രൂപ, വാർഷിക ധനകാര്യ പത്രികയിൽ 31/03/21ലെ നീക്കിയിരിപ്പായി നിലനിർത്തിപ്പോരുന്നു. ടി തുക മണർകാട് റീജിയണൽ പൗൾട്രി ഫാം ഓഫീസുമായി ബന്ധപ്പെട്ടതാണെന്നും, ടി അക്കൗണ്ട് യാതൊരു പണമിടപാടിനായും ഉപയോഗിക്കാറില്ലെന്നും, പരിശോധനാവേളയിൽ ബന്ധപ്പെട്ടവർ വിശദീകരിച്ചിട്ടുണ്ട്. വിഷയം പരിശോധിച്ച്, കമ്മറ്റി തീരുമാനത്തിന് വിധേയമായി ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) സ്ഥാപനം പരിപാലിച്ചുവരുന്ന അഡ്വാൻസ് രജിസ്റ്ററിൽ എല്ലാ ശീർഷകങ്ങളിലെയും പണമിടപാടുകൾ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ Advance To Suppliers-Advance Paid (460400101) Advance To Implementing Agencies-Deposit With Public Works Dept (460500205), Advance To Implimenting Agencies - Deposit With ANERT (9460500206), Advance To Other Accredited Agencies (460500499)
എന്നീ ശീർഷകങ്ങളിൽ (B-18), (RP-47) എന്നിവയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

(4) (RP-34) - Deposits Received ഷെഡ്യൂളിലുള്ള, Contractors Retention (340100301) കണക്ക്

ശീർഷകത്തിലെ റസീപ്റ്റ്, റീഫണ്ട് തുകകൾ, സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ (B-7) ഷെഡ്യൂളിലെ ബന്ധപ്പെട്ട ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

(5) (RP-10) ഷെഡ്യൂളിൽ 180400101 - Audit Recovery Based On Charge Certificate എന്ന ശീർഷകത്തിൽ 5000/- രൂപ വരവുണ്ടെങ്കിലും, ആയതിന് ആധാരമായ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ, ബന്ധപ്പെട്ട ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

(6) (B-4) ഷെഡ്യൂളിൽ, 320800101 - 'Beneficiary Contributions' എന്ന ശീർഷകത്തിൽ നിലനിൽക്കുന്ന 38,677/- രൂപയുടെ വിവരങ്ങൾ ലഭ്യമല്ലാത്തതും, ആയത് വിശദീകരിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. ആയതിനാൽ ബന്ധപ്പെട്ട ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

(7) (B-4) ഷെഡ്യൂളിൽ, 320900299 - Other Awards From State Government എന്ന ശീർഷകത്തിൽ നിലനിൽക്കുന്ന 5,00,000/- രൂപ, 'ആരോഗ്യകേരളം പുരസ്കാരം (2014-15)'- ന്റെ ഭാഗമായി ലഭിച്ച തുകയാണെന്നാണ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. ടി തുകയിൽ നിന്നും നാളിതുവരെ ചെലവുണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ചും, തുകയുടെ മറ്റ് വിശദാംശങ്ങൾ സംബന്ധിച്ചും വിശദീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ടി തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

(8) B-11 (A) ഷെഡ്യൂളിലെ 412010101 - Capital Work In Progress ശീർഷകത്തിൽ 19,76,83,409/- രൂപ നിലനിൽക്കുന്നു. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ (Ongoing & Completed) ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന്, വാച്ച് രജിസ്റ്ററോ മറ്റ് രേഖകളോ പരിപാലിക്കാത്തതിനാൽ, ടി ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

(9) സർക്കാർ, വിവിധ ഏജൻസികൾ തുടങ്ങിയവയിൽ ഒടുക്ക് വരുത്തുന്നതിനായി റിക്കവർ ചെയ്യുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തൽ വരുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ (B-9) ഷെഡ്യൂളിലെ എല്ലാ തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

(10) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ജില്ലാ പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

(11) ജില്ലാ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2021-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

(12) ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ബി-11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

(13) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് (A/c No. 67255971951) വാർഷിക ധനകാര്യ പത്രികയിൽ,ഉൾപ്പെടുത്തിയിട്ടില്ല.

(14) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കെൽട്രോണിൽ നിക്ഷേപപ്രവൃത്തികളായുള്ള പ്രോജക്റ്റ് നം. 658/2021, 671/2021 എന്നിവയ്ക്ക് ചെലവഴിച്ചിട്ടുള്ള പദ്ധതി തുകകളായ യഥാക്രമം 296100/- രൂപ (ബിൽ നം. 08/11.04.2020), 493500/- രൂപ (ബിൽ നം. 09/11.04.2020) എന്നിവ വാർഷിക ധനകാര്യ പത്രികളിലെ നിക്ഷേപ പ്രവൃത്തികളുടെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ RP-47(460500499), B-18 എന്നിവയിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് (ബന്ധപ്പെട്ട കണക്കുകൾ വിശദീകരിക്കപ്പെടുന്ന രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ) ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

2020-21 സാമ്പത്തിക വർഷത്തെ റസിപ്റ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശങ്ങളും, ഓഡിറ്റിന് ശേഷം വരവ്, ചെലവ്, നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 105701538 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 644645323 |
| ആകെ | 750346861 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 713181922 |
| നീക്കിയിരിപ്പ് | 37164939 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 604344 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 133449441 |

## 1-4 ഫണ്ട് വിനിയോഗം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 358182059 | 358182059 | 299631327 | 58550732 | 83.65 |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 108610000 | 108610000 | 76943696 | 31666304 | 70.84 |
| വികസനഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | 0 | 15948000 | 15948000 | 10153384 | 5794616 | 63.66 |
| സംരക്ഷണഗ്രാന്റ് – റോഡ് (ACR പ്രകാരം) | 0 | 120326000 | 120326000 | 63543896 | 56782104 | 52.80 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 86326000 | 86326000 | 60838993 | 25487007 | 70.47 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 0 | 63700000 | 63700000 | 19130424 | 44569576 | 30.03 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം) | 0 | 63700000 | 63700000 | 28724381 | 34975619 | 45.09 |
| സർവ്വ ശിക്ഷാ അഭിയാൻ (SSA) | 544814 | 14969 | 559783 | 0 | 559783 | 0 |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | 30262259 | 0 | 30262259 | 10521344 | 19740915 | 34.76 |
| വെർച്വൽ ക്ലാസ്റൂം ഫണ്ട് (RGPSA) | 312266 | 0 | 312266 | 0 | 312266 | 0 |
| മൃഗസംരക്ഷണ വകുപ്പ് ഗ്രാന്റ് (RKVY) | 390746 | 7697815 | 8088561 | 7701045 | 387516 | 95.20 |
| ഹയർ സെക്കന്ററി ഗ്രാന്റ് | 4098681 | 0 | 4098681 | 0 | 4098681 | 0 |
| കേരളോത്സവം ഗ്രാന്റ് | 64810 | 0 | 64810 | 119 | 64691 | - |
| ഹയർ സെക്കന്ററി ഗ്രാന്റ് - ടോയ്‌ലറ്റ് നിർമ്മാണം | 609857 | 0 | 609857 | 0 | 609857 | 0 |
| നബാർഡ് ഫണ്ട് | 1142571 | 5400247 | 6542818 | 5400247 | 1142571 | 82.53 |
| സംയുക്ത പ്രോജക്ട് (ഗ്രാമപഞ്ചായത്ത്- മൂലധന ചെലവ്) | 577356 | 0 | 577356 | 0 | 577356 | 0 |
| സംയുക്ത പ്രോജക്ട് (ഗ്രാമ പഞ്ചായത്ത്- റവന്യൂ ചെലവ് ) | 810297 | 2370723 | 3181020 | 2065 | 3178955 | - |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക്പഞ്ചായത്ത്- മൂലധന ചെലവ്) | 2250774 | 0 | 2250774 | 0 | 2250774 | 0 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക് പഞ്ചായത്ത്- റവന്യൂ ചെലവ് ) | 1668092 | 150000 | 1818092 | 0 | 1818092 | 0 |
| സംയുക്ത പ്രോജക്ട് (നഗരസഭ ) | 900000 | 0 | 900000 | 0 | 900000 | 0 |
| ഗുണഭോക്തൃ വിഹിതം | 38677 | 0 | 38677 | 0 | 38677 | 0 |
| സംസ്ഥാന സർക്കാർ അവാർഡ് | 500000 | 0 | 500000 | 0 | 500000 | 0 |
| സാമൂഹ്യ നീതി വകുപ്പ് ഗ്രാന്റ് (ബി - ഫണ്ട്) | 0 | 30747991 | 30747991 | 30747991 | 0 | 100 |

(1) RMSA - A/c No : 799011400004638 - സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് അക്കൗണ്ടിൽ അധികരിച്ച്

നിൽക്കുന്ന 1,50,000/- രൂപ റെക്കൻസിലേഷൻ നടത്തി വിശദീകരിക്കപ്പെട്ടിട്ടില്ല. ലെഡ്ജർ പ്രകാരം (32100128), RMSA നീക്കിയിരിപ്പ് 1,97,40,915/- രൂപയാണ്. എന്നാൽ, 24.08.2021 - ൽ ജനറേറ്റ് ചെയ്തിട്ടുള്ള STSB സ്റ്റേറ്റ്മെന്റ് പ്രകാരം 11,50,000/- രൂപയാണ്. റിഡംപ്ഷൻ തുകയായി 1,87,40,915/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, AFS നീക്കിയിരിപ്പുമായി 31.03.2021 തീയതിയിൽ 1,50,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

(2) (B-4) ഷെഡ്യൂളിലെ, 320700203 നം. ശീർഷകത്തിൽ നിലനിൽക്കുന്ന 3,178,955/- രൂപയിൽ, 'Can Kottayam Fit Kottayam' എന്ന പദ്ധതിയുടെ ഭാഗമായി, 2020-21 വർഷത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി ലഭിച്ചിട്ടുള്ള തുകകളിൽ, 5,00,000/- രൂപ (Rs. 2,50,000/- X 02), 'Unknown' എന്ന നിലയിൽ 'Miscellaneous Receipts' ആയി അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നു. ടി തുകകൾ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയാണെന്നുള്ളത് സംബന്ധിച്ച് കൃത്യത വരുത്തേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട്, വാർഷിക ധനകാര്യ പത്രിക പ്രകാരം റസീപ്റ്റ് ചെയ്തിരിക്കുന്ന തുകയും, പദ്ധതിക്കായുള്ള പഞ്ചാബ് നാഷണൽ ബാങ്ക് (A/c No: 2982000103035379) സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള റസീപ്റ്റ് തുകയുമായി 4,00,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

(3) (B-4) ഷെഡ്യൂളിലെ, 320400101 നം. ശീർഷകത്തിലുള്ള NABARD ഫണ്ടിൽ, 54,00,247/- രൂപ (Rs. 49,00,869/- + Rs. 4,99,378/-) തലയോലപ്പറമ്പ് PHC നിർമ്മാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ പേയ്മെന്റ് നടത്തിയിട്ടുള്ളതാണ്. എന്നാൽ ടി പാർട്ട് ബിൽ തുക, കുറവ് ചെയ്യാതെയുള്ള തുകയാണ് (B-4) ഷെഡ്യൂളിലെ ബന്ധപ്പെട്ട ശീർഷകത്തിൽ നിലനിൽക്കുന്നത്. ടി പാർട്ട് ബിൽ തുക, 412010101 – Capital Work In Progress ശീർഷകത്തിൽ എൻട്രി വരുത്തിയിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

(4) (RP-7) ഷെഡ്യൂളിലെ, Development Fund - General - 160100101 ശീർഷകത്തിൽ, AFS പ്രകാരം ചെലവ് തുക 29,96,31,327/- രൂപയാണ്. എന്നാൽ, ബന്ധപ്പെട്ട ഫണ്ടിനത്തിൽ, സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുക 29,93,88,392/- രൂപയായതിനാൽ, 2,42,935/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. 2,42,935/- രൂപയുടെ ചെലവ് വിവരം ബന്ധപ്പെട്ട ഫണ്ടിനത്തിൽ സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. അഗ്രികൾച്ചർ അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണത്തിലുള്ള പദ്ധതി (Proj. No : 645/2020-21) തുകയായ 1,89,052/- രൂപയും, എക്സിക്യൂട്ടീവ് എൻജിനീയറുടെ (എൽ.എസ്.ജി.ഡി) നിർവ്വഹണത്തിലുള്ള പദ്ധതി (Proj. No : 760/2020-21) തുകയായ 53,883/- രൂപയും ഉൾപ്പെടെയുള്ള 2,42,935/- രൂപയാണ് വ്യത്യാസം നിലനിൽക്കുന്നതെന്നും, ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം - മായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും പരിശോധനാവേളയിൽ അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(5) സുഭിക്ഷ കേരളം - വിത്ത് നടീൽ വസ്തുക്കളുടെ വിതരണം - സുഫലം പദ്ധതിയുമായി (പ്രോജക്റ്റ് നം. 887/2020-21) ബന്ധപ്പെട്ട് 1,00,000/- രൂപ ധനകാര്യ കമ്മീഷൻ ഫണ്ടിനത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും, ടി തുക സുലേഖ ചെലവ് പത്രികയിലെ ബന്ധപ്പെട്ട ഫണ്ടിനത്തിൽ പ്രതിഫലിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ ഫണ്ടിനത്തിൽ 1,00,000/- രൂപ ടി പദ്ധതിയുടെ ഭാഗമായി കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതായി ബന്ധപ്പെട്ട പദ്ധതി ഫയലിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

(6) സ.ഉ. 4444/2020/ധന/ 03.08.2020 പ്രകാരം, ഓഡിറ്റ് വർഷം ബജറ്റ് വിഹിതം റോഡ് - റോഡിതര സംരക്ഷണ ഫണ്ടിന്റെ രണ്ടാം ഗഡുവിൽ, റോഡിതര ഫണ്ടായി അനുവദിച്ച 28775300/- രൂപയിൽ, 873130/- രൂപ സ്രോതസിൽ കുറവ് ചെയ്ത് ക്രമീകരിക്കുകയും, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അകൗണ്ടിലേക്ക് നിക്ഷേപിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഉത്തരവിന്റെ ഭാഗമായി റോഡിതര ഫണ്ടിനത്തിൽ സ്ഥാപനത്തിന് അനുവദിച്ച അറ്റ തുക 27902170/- രൂപയാണ്. സ്രോതസിൽ കുറവ് ചെയ്ത ടി തുക ജി.ഓ പ്രോജക്റ്റായി ഉൾപ്പെടുത്താതിരുന്നതിനാൽ സുലേഖ ചെലവ് പത്രിക, (RP-7)

തുടങ്ങിയ വാർഷിക ധനകാര്യ പത്രികയുടെ ബന്ധപ്പെട്ട ചെലവ് ശീർഷകങ്ങൾ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലുൾപ്പെടെ ബന്ധപ്പെട്ട ഫണ്ടിന്റെ ചെലവ്, നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു.

(7) സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് ഫണ്ടുമായി ബന്ധപ്പെട്ട്, യഥാർത്ഥ അലോട്ട്മെന്റും വോട്ടിംഗ് മെഷീന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ ചെലവിനത്തിലും ചേർത്താണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ പരാമർശിച്ചതും , വാർഷികകണക്കുകളുടെ അപാകതകളുമായി ബന്ധപ്പെട്ട ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതുമായ വിഷയങ്ങൾക്ക് വിധേയമായിട്ടാണ്, ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം-II) നൽകിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

ജില്ലാ പഞ്ചായത്തിന്റെ 2020-21 ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തിട്ടുള്ളതായി കാണുന്നു. തൻവർഷത്തെ കരട് പദ്ധതി നിർദ്ദേശങ്ങൾക്കായിവർക്കിംഗ് ഗ്രൂപ്പുകൾ 30-01-20ൽ യോഗം ചേർന്നു. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (21-22) കരട് പദ്ധതി നിർദ്ദേശങ്ങൾക്കായി മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങളുടെ മിനിറ്റ്സ് ഹാജർ ഉൾപ്പെടെയുള്ള വിവരങ്ങൾ ശരിയായി ചേർത്ത് പൂർത്തീകരിച്ചിട്ടില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണ ഗ്രാമസഭ 06-07-20ലും 16-12-20ൽ വികസനസെമിനാറും ചേർന്നു.

<u>വാർഷികപദ്ധതി</u>

ജില്ലാ ആസൂത്രണസമിതിയുടെ 16.02.2021 തീയതിയിലെ 80898/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമഅംഗീകാരം ലഭിച്ചു. സ്പിൽ ഓവർ ഉൾപ്പെടെ വാർഷിക പദ്ധതിപ്രകാരം ആവിഷ്കരിച്ച 1004പ്രൊജക്ടുകളിൽ 572 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 23 നിർവ്വഹണോദ്യോഗസ്ഥരിൽ ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവർ പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. കോവിഡ് പ്രതിസന്ധി നിലനിന്നിരുന്ന കാലയളവ് കൂടിയായതിനാൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഭാഗികമായവ ഉൾപ്പെടെ 57% മാത്രമാണ് തൻവർഷം നടപ്പാക്കിയത് .

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കേണ്ടിയിരുന്ന പ്രോജക്ടുകൾ | നടപ്പാക്കിയവ | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 196 | 134 | 156860166 | 103841510 | 66.2 |
| പ്രിൻസിപ്പാൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | 2 | 2 | 750000 | 713921 | 95.2 |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 1 | 1 | 155000 | 154700 | 99.8 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം. | 1 | 0 | 1320000 | 0 | - |
| കൃഷിഅസി.എക്സിക്യൂട്ടീവ് | 48 | 26 | 46657810 | 24283017 | 52 |

| | | | | | |
|---|---|---|---|---|---|
| എൻജിനീയർ | | | | | |
| ഡെപ്യൂട്ടിഡയറക്ടർ (പൊതുവിദ്യാഭ്യാസം) | 24 | 24 | 34680406 | 34164559 | 98.51 |
| ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 3 | 3 | 24294767 | 0 | - |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ. | 2 | 1 | 8812965 | 8612965 | 97.7 |
| ഡെപ്യൂട്ടി ഡയറക്ടർ, ( ഫിഷറീസ് ) | 1 | 0 | 741200 | 0 | - |
| ഡെപ്യൂട്ടിഡയറക്ടർ, (ക്ഷീരവികസനം) | 2 | 1 | 2050725 | 850725 | 41.5 |
| ജില്ലാസാമൂഹ്യക്ഷേമ ഓഫീസർ. | 4 | 4 | 3800000 | 3347642 | 88 |
| മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ | 5 | 4 | 4230000 | 3157500 | 74.6 |
| എക്സിക്യൂട്ടീവ് എൻജിനീയർ (ത.സ്വ.ഭ.വ) | 21 | 8 | 33608578 | 9029896 | 26.9 |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്. | 7 | 6 | 86583459 | 83943431 | 98.1 |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപാദനകേന്ദ്രം | 2 | 1 | 3000000 | 500000 | 17 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 2300000 | 2279511 | 99 |
| ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി ) | 2 | 1 | 11350000 | 298351 | 2.6 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ) | 1 | 1 | 1500000 | 1500000 | 100 |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | 1 | 1 | 4000000 | 4000000 | 100 |

| | | | | | |
|---|---|---|---|---|---|
| സൂപ്രണ്ട്, ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 2 | 2 | 1800000 | 1719012 | 95.5 |
| സൂപ്രണ്ട്,ജില്ലാ ആശുപത്രി, (അലോപ്പതി) | 11 | 11 | 61703511 | 59148329 | 95.9 |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | 6 | 5 | 4946324 | 3247015 | 65.6 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ത.സ്വ.ഭ.വ) | 658 | 333 | 567323688 | 244187683 | 43. |
| ആകെ | 1004 | 572 | 1062468599 | 588979767 | 55.43 |

ഈ റിപ്പോർട്ട് ഖണ്ഡിക 1-19 പ്രകാരം പ്രോജക്ട് നം. 179/21ൽ തനതുഫണ്ട് വകയിരുത്തിയിട്ടില്ലെങ്കിലും 901085 ചെലവഴിച്ചിട്ടുണ്ട്. ആയത് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയലും ജനറൽ പർപ്പസ് ഫണ്ട് ACR ലും തനതു ഫണ്ടിൽ നിന്നുള്ള യഥാർത്ഥ ചെലവ് 2129709 ആണ്. 1228624 രൂപയുടെ (2129709-901085) ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

സെക്രട്ടറി നിർവഹണം നടത്തിയവയിൽ ഭൂരിഭാഗവും നിക്ഷേപ പ്രവൃത്തികളാണ്. ഗ്രാമപഞ്ചായത്തുകളിൽ തെരുവുവിളക്കുകൾക്കായി ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ള ലഭ്യതയ്ക്കായി കുഴൽകിണർ നിർമ്മിക്കൽ, കുടിവെള്ളവിതരണപദ്ധതികൾക്കായി പൈപ്പ് ലൈൻ നീട്ടൽ എന്നിവ കേരള വാട്ടർ അതോറിട്ടി, കേരള ഇലക്ട്രിസിറ്റി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ച് പ്രസ്തുതസ്ഥാപനങ്ങൾ വഴിയാണ് നിക്ഷേപപ്രവൃത്തികൾ നടപ്പാക്കുന്നത്. വിവിധ സംയുക്തപ്രവർത്തികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക അലോട്ട്മെന്റായി നൽകിയ പദ്ധതികളിൽ തുക പഞ്ചായത്തുകൾക്ക് ലഭ്യമായി എന്നുറപ്പ് വരുത്താനാവശ്യമായ രേഖകൾ എല്ലാ പ്രോജക്ട് ഫയലിലും സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പ്രവൃത്തിയുടെ സമയബന്ധിതപൂർത്തീകരണവും കൃത്യമായി നിരീക്ഷിയ്ക്കുന്നില്ല.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഭൂരിഭാഗവും പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണം, വാച്ചാൽ നിർമ്മാണം, തോടുകളുടെ ആഴം കൂട്ടി സംരക്ഷണഭിത്തി നിർമ്മാണം എന്നിവയാണ്.

മുൻവർഷങ്ങളിലെ തുടർച്ചയായി എച്ച്.ഐ.വി രോഗബാധിതർക്കായി പോഷകാഹാരവിതരണം, എച്ച്.ഐ.വി ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ് എന്നിവയാണ് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ നടപ്പാക്കിയ പ്രധാന പ്രോജക്ടുകൾ. ജില്ലാവ്യവസായകേന്ദ്രം മാനേജർ മുഖേന ഖാദി നൂൽ നിർമ്മാണ പദ്ധതിയും, ജെ എൽ ജികൾക്ക് ധനസഹായം നൽകൽ പദ്ധതികളുമാണ് നടപ്പാക്കിയത്. പട്ടികജാതിവികസനഓഫീസർ മുഖേന തൻവർഷം എസ്.സി വിദ്യാർഥികൾക്കുള്ള മെറിട്ടോറിയസ് സ്കോളർഷിപ്പ് നൽകൽ പദ്ധതിയും ഡെപ്യൂട്ടി ഡയറക്ടർ (ഡയറി) മുഖേന ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് പദ്ധതിയും മാത്രമാണ് നടപ്പാക്കിയത്.

പൊതുസ്വഭാവമുള്ള പ്രോജക്ടുകൾ പ്രത്യേകവിഭാഗത്തിൽ പെടുത്തി ഭാഗികമായി നടപ്പാക്കുന്നതായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ പരിശോധിയ്ക്കുമ്പോൾ കാണുന്നു. അതിരമ്പുഴ ഡിവിഷനു കീഴിലുള്ള പട്ടികജാതി വിഭാഗത്തിലെ കർഷകർക്ക് ചെലവുകൾക്ക് സബ്സിഡി എന്ന പ്രോജക്ട് (നം.1498/21)മേൽവിഭാഗത്തിൽപ്പെടുന്നു. അതിരമ്പുഴ ഡിവിഷനു കീഴിൽ അയ്മനം,അതിരമ്പുഴ, ആർപ്പൂക്കര,നീണ്ടൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ടെങ്കിലും അയ്മനം പഞ്ചായത്തിന്റെ 4മുതൽ

10വരെ വാർഡുകളിൽ മാത്രമാണ് പ്രോജക്ട് നടപ്പാക്കിയത്.ബാക്കി പഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തി പ്രോജക്ട് പുതുക്കേണ്ടതാണെന്നും ആനുകൂല്യം ഏതാനും വാർഡുകളിൽ ഒരു വിഭാഗം കർഷകർക്ക മാത്രമായി പരിമിതപ്പെടുത്തുന്നതു ശരിയായ നടപടിയല്ലെന്നും നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും തുടർനടപടികളുണ്ടായില്ല. കാർഷികമേഖലയിലെന്നതു പോലെ പൊതുസ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വിഭാഗം തിരിച്ചുള്ള വകയിരുത്തൽ ക്രമീകരിക്കുക എന്നതിലുപരി പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിയും സാമൂഹ്യനീതിയും കൂടി കണക്കിലെടുക്കേണ്ടതാണ്.

വിവിധ മെഡിക്കൽ ഓഫീസർമാർ വഴി മരുന്ന് - മെഡിക്കൽ ഉപകരണങ്ങൾ വാങ്ങലുകളും പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധമരുന്ന് വിതരണവുമാണ് പ്രധാനമായി നടപ്പാക്കിയത്. എന്നാൽ സൂപ്രണ്ട് ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി മുഖേന നടപ്പാക്കിയ പല പദ്ധതികളുടെയും രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. രേഖകൾ അപൂർണമായും, വാങ്ങിയവ കൃത്യമായി സ്റ്റോക്കിലെടുക്കാതെയും കൈകാര്യം ചെയ്തിരിക്കുന്നു.

പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മുഖേന വിവിധ സ്കൂളുകൾക്ക് ഫർണിച്ചറുകൾ, ലാപ്ടോപ്പുകൾ എന്നിവ വാങ്ങി നൽകലാണ് പ്രധാനമായും നടപ്പാക്കിയിരിക്കുന്നത്. കൂടാതെ ദേവികാസാന്ത്വനം പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ടിവി,സ്മാർട്ട് ഫോൺ,ടാബ് വാങ്ങി നൽകലും നടപ്പാക്കി. ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകിയതിന്റെ കൈപ്പറ്റ് വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്കൂളുകൾ അവ സ്റ്റോക്കിലെടുത്തതിന്റെയോ , വിദ്യാർത്ഥികൾക്ക് നൽകിയതിന്റെയോ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

ദാരിദ്ര്യലഘൂകരണയൂണിറ്റ് പ്രോജക്ട് ഡയറക്ടർ വഴി ലൈഫ് ഭവനപദ്ധതിക്കായി ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ കോളനിവികസനത്തിനായും തുക ചെലവഴിച്ചു. എന്നാൽ വീടുകളുടെ പൂർത്തീകരണം സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല.

സീനിയർ കൃഷി ഓഫീസർ വാലാച്ചിറ സീഡ് ഫാം വഴി നടപ്പാക്കിയ ഫാം തൊഴിലാളികൾക്ക് വിശ്രമമുറിയും ഫാമിന് ഗേറ്റും പദ്ധതിയ്ക്കായി തുക കോസ്റ്റ് ഫോർഡിൽ നിക്ഷേപിച്ചുവെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

തസ്വഭവ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിഭാവനം ചെയ്ത 21പദ്ധതികളിൽ 8എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ മൂന്നിലൊന്ന് മാത്രമാണ് തൻവർഷം നടപ്പാക്കാനായത് . അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിഭാവനം ചെയ്ത 658 പദ്ധതികളിൽ 333 എണ്ണമാണ് തൻവർഷം നടപ്പാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ മാത്രം ആകെ അടങ്കൽ തുകയായ 567323688 രൂപയിൽ 244187683-മാത്രമാണ് .തൻവർഷം പ്രവൃത്തികൾക്ക് ചെലവാക്കിയത്. അതായത് അടങ്കലിന്റെ 43% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥരിൽ ഏറ്റവും കൂടുതൽ പ്രോജക്ടുകൾ മരാമത്ത് പ്രവൃത്തികൾ ആയതിനാൽ മരാമത്ത് വേലകൾ നടപ്പാക്കാനാകാത്തത് ഫണ്ട് ലാപ്സാകുന്നതിനും പ്രധാന കാരണമായി തീരുന്നുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്ഥലത്തിന്റെ കൃത്യമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കൊണ്ട് ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടെയും നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. പ്രോജക്ട് ഫയലുകൾ പ്രത്യേകം പ്രത്യേകം തിരിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പല സ്പിൽ ഓവർ പ്രോജക്ടുകളിലും തൻവർഷത്തെ പ്രോജക്ട് പ്രൊഫോർമകളോ ബിൽ കോപ്പികളോ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മുൻ വർഷത്തെപ്പോലെതന്നെ ഭൂരിഭാഗം മരാമത്ത് വേലകളുടെയും ആകെ വേലയുടെ 75% മാത്രം ലിമിറ്റ് ചെയ്ത് തുക നൽകുന്ന പ്രവണത തൻവർഷവും തുടർന്നു പോന്നിട്ടുണ്ട്. മാത്രമല്ല ഒരു വേല പൂർത്തിയാകും മുമ്പ് തന്നെ അതിന്റെ തുടർച്ചയായുള്ള വേല മറ്റൊരു കരാറുകാരനെ ഏൽപ്പിക്കുന്നതിനായി യഥാസമയം പ്രവൃത്തി പൂർത്തിയാക്കാൻ/ആരംഭിക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. പ്രോജക്ട് 1069/21, 1244/21 എന്നിവ ഇപ്രകാരമുള്ളതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ വിവിധ തീയതികളിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്സ് |
|---|---|---|---|---|
| 1. | 24.02.2021 @ 03:26 PM | 6,170/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 2. | 27.10.2021 @ 03:42 PM | 1,03,140/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 3. | 30.11.2021 @ 02:57 PM | 720/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 4. | 22.12.2021 @ 02:58 PM | 66,050/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 5. | 02.02.2022 @ 02:56 PM | 3,583/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 6. | 23.02.2022 @ 03:03 PM | 2,000/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 7. | 18.03.2022 @ 03:10 PM | ഇല്ല | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 8. | 06.05.2022 @ 03:19 PM | 26,270/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-7 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തിക നിലവിലില്ല. ആയതിനാൽ വാർഷിക കണക്കുകളുടെ തയ്യാറാക്കലിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. തൻവർഷം അഡ്വാൻസ് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഭാഗികമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. രസീതുബുക്കുകളുടെയും സ്റ്റേഷനറികളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. വൗച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് മാത്രമേ വൗച്ചർ എഴുതുന്നുള്ളൂ. വികസനഫണ്ടിൽ നിന്നും മറ്റു ഫണ്ടുകളിൽ നിന്നുമുള്ള പ്രോജക്ട് ചെലവുകൾ അതാത് പ്രോജക്ട് ഫയലുകളിൽ മാത്രമേ സൂക്ഷിയ്ക്കുന്നുള്ളൂ. ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രഡിറ്റ് ചെയ്യുന്നതിന് LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ ഡിസംബർ /20ഒഴികെ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. / തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2021 – 25.10.2021 | 2020-21 | 12/2021 /RPAW/KLM /29.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2019 – 20.07.2019 | 2017-18 2018-19 | LBA(HQ)11/8A-35/2019-20/313/ 09.08.2019 |

## 1-9-1 രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1)വാലാച്ചിറ സീനിയർ കൃഷി ഓഫീസർ, കൊയ്ത്ത് മെതിയന്ത്രം വാടകയായി 30.10.2020-ൽ രസീത് ബുക്ക് 59004 ലെ രസീത് നമ്പർ 91 പ്രകാരം ₹14640/-രൂപ ചെക്കായി സ്വീകരിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ 421480 /24.09.2020).എന്നാൽ പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ അടവാക്കിയതായി രേഖകളിൽ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 27/20-21/04.02.2022) ചെക്ക് റിട്ടേൺ ആയതായും 31.03.2021 ലെ രസീത് നമ്പർ 61/13945 പ്രകാരം ക്യാഷായി ₹14640/- രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കിയതായും അറിയിച്ചിട്ടുണ്ട്.

എന്നാൽ 30.10.2020 ലെ 91/59004 നമ്പർ ഒറിജിനൽ രസീത് ,ക്യാൻസൽ ചെയ്ത ചെക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) കളക്ഷൻ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.

കോഴ കസ്റ്റം ഹയറിംഗ് സെന്ററിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതതയിലുള്ള കുട്ടനാട് പാക്കേജിലെ 16 മെതി യന്ത്രങ്ങളും, ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള 5 മെതി യന്ത്രങ്ങളും ഉണ്ട് .ഇവയുടെ പരിപാലനം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഉത്തരവാദിത്തം ആണ്. കുട്ടനാട് പാക്കേജിലെ മെതി യന്ത്രങ്ങളുടെ വാടക ,ലോറി വാടക എന്നിവ ജില്ലാ പഞ്ചായത്തിൽ നേരിട്ടും ,ജില്ലാ പഞ്ചായത്തിന്റെ മെതി യന്ത്രങ്ങളുടെ വാടക ജില്ലാ പഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൌണ്ടിലും ആണ് അടവാക്കുന്നത് .ഒരോ രസീതിലും രണ്ട് വിഹിതവും ഉൾപ്പെടുമെന്നതിനാൽ കളക്ഷൻ രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ് .

## 1-9-2 സാങ്കേതിക പിഴവ് മൂലം തുക ക്രമപ്പെടുത്തുന്നതിന് താമസം നേരിട്ടു

ജില്ലാ പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും 21.04.2020 തീയതിയിൽ 70,235/- രൂപ ക്യാഷായി സ്വീകരിക്കുകയും, അസി. ഡയറക്ടർ, പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം, മണർകാടിന് 120010100003/21.04.2020 നം. രസീത് നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി തുക, ജില്ലാ പഞ്ചായത്തിന്റെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ 2982000103029819 നം. അകൗണ്ടിൽ 22.04.2020 തീയതിയിൽ ക്രെഡിറ്റിൽ വന്നിട്ടുണ്ട്. എന്നാൽ, 21.04.2020 തീയതിയിലെ ഡേ ബുക്കിൽ ടി തുക പ്രതിഫലിച്ചിട്ടില്ലായിരുന്നുവെന്ന് മാത്രമല്ല, 22.04.2020 തീയതിയിലെ ഡേ ബുക്കിൽ 120010100003 എന്ന രസീത് നമ്പറിൽ തന്നെ മറ്റൊരു തുക (7020/- രൂപ - സീനിയർ അഗ്രികൾച്ചർ ഓഫീസർ, സീഡ് ഫാം, കടുത്തുരുത്തി) റസീപ്റ്റ് ആകുകയും ചെയ്തു. സാങ്കേതിക വിഷയമായതിനാൽ രസീത് നമ്പറിൽ ഉണ്ടായ ഈ ഡ്യൂപ്ലിക്കേഷൻ സംബന്ധിച്ച് സ്ഥാപനം ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഐ.കെ.എം-ന്റെ ടെക്നിക്കൽ സപ്പോർട്ട് ടീമിൽ

നിന്നും 16.01.2021 തീയതിയിൽ ലഭിച്ച ഇ-മെയിൽ പ്രകാരം, 21.04.2020 തീയതിയിലെ ഡേറ്റാ ബേസിൽ യാതൊരു പണമിടപാടും നടന്നിട്ടില്ലായെന്നും, മിസ്സിംഗ് ആയ തുക ഇന്ററപ്റ്റഡ് ആയി റസീപ്റ്റ് ചെയ്യാനും നിർദ്ദേശിച്ചിരുന്നു. അകൗണ്ടിന്റെ പ്രതിമാസ റെക്കൻസിലിയേഷൻ നിർവ്വഹിച്ചുപോരേണ്ടതിനാൽ, 21.04.2020 തീയതിയിൽ സ്വീകരിച്ച 70,235/- രൂപ തൻമാസം (2020 ഏപ്രിൽ) മുതൽ "Directly Credited By Bank" എന്ന രീതിയിലാണ് അകൗണ്ട് ചെയ്തിരുന്നത്. ഈ സാഹചര്യത്തിൽ മുൻകാല തീയതിയിൽ ഇന്ററപ്റ്റഡ് ആയി തുക റസീപ്റ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ, 31.03.2021 തീയതിയിൽ 120010100340 നം. രസീത് പ്രകാരം സാങ്കേതികമായി ഫ്രണ്ട് ഓഫീസിൽ തുക സ്വീകരിച്ച് സാമ്പത്തിക വർഷാന്ത്യത്തിൽ അക്കൗണ്ട് ക്രമപ്പെടുത്തുകയാണുണ്ടായത്. ജില്ലാ പഞ്ചായത്ത്, വിഷയം ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തിയത് ഏത് തീയതിയിലാണെന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. 21.04.2020 തീയതിയിൽ സംഭവിച്ച സാങ്കേതിക അപാകത സംബന്ധിച്ച്, ഐ.കെ.എം-ൽ നിന്നും തുടർ നിർദ്ദേശമടങ്ങിയ ഇ-മെയിൽ സ്ഥാപനത്തിന് ലഭിക്കുന്നത് 16.01.2021 തീയതിയിലാണ്. അപാകത പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-10-1 ഇ-ടെൻഡർ ഫീസ് - തുക പൂർണ്ണമായും ക്രമീകരിച്ചില്ല

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവയുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളിൽ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകകൾ (ഫോറം വില + ജി.എസ്.റ്റി) കോട്ടയം ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കളക്ടറേറ്റ് ശാഖയിലുള്ള 67255971951 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. നാളിതുവരെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ടെൻഡർ ഫീ ഇനത്തിൽ ലഭിച്ച തുക അതത് സ്ഥാപനങ്ങൾക്ക് പൂർണ്ണമായും തിരികെ നൽകാതെ പ്രസ്തുത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഓഡിറ്റ് വർഷം, ഏതാനും സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് വരുന്ന വിവിധ സ്ഥാപനങ്ങളുടെ ടെൻഡർ ഫീ തുകയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി വീക്ഷിക്കുന്നില്ല. ആയതിനാൽ ടെൻഡർ ഫീ അടവാക്കുന്ന സ്ഥാപനങ്ങളും തുകകളും വേർതിരിച്ച് കണക്കാക്കുവാൻ സാധിക്കുന്നില്ല. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, പ്രസ്തുത അക്കൗണ്ടിൽ 01.04.2020 തീയതിയിൽ 1,68,26,326/- രൂപ മുന്നിരിപ്പും, 31.03.2021 തീയതിയിൽ 1,82,24,946/- രൂപ നീക്കിയിരിപ്പും ഉണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2015-16 ഖണ്ഡിക – 2-4, 2016-17 ഖണ്ഡിക - 2-5(1), 2017-18 ഖണ്ഡിക – 2-5, 2018-19 ഖണ്ഡിക- 1-52, 2019-20 ഖണ്ഡിക- 1-10) വിഷയം സംബന്ധിച്ച് പരാമർശം ഉള്ളതാണ്.

കോട്ടയം ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 2020-21 കാലയളവിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് | നടപടിക്രമം നം. / തീയതി | തുക (ടെൻഡർ ഫീ + ജി.എസ്.റ്റി) |
|---|---|---|---|---|
| 1) | കോട്ടയം ജില്ലാ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 04.12.2021<br>ചെക്ക് നം. 010422 | 66550 |

| | | | | |
|---|---|---|---|---|
| 2) | തിടനാട് ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 03.01.2022 ചെക്ക് നം. 010424 | 45598 |
| 3) | കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 03.01.22 ചെക്ക് നം. 010426 | 5600 |
| 4) | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 03.01.2022 ചെക്ക് നം. 010425 | 23800 |
| 5) | വാഴൂർ ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 03.01.2022 ചെക്ക് നം. 010423 | 162292 |
| 6) | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 10.02.2022 ചെക്ക് നം. 010427 | 239056 |
| 7) | ളാലം ബ്ലോക്ക് പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 10.02.2022 ചെക്ക് നം. 010428 | 287258 |
| 8) | തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 10.02.2022 ചെക്ക് നം. 010429 | 9545 |
| 9) | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 10.02.2022 ചെക്ക് നം. 010430 | 284442 |

| | | | | |
|---|---|---|---|---|
| 10) | മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 10.02.2022 ചെക്ക് നം. 010431 | 79615 |
| 11) | ഉദയനാപുരം ഗ്രാമ പഞ്ചായത്ത് | 2020 - 21 | എ.ബി2/ജനറൽ /ഇ.ഇ/എൽ.എസ്.ജി.ഡി /കെ.റ്റി.എം/2021-22/ തീയതി : 10.02.2022 ചെക്ക് നം. 010432 | 148530 |
| | ആകെ തുക | | | 13,52,286/- |

ബന്ധപ്പെട്ട ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകൾക്ക് അർഹമായ തുക കൈമാറാതെ അക്കൗണ്ടിൽ നിലനിർത്തിയിട്ടുള്ളതായും, തുക അക്കൗണ്ടിൽ അവശേഷിച്ചിട്ടും അക്കൗണ്ടിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നതും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ടെൻഡർ ഫീസിനായി പരിപാലിച്ചുവരുന്ന ബന്ധപ്പെട്ട അക്കൗണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണുള്ളതെങ്കിലും, ഇതിൽ നീക്കിയിരിപ്പുള്ള തുക ജില്ലാ പഞ്ചായത്തിന്റെ ബാധ്യത ആയതിനാൽ ടി അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തി ധനകാര്യപത്രികയുടെ ഭാഗമാക്കേണ്ടത് അനിവാര്യമാണ്. ടി വിഷയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 മുതൽ 2019-20 വരെയുള്ള വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ടെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ തുടർ നടപടി ഉണ്ടായിട്ടില്ല. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-10-2 ടെൻഡർ ഫീസിനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ടെൻഡർ ഫീസ് അഗ്രികൾച്ചർ ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും, ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ലഭ്യമാകേണ്ടതിനാൽ, 2020-21 കാലയളവിൽ ലഭ്യമാകേണ്ടിയിരുന്ന തുകകളുടെ വിശദാംശങ്ങൾ (2019-20വരെ ലഭ്യമാകേണ്ടിയിരുന്ന തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ) E-tendering Refund/settlement Details Reportന്റെ പകർപ്പ് സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/2020-21/22.02.2022) മറുപടി ലഭ്യമായിട്ടില്ല. 2020-21 കാലയളവിൽ ലഭ്യമാകേണ്ടിയിരുന്ന തുകകളുടെ വിശദാംശങ്ങൾ (2019-20വരെ ലഭ്യമാകേണ്ടിയിരുന്ന തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ) E-tendering Refund/settlement Details Reportന്റെ പകർപ്പ് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

കോവിഡ് അതിജീവന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ജില്ലാ പഞ്ചായത്തിന്റെ പേരിലുള്ള 2982000103037465 നം. ബാങ്ക് (പഞ്ചാബ് നാഷണൽ ബാങ്ക്, ലോഗോസ് ബ്രാഞ്ച്, കോട്ടയം) അക്കൗണ്ടിൽ 24.05.2021 തീയതിയിൽ ക്രെഡിറ്റ് വന്നിട്ടുള്ള 50,001/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല. കോവിഡ് അതിജീവന പ്രവർത്തനങ്ങൾക്കായി പ്രസ്തുത ബാങ്കിന്റെ സംഭാവനയായി, ബാങ്ക് തുക ക്രെഡിറ്റ് ചെയ്തതായാണ് പരിശോധനാവേളയിൽ സ്ഥാപനം അറിയിച്ചിട്ടുള്ളത്. "TRF FRM OLD ACCOUNT" എന്ന നറേഷനാണ് ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 'OLD ACCOUNT' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ ബാങ്കിന്റെ CSR Activity എന്ന നറേഷനിൽ 10.05.2021 തീയതിയിൽ 50,000/- രൂപയുടെ മറ്റൊരു ക്രെഡിറ്റുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 24.05.2021 തീയതിയിലെ 50,001/- രൂപയുടെ ക്രെഡിറ്റ്

സംബന്ധിച്ച് ബാങ്കിൽ നിന്നും സ്ഥാപനത്തിന് യാതൊരു കത്തിടപാടുകളും അറിയിപ്പും ഉണ്ടായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ബാങ്കുമായി ബന്ധപ്പെട്ട് 24.05.2021 തീയതിയിൽ ക്രെഡിറ്റ് വന്നിട്ടുള്ള 50,001/- രൂപയുടെ വിശദാംശങ്ങൾ, ബാങ്കിൽ നിന്നുമുള്ള കത്ത്, സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 പ്ലാൻ ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല

നിക്ഷേപ പ്രവൃത്തികളുടെ ഭാഗമായി വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകളടക്കം വിവിധ പ്ലാൻ ഫണ്ട് ചെലവുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്താതെ തുടർനടപടികൾ സ്വീകരിക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. തനത് ഫണ്ട് ചെലവുകളുടെ വിശദാംശങ്ങളാണ് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നത്. പ്രസ്തുത അപാകത 2019-20 റിപ്പോർട്ടിൽ (ഖ. 1-12) ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും, സ്ഥാപനം നാളിതുവരെ നടപടികളൊന്നും സ്വീകരിക്കാതെ തൽസ്ഥിതി തുടരുകയാണ്. പ്ലാൻ ഫണ്ട് ചെലവുകളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സമർപ്പിക്കുന്ന ബില്ലുകളുടെ കോപ്പി മാത്രമാണ് ജില്ലാ പഞ്ചായത്തിലുള്ളത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക്, ഓൺലൈൻ അലോട്ടമെന്റ് സംവിധാനം നിലവിലുള്ളതിനാൽ പ്രസിഡന്റ്, സെക്രട്ടറി, അക്കൗണ്ടന്റ് ലോഗിൻ മുഖാന്തിരം അപ്രൂവ് ചെയ്യുക മാത്രമാണ് ചെയ്യുന്നത്. ആയതിനാൽ ടി ഫണ്ടുകൾ അപ്രൂവ് ചെയ്യുമ്പോൾ, റിക്വസിഷൻ നം. അപ്രൂവൽ നം. തീയതി, നിർവ്വഹണ ഉദ്യോഗസ്ഥൻ, തുക, ഫണ്ട് ഇനം, ചെലവ് ഇനം എന്ന രീതിയിൽ ക്രമമായി ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതെ, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സമർപ്പിക്കുന്ന ബില്ലുകളുടെ വിശദാശങ്ങൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ എല്ലാവിധ ചെലവ് വിശദാംശങ്ങളും അതത് സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന ബിൽ രജിസ്റ്ററിന്റെ ഭാഗമാക്കേണ്ടതാണ്.

## 1-13 കോഴ ജില്ലാ കൃഷി തോട്ടം - ജി.എസ്.റ്റി റിട്ടേൺ ഫയൽ ചെയ്തില്ല

കോഴ ജില്ലാ കൃഷി തോട്ടത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ടുള്ള പരിശോധനയിൽ, നികുതി ഒടുക്കിയിട്ടുള്ളതായി ലഭ്യമാക്കിയ രജിസ്റ്ററുകളിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും, തുടർ പരിശോധനയ്ക്കായി സ്ഥാപനത്തിന്റെ ടി കാലയളവിലെ ജി.എസ്.റ്റി റിട്ടേൺ വിവരങ്ങൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/2020-21/05.02.2022) ടെൻഡർ ഫോം വില്പനയുമായി ബന്ധപ്പെട്ട് 1260/- രൂപ 30.03.2022 തീയതിയിൽ അടവാക്കിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം വില്പന നടത്തുന്ന വിവിധ കാർഷിക ഉല്പന്നകളുമായി ബന്ധപ്പെട്ടുള്ള റിട്ടേൺ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് വർഷത്തിലെ ജി.എസ്.റ്റി. റിട്ടേൺ സംബന്ധിച്ച പൂർണ്ണ വിശദാംശങ്ങൾ, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 കോവിഡ് അതിജീവന പ്രവർത്തനങ്ങൾക്കായി 7,58,621/- രൂപ ചെലവഴിച്ചു

കോവിഡ് അതിജീവന പ്രവർത്തനങ്ങളുടെ ഭാഗമായി CFLTC (Covid First Line Treatment Center) കോൺട്രിബ്യൂഷൻ എന്ന ഇനത്തിൽ 'പാറയിൽ എക്സ്പോർട്ടേഴ്സ്' എന്ന സ്ഥാപനത്തിന്റെ 2,00,000/- രൂപ 04.05.2021 തീയതിയിലെ 734356 നം. ചെക്ക് (എസ്.ബി.ഐ - പാലാ) പ്രകാരം ജില്ലാ പഞ്ചായത്തിന്റെ പേരിലുള്ള 2982000103037465 നം. ബാങ്ക് (പഞ്ചാബ് നാഷണൽ ബാങ്ക്) അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുള്ളത്, 2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായുള്ള രസീത് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 31.12.2021 വരെയുള്ള കാലയളവിൽ കോവിഡ് അതിജീവന പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള വിവിധ സർക്കാർ ഗ്രാന്റുകൾ, വ്യക്തികൾ / സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിച്ച ഫണ്ടുകൾ, വിവിധ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളുടെ CSR (Corporate Social Responsibility) ഫണ്ടുകൾ ഉൾപ്പെടെയുള്ള തുകകൾ എന്നിവയുടെ

വിശദ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/2020-21 /05.02.2022) മറുപടി ലഭിച്ചിട്ടുണ്ട്. കോവിഡ് അതിജീവന പ്രവർത്തനങ്ങൾക്കായി 31.12.2021 വരെയുള്ള കാലയളവിൽ, വിവിധ സ്ഥാപനങ്ങളിൽ നിന്നും 3,00,001/- രൂപയും ജില്ലാ കളക്ടറുടെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നുമുള്ള 5,00,000/- രൂപയും ഉൾപ്പെടെ 8,00,001/- രൂപ ലഭിച്ചതിൽ, 7,58,621/- രൂപ, കോവിഡ് അതിജീവന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥാപനം ലഭ്യമാക്കിയ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ /വ്യക്തിയുടെ പേര് | ഫണ്ട് ഇനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1) | ജില്ലാ കളക്ടർ, കോട്ടയം | ദുരന്ത നിവാരണ ഫണ്ട് | 24.07.2021 | 500000 | 466223 | 33777 |
| 2) | പാറയിൽ എക്സ്പോർട്ടേഴ്സ് | സംഭാവന | 04.05.2021 | 200000 | 292398 | 8877 |
| 3) | പഞ്ചാബ് നാഷണൽ ബാങ്ക്, ലോഗോസ് ബ്രാഞ്ച്, കോട്ടയം | CSR Activity | 10.05.2021 | 50000 | | |
| | | Trf From Old Account | 24.05.2021 | 50001 | | |
| | ആകെ | | | 800001 | 758621 | 42654 |

## 1-15 കമ്പ്യൂട്ടർവത്ക്കരണവും സേവനം മെച്ചപ്പെടുത്തലും പദ്ധതി-വിവരങ്ങൾ പൂർണമല്ല.

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് ( നം. 672/21 ) പ്രകാരം ഓൺലൈൻ സർക്കാർ പോർട്ടൽ വഴി വികസനഫണ്ടിൽ (ജനറൽ) നിന്നും 280903 – രൂപ ( Bill No.01/21/PN672/24-04-20 ) ചെലവഴിച്ച് 7 കമ്പ്യൂട്ടറുകൾ യുപിഎസ് ഉൾപ്പെടെ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഫയലിൽ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് 5 എണ്ണത്തിന്റെ മാത്രമേയുള്ളൂ. സ്റ്റോക്ക് രജിസ്റ്ററിലും കമ്പ്യൂട്ടർ നം ഉൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ ചേർത്തിട്ടില്ല. കമ്പ്യൂട്ടർ എവിടെയൊക്കെ സ്ഥാപിച്ചു എന്നതുൾപ്പെടെ ഇൻസ്റ്റലേഷന്റെ പൂർണവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം . 22/15-01-22 ) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 280903/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 1,07,50,000/- രൂപ അടങ്കൽ തുകയുടെ പദ്ധതിയിൽ തുടർനടപടികളില്ല

കോട്ടയം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനും, രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും രോഗികളെയും രോഗത്തേയും കുറിച്ച് ജനങ്ങളുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുന്നതിനും, ചികിത്സ ഉറപ്പുവരുത്തുന്നതിനും ക്യാൻസർ മൂലമുള്ള മരണനിരക്ക് കുറക്കുന്നതിനുമായി, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'CAN KOTTAYAM - FIT KOTTAYAM' എന്ന പ്രോജക്ടിന് (പ്രോജക്ട് നം. 355/2021), 26.02.2021 തീയതിയിലെ G.O(Rt) No. 631/2021/LSGD നം. പ്രകാരം സർക്കാർ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ടി പ്രോജക്ടിന്, വിവിധ ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമായി 71,00,000/- രൂപയും, വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി 16,50,000/- രൂപയും, വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ടിനത്തിൽ 5,00,000/- രൂപയും,

മുനിസിപ്പാലിറ്റി വിഹിതമായി 15,00,000/- രൂപയും ഉൾപ്പെടെ ആകെ 1,07,50,000/- രൂപയായ (ഒരു കോടി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അടങ്കൽ തുകയിൽ, ഓഡിറ്റ് വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതി പ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ജില്ലാ പഞ്ചായത്ത് സ്വരൂപിച്ച് തുക Kerala Medical Services Corporation Ltd (KMSCL)- ൽ ഡിപ്പോസിറ്റ് ചെയ്ത്, KMSCL മുഖേന കൊബാൾട്ട് റേഡിയേഷൻ മെഷീൻ ലഭ്യമാക്കി, പാലാ ജനറൽ ആശുപത്രിയിൽ സ്ഥാപിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ടിൽ (A/c No: 2982000103035379) വിവിധ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 തീയതി വരെയുള്ള കാലയളവിൽ 29,20,723/- രൂപ സ്വീകരിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ 31.03.2021 തീയതിയിൽ 2918658.35/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ തൻവർഷം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണമായും തുക സ്വരൂപിക്കുകയോ KMSCL -ൽ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. തുടർ വർഷം പദ്ധതിനിർവ്വഹണത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും, പദ്ധതി പാലാ ജനറൽ ആശുപത്രിയിൽ കേന്ദ്രീകരിക്കാനുണ്ടായ കാരണം സംബന്ധിച്ചും, പദ്ധതിയുടെ നിജസ്ഥിതി സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/2020-21/15.01.2022) മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപനം 20.01.2022 തീയതിയിൽ ലഭ്യമാക്കിയിട്ടുള്ള മറുപടി പ്രകാരം, ടി പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിഹിതമായി 37 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതായും, ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിഹിതം നൽകാത്തതിനാൽ മെഷീന് ആവശ്യമായ തുക KMSCL-ൽ നിക്ഷേപം നടത്തി 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണം നടത്തുവാൻ കഴിഞ്ഞില്ലെന്നും, പദ്ധതിയ്ക്ക് ആവശ്യമായ തുക കണ്ടെത്തി നടപ്പുവർഷം തന്നെ പദ്ധതി നിർവ്വഹണത്തിനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും, കൊബാൾട്ട് റേഡിയേഷൻ മെഷീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പാലാ ജനറൽ ആശുപത്രിയിൽ ലഭ്യമാണെന്നതിനാലുമാണ് പദ്ധതി പാലായിൽ കേന്ദ്രീകരിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഒരു കോടി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ അടങ്കൽ തുകയിൽ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ടി പദ്ധതി, 2021-22 വർഷത്തിൽ സ്പിൽ ഓവറായി തുടരുകയും, ഏകദേശം സാമ്പത്തിക വർഷാന്ത്യത്തിൽ (20.01.2022 തീയതിയിൽ) പദ്ധതി നിർവ്വഹണത്തിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിഹിതമായി ലഭിച്ചത് 37 ലക്ഷം രൂപ മാത്രമാണ്. നാളിതുവരെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിഹിതം നൽകാത്തതിനാൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ തുക നിക്ഷേപിച്ച് പദ്ധതിയുമായി മുൻപോട്ടുപോകുവാൻ സാധിച്ചില്ലായെന്ന് മറുപടിയിൽ സൂചിപ്പിക്കുമ്പോൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വിഹിതം നൽകാതിരിക്കുന്നതിനുള്ള സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഒരു കോടി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ അടങ്കൽ തുകയിൽ ഒരു പദ്ധതി ഏറ്റെടുക്കുമ്പോൾ, പദ്ധതിയുടെ ധനസമാഹരണം, നിർവ്വഹണം തുടങ്ങിയവ സംബന്ധിച്ച് ആഴത്തിലുള്ള പഠനമോ, ചർച്ചയോ, ആസൂത്രണമോ നടത്തിയിട്ടുള്ളതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വരൂപിക്കവേ, അതത് സ്ഥാപന പരിധിയിൽ വസിക്കുന്ന രോഗാവസ്ഥയിലുള്ള ഒരാളുടെ യാത്രാദൈർഘ്യം പരിഗണിക്കുമ്പോൾ പാലാ ജനറൽ ആശുപത്രി തന്നെയാണോ ഉചിതം എന്നതും, കൊബാൾട്ട് റേഡിയേഷൻ മെഷീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മറ്റിടങ്ങളിൽ ഏറ്റവും അനുയോജ്യമായി ലഭ്യമാണോയെന്ന സാധ്യത സംബന്ധിച്ചും, ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ചകളോ വിലയിരുത്തലുകളോ നടന്നതായി പ്രോജക്ട് ഫയലിൽ നിന്നും വ്യക്തമല്ല. പദ്ധതിയുടെ റിവിഷൻ (ഉണ്ടായിട്ടുണ്ടെങ്കിൽ), തുടർനിർവ്വഹണം, പൂർത്തീകരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ തുടങ്ങിയവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-17 സുഭിക്ഷ കേരളം - വിത്ത് നടീൽ വസ്തുക്കളുടെ വിതരണം - പദ്ധതിയിൽ അപാകത

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള, സുഭിക്ഷ കേരളം - വിത്ത് നടീൽ വസ്തുക്കളുടെ വിതരണം - സുഫലം പദ്ധതിയുമായി (പ്രോജക്ട് നം. 887/2021) ബന്ധപ്പെട്ട്, 5,00,000/- രൂപ ധനകാര്യ കമ്മീഷൻ (CFC) ഫണ്ടിനത്തിലും, വിവിധ ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമിനത്തിൽ 25,00,000/- രൂപയും ഉൾപ്പെടെ ആകെ 30,00,000/- രൂപ അടങ്കൽ തുക വകയിരുത്തിയിരുന്നു. പ്രോജക്ടിന്റെ ഭാഗമായി, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഓൺലൈൻ ഫണ്ട് റിക്വസിഷൻ (നം. 5050500201200016/ 02.11.2020) ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 1,00,000/- രൂപ ധനകാര്യ കമ്മീഷൻ (CFC) ഫണ്ടിൽ നിന്നും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2020 തീയതിയിലെ സി 2/2580/2020 നം. ഉത്തരവ് പ്രകാരം ഓൺലൈൻ അലോട്ട്മെന്റ് മുഖേന ടി ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുള്ളതാണ്.

പിന്നീട് വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിൽ 10,00,000/- രൂപയും, വിവിധ ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമിനത്തിൽ 25,00,000/- രൂപയും ഉൾപ്പെടെ ആകെ 35,00,000/- രൂപ അടങ്കലിൽ പദ്ധതി റിവൈസ് ചെയ്തു. തുടർന്ന് 8 ഗ്രാമ പഞ്ചായത്തുകളിലെ ബന്ധപ്പെട്ട കൃഷി ഓഫിസർമാരുടെ ഓൺലൈൻ ഫണ്ട് റിക്വസിഷൻ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകുകയും വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം ഇനത്തിൽ 9,00,000/- രൂപ ചെലവഴിക്കുകയും ചെയ്തു. വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം ഫണ്ടിനത്തിലുള്ള ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 943/22.02.21 | 100000 |
| 2 | 944/22.02.21 | 300000 |
| 3 | 1057/06.03.21 | 150000 |
| 4 | 1081/10.03.21 | 100000 |
| 5 | 1213//26.03.21 | 100000 |
| 6 | 1215/26.03.21 | 100000 |
| 7 | 1254/27.03.21 | 50000 |
| | ആകെ | 900000 |

എന്നാൽ സുലേഖ ചെലവ് പത്രികയിൽ ധനകാര്യ കമ്മീഷൻ (CFC) ഫണ്ടിൽ നിന്നുമുള്ള 1,00,000/- രൂപയുടെ ചെലവ് വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല. പ്രോജക്ടിൽ ആദ്യം 5,00,000/- രൂപ ധനകാര്യ കമ്മീഷൻ (CFC) ഫണ്ടിനത്തിൽ അടങ്കൽ വകയിരുത്തുകയും, 1,00,000/- രൂപ ചെലവഴിക്കുകയും ചെയ്തതിനു ശേഷം പദ്ധതി റിവൈസ് ചെയ്ത് ധനകാര്യ കമ്മീഷൻ (CFC) ഫണ്ടിന് പകരം വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിൽ 10,00,000/- രൂപ അടങ്കൽ വകയിരുത്തി ഫണ്ടിനത്തിൽ മാറ്റം വരുത്തിയിരിക്കുന്നു. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാപഞ്ചായത്ത് വിഹിതം നിശ്ചയിച്ചതിനുള്ള മാനദണ്ഡം സംബന്ധിച്ചും, സുലേഖ പത്രികയിലെ ചെലവ് വിവരങ്ങളിലുള്ള അവ്യക്തതയും, ഫണ്ടിനത്തിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ലാത്തതിനാൽ, കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പ് ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/2020-21/03.01.2022) മറുപടി ലഭ്യമായിട്ടില്ല. ക്രമപ്രകാരമല്ലാതെയുള്ള ടി പദ്ധതിയിന്മേലുള്ള തുടർനടപടികളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ, പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം ഇനത്തിലുള്ള 9,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് തീറ്റ വാങ്ങൽ- ചെലവ് വിവരങ്ങളിൽ വ്യത്യാസം

പ്രോജക്ട് നമ്പർ : 179/21

പ്രോജക്ടിന്റെ പേര് : മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് തീറ്റ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് ഡയറക്ടർ, റീജിണൽ പോൾട്രി ഫാം.

മേൽ പറഞ്ഞ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ചെലവ് വിവരങ്ങൾ IKM ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

IKM ചെലവ് പത്രിക പ്രകാരം ഉള്ള ചെലവിന്റെ വിശദാംശങ്ങളും,പരിശോധനയ്ക്കായി ലഭിച്ച ഫയൽ പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | IKM പത്രിക പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| വികസന ഫണ്ട് | 12,00,000/- | 0 | 0 | - |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 1493324 | 1493324 | 1493324 | 376/12.08.2021<br>377/12.08.2020<br>498/12.10.2020<br>499/12.10.2020<br>500/12.10.2020<br>501/12.10.2020 |
| തനത് ഫണ്ട് | 0 | 901085 | 277712<br>298284<br>301666<br>311204<br>357464<br>265909<br>317470<br>ആകെ<br>21,29,709 | 769/11.01.2021<br>770/11.01.2021<br>771/11.01.2021<br>772/11.01.2021<br>863/29.01.2021<br>864/29.01.2021<br>865/29.01.2021 |
| ആകെ | 2693324 | 2394409 | 3623033 | |

IKM ചെലവ് പത്രിക പ്രകാരം തനത് ഫണ്ട് മേൽ പ്രോജക്ടിനായി വകയിരുത്തിയിട്ടില്ല.എങ്കിലും 9,01,085/- ചെലവഴിച്ചിട്ടുണ്ട്.
യഥാർത്ഥ തനത് ഫണ്ട് ചെലവ് 21,29,709/-യാണ്.ഈ അപാകതകളുടെ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ട് 27.07.21-ൽ 3/20-21ആയി നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-19 ഭവന നിർമ്മാണ പ്രോജക്ട് പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ :1521/2021

പ്രോജക്ടിന്റെ പേര്:എട്ട് മുറി സമഗ്ര വികസനം

അടങ്കൽ :8,00,000/-(വികസന ഫണ്ട് (ടി.എസ്.പി)

ചെലവ്: 40,000/-(ബിൽ നമ്പർ/തീയതി :1164/20.03.2021)

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ വിഭാഗം.
മേൽ ഭവന നിർമ്മാണ പ്രോജക്ടിലേക്ക് രണ്ട് ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.അതിൽ ഒരു ഗുണഭോക്താവിന് മാത്രം (കുഞ്ഞപ്പൻ,എട്ട് മുറി ,എസ് പുരം,കുറിച്ചി)ഒന്നാം ഗഡുവായി 40,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാമത്തെ ഗുണഭോക്താവിന് ധനസഹായം ലഭിച്ചിട്ടില്ല.

ആയത് സംബന്ധിച്ച് 7/20-21/28.07.2021 പ്രകാരം നൽകിയ അന്വേഷണ കുറിപ്പിന് രണ്ടാം ഗുണഭോക്താവിന് സ്ഥല ലഭ്യത സംബന്ധിച്ച് തടസ്സങ്ങൾ ഉണ്ട്.അതിനായി തുടർനടപടി സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.കൂടാതെ സ്പിൽ ഓവർ പ്രോജക്ടായി 2021-2022 വർഷത്തെ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 വാലാച്ചിറ സീഡ് ഫാം- തൊഴിലാളികൾക്ക് വിശ്രമമുറിയും ഫാമിന് ഗേറ്റും- പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല

2020-21 വർഷം സീനിയർ അഗ്രികൾച്ചറൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പ്രോജക്ടിൽ (നം. 1416/21) വർഷങ്ങളായി പൊട്ടിപ്പൊളിഞ്ഞു കിടന്നിരുന്ന ഫാമിന്റെ പ്രവേശനകവാടം പുനരുദ്ധരിക്കുക, ഫാമിലെ തൊഴിലാളികൾക്ക് സുസജ്ജമായ വിശ്രമകേന്ദ്രം സ്ഥാപിക്കുക എന്നിവയാണ് ലക്ഷ്യം വെച്ചിരുന്നത്. അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ് ആണ് നിർമ്മാണപ്രവർത്തനം ഏറ്റെടുത്തത്. മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം ) നിന്നും 25 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് 19-08-20 ൽ ഭരണാനുമതിയും 06-08-20 ൽ സാങ്കേതികാനുമതിയും ലഭ്യമാക്കി 16-09-20 ൽ കോസ്റ്റ് ഫോർഡുമായി കരാറും, 17-09-20 ൽ സൈറ്റും കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സുലേഖ ചെലവ് പത്രിക പ്രകാരം 1416/21 എന്ന പ്രോജക്ട് ആണ് ഫാം മെയിന്റനൻസ് എന്നാൽ 370/21, 1416/21എന്നീ രണ്ടു പ്രോജക്ടുകളാണ് കരാർ പ്രകാരം ഫാം മെയിന്റനൻസ്. സുലേഖ ചെലവ് പത്രികയിൽ സീനിയർ കൃഷി ഓഫീസർക്ക് 370/21 എന്ന പ്രോജക്ടില്ല. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ 370/21 എന്ന പ്രോജക്ടാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് 25 ലക്ഷം അടങ്കലിൽ ഉള്ള ഇതേ പ്രോജക്ടാണ്. ചെലവ് പത്രികയിൽ സൂചിപ്പിച്ചിരിക്കുന്ന 1416/21 നം പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല ഒരേ വിഷയത്തിലും അടങ്കലിലും രണ്ടു പ്രോജക്ടുകൾ എപ്രകാരമെന്നത് വ്യക്തമല്ല.

2) കരാർ നിബന്ധന പ്രകാരം 17-09-20 ൽ സൈറ്റ് കൈമാറി 20% തുകയായ 500000-(BILL NO. 2008015202730052/ 24-09-20 ) മുൻകൂറായി കോസ്റ്റ് ഫോർഡിന് നൽകി. 8 മാസമാണ് കരാർ കാലാവധി (16-05-21 വരെ ). എന്നാൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

3) സൈറ്റ് കൈമാറി നാലു മാസങ്ങൾക്ക് ശേഷം ലഭിച്ച , നിലവിൽ സ്ട്രക്ചർ നിർമ്മാണം വരെ മാത്രം പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള പാർട്ട് ബിൽ പ്രകാരം നികുതികളും സൂപ്പർവിഷൻ ചാർജ്ജുമുൾപ്പെടെ 578774/-രൂപയുടെ ബിൽ കോസ്റ്റ് ഫോർഡ് സമർപ്പിച്ചിട്ടുണ്ടെങ്കിലും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ നികുതികൾ, സൂപ്പർവിഷൻ ചാർജ് ഒഴികെയുള്ള 474122/- രൂപ നൽകുന്നതിനാണ് ശുപാർശ ചെയ്തത്. എന്നാൽ കോസ്റ്റ് ഫോർഡുമായി തർക്കങ്ങൾ മൂലം നാളിതുവരെ തുക നൽകുകയോ നൽകിയ മുൻകൂറിൽ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

4) വീണ്ടും തുക നൽകാതെ പണി പൂർത്തിയാക്കാനാവില്ലെന്ന കോസ്റ്റ് ഫോർഡിന്റെ നിലപാടും കരാർ

കാലാവധി അവസാനിച്ച സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് അധികൃതർ ഇക്കാര്യത്തിൽ തീരുമാനമെടുക്കട്ടെ എന്ന നിർവ്വഹണോദ്യോഗസ്ഥന്റെ നിലപാട് മൂലവും നിർമ്മാണം ഏതാണ്ട് നിലച്ച അവസ്ഥയിലാണ്.

അപാകതകൾക്ക് വിശദീകരണവും, ആവശ്യമായ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം .8/20-21 തീയതി 14-09-21) നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മുൻകൂറായി നൽകിയ 500000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നൽകിയ തുക പാഴ്ചെലവാകാതിരിയ്ക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-21 പാമ്പാടി വെള്ളൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ -ലാപ്പ് ടോപ്പ് വാങ്ങിയതിൽ സർക്കാർ ഉത്തരവ് പാലിച്ചില്ല.

പ്രോജക്ട് നമ്പർ : 493/2021

പ്രോജക്ടിന്റെ പേര് : പാമ്പാടി വെള്ളൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ -ഫർണിച്ചറും വിവിധ ലാബിലേക്കുള്ള സാധനങ്ങൾ വാങ്ങൽ

അടങ്കൽ :4,00,000/-(മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് )

ചെലവ് :3,81,202/-( ബിൽ നം. 1205/25-03-21)

നിർവ്വഹണോദ്യോഗസ്ഥൻ :പ്രിൻസിപ്പൽ , വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പാമ്പാടി വെള്ളൂർ

പാമ്പാടി വെള്ളൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ -ഫർണിച്ചറും വിവിധ ലാബിലേക്കുള്ള സാധനങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്നും 2,42,302/-രൂപയുടെ ഫർണിച്ചറും ,ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സൺ ഇൻഫോ സിസ്റ്റംസിൽ നിന്നും 46,300/- രൂപ നിരക്കിൽ ആകെ 1,38,900/- ചെലവഴിച്ച് മൂന്ന് ലാപ്പ് ടോപ്പ് കമ്പ്യൂട്ടറും വാങ്ങിയിട്ടുണ്ട്(ബിൽ നം.1205/25-03-21) 24.02.2021ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 16 പ്രകാരം ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1)18.03.2019 ലെ IT Cell1/26/2019/വി.സ.വ ഉത്തരവ് പ്രകാരം CPRCS പോർട്ടലിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന നിഷ്കർഷ പാലിച്ചതായി കാണുന്നില്ല.

2)മൂന്ന് ലാപ്പ് ടോപ്പ് വാങ്ങിയെങ്കിലും ഇൻസ്റ്റലേഷൻ റിപ്പോർട്ട് ,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

3)27.09.2019 ലെ സ.ഉ (സാധാ)നം.3847/2019/പൊവിവ ഉത്തരവിന്റെ അനുബന്ധത്തിൽ CPRCS പോർട്ടലിൽ ലഭ്യമായ വിവിധ സ്പെസിഫിക്കേഷനിലുള്ള ലാപ്പ് ടോപ്പുകളുടെ പരമാവധി വില നൽകിയിട്ടുണ്ട്. വാങ്ങിയ ലാപ്പ് ടോപ്പ് ഏതെങ്കിലും പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ളതാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ ഐ.ടി പ്രോപ്പോസലുകൾ സ്കൂളുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കാനായി പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളോ ,പൊതു മേഖലാ സ്ഥാപനങ്ങളോ സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി പരിഗണിക്കുവാൻ പാടുള്ളതല്ല. CPRCS സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഐ.ടി ഉപകരണങ്ങൾ ഇതര മാർഗ്ഗങ്ങളിലൂടെ കൂടിയ വിലയ്ക്ക് വാങ്ങുകയാണെങ്കിൽ അധികം നൽകേണ്ടി വരുന്ന വില പർച്ചേഴ്സിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കാവുന്നതാണെന്നും ഉത്തരവിൽ പറയുന്നുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (10 /20-21 തീയതി : 25.09.2021) മറുപടി ലഭിച്ചിട്ടില്ല.

CPRCS പോർട്ടലിൽ ലഭ്യമായ Medium End Windows Home ലാപ്പ് ടോപ്പിന്റെ പരമാവധി വില 28404/- രൂപയാണ്. ലാപ്പ് ടോപ്പുകളുടെ പരമാവധി വിലയിൽ നിന്നും അധികരിച്ച് 3x46300-3x28404=53688/-

രൂപ ചെലവഴിച്ചിട്ടുണ്ട്.

CPRCS പോർട്ടലിൽ ലഭ്യമായ ലാപ്പ് ടോപ്പുകളുടെ പരമാവധി വിലയിൽ നിന്നും അധികരിച്ച് ചെലവഴിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച 53688/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ഗവ.വി.എച്ച്.എസ്.എസ്.(റ്റി.എച്ച്.എസ്)വെള്ളൂർ പാമ്പാടിയിലേക്ക് കൂടിയ നിരക്കിൽ പ്രിന്റർ വാങ്ങി

പ്രോജക്ട് നമ്പർ : 711/2021

പ്രോജക്ടിന്റെ പേര് : പാമ്പാടി ഡിവിഷൻ ഗവ.വി.എച്ച്.എസ്.എസ്. (റ്റി.എച്ച്.എസ്)വെള്ളൂർ പാമ്പാടിയിലേക്ക് ലാബ് ഉപകരണങ്ങളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ :3,50,000/-(വികസന ഫണ്ട് (ജനറൽ)

ചെലവ് :3,32,719/- (ബിൽ നം. 1/20-21/24-04-2020)

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പൽ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പാമ്പാടി, വെള്ളൂർ

പാമ്പാടി ഡിവിഷൻ ഗവ.വി.എച്ച്.എസ്.എസ്.(റ്റി.എച്ച്.എസ്)വെള്ളൂർ പാമ്പാടിലേക്ക് ലാബ് ഉപകരണങ്ങളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (Project No:711/2021)പ്രകാരം ലാബ് ഉപകരണങ്ങൾ,എ.സി,മൈക്ക്,
പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്.ഇതിൽ പ്രിന്റർ Inkjet A3 Size With Ink Tank Printer (All In One Colour Wireless Ink Tank Printer ) വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും മൂന്ന് ക്വട്ടേഷൻ ലഭിച്ചതിൽ Avalon Systems & Services-ന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു.കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കമ്പനിയുടെ ക്വട്ടേഷൻ അല്ല അംഗീകരിച്ചത്. ടാബുലേഷൻ ഷീറ്റ് പരിശോധിച്ചതിൽ Avalon Systems & Servicesന്റെ Brother MFC 4500DW പ്രിന്ററിന് അഞ്ച് വർഷ വാറണ്ടി ഉള്ളതിനാൽ ആണ് മേൽ ക്വട്ടേഷൻ അംഗീകരിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എഗ്രിമെന്റിൽ ഇവർ ഒരു വർഷത്തെ വാറണ്ടിയാണ് നൽകിയിരിക്കുന്നത്. ഇൻവോയ്സിൽ നിന്നും (Inv No:B1834/31.03.2020) ജി.എസ്.ടി ഉൾപ്പടെ 65000/-രൂപ ചെലവഴിച്ച് (ബിൽ നം. 1/20-21/24-04-2020) Brother MFC 4500DW Printer വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1)18.03.2019 ലെ IT Cell 1/26/2019/വി.സ.വ ഉത്തരവ് പ്രകാരം CPRCS പോർട്ടലിലൂടെ മാത്രമേ പ്രിന്റർ ഉൾപ്പടെ ഉള്ള ഐ.ടി സാമഗ്രികൾ വാങ്ങാൻ പാടുള്ളൂ എന്ന നിഷ്കർഷ പാലിച്ചതായി കാണുന്നില്ല.

2)കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കമ്പനിയുടെ ക്വട്ടേഷൻ അല്ല അംഗീകരിച്ചത്. Sun Info System ഇതേ സ്പെസിഫിക്കേഷനിൽ ഉള്ള പ്രിന്ററിന് ജി.എസ്.ടി ഉൾപ്പടെ 54390/- ആണ് ക്വോട്ട് ചെയ്തിട്ടുള്ളത്.

3)ടെണ്ടർ ടാബുലേഷൻ ഷീറ്റിൽ പ്രിന്ററിന് അഞ്ച് വർഷം വാറണ്ടി ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനുള്ള അനുബന്ധ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (10 /20-21 തീയതി : 25.09.2021) മറുപടി ലഭിച്ചിട്ടില്ല.

പ്രിന്റർ വാങ്ങുന്നതിനായി അധികം ചെലവഴിച്ച 65000-54390=10610/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 സ്കൂൾ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 2020-21 വർഷം നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ബന്ധപ്പെട്ട സ്കൂളുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക/ ബിൽ നമ്പർ | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 681/21 തലയാഴം ഡിവിഷൻ -വിവിധ സ്കൂളുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ | 900000/- (BILL NO.34,35/20-21 /26-05-2020) | വികസന ഫണ്ട് (ജനറൽ) | ആർട്ട്ക്കോയിൽ നിന്നും വാങ്ങിയ ഫർണിച്ചർ സ്കൂളുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2 | 688/21 തലയാഴം ഡിവിഷൻ -വിവിധ സ്കൂളുകളിൽ ഫർണിച്ചർ വാങ്ങി നൽകൽ | 500000/- (BILL NO.36/20-21 /26-05-2020) | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | വാങ്ങിയ ഫർണിച്ചർ സ്കൂൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | 747/21 തലയാഴം ഡിവിഷൻ -വിവിധ സർക്കാർ സ്കൂളുകളിലേക്ക് ലാപ്പ് ടോപ്പ്,പ്രിന്റർ വാങ്ങൽ | 214814/- (BILL NO.65/20-21 /25-01-2021) | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | വാങ്ങിയ ഫർണിച്ചർ സ്കൂളുകൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | 748/21 എരുമേലി ഡിവിഷൻ -വിവിധ സ്കൂളുകളി ലേക്ക് ഫർണിച്ചർ വാങ്ങൽ | 700000/- (BILL NO.45/20-21 /26-05-2020 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | വാങ്ങിയ ഫർണിച്ചർ സ്കൂളുകൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | 753/21 കുമരകം ഡിവിഷൻ- വിവിധ സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ | 10,00,000/- ( BILL NO.48/20-21 /12-06-20) | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | വാങ്ങിയ ഫർണിച്ചർ സ്കൂളുകൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | 754/21 വൈക്കം ഡിവിഷൻ- വിവിധ സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ | 594158/- ( BILL NO.49/20-21 /17-06-20) | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | വാങ്ങിയ ഫർണിച്ചർ സ്കൂളുകൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | 755/21 കുലശേഖര മംഗലം ഹയർ സെക്കണ്ടറി | 192000/- (BILL | മെയിന്റനൻസ് ഫണ്ട് (നോൺ | KSIE യുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കി |

| | | | | |
|---|---|---|---|---|
| | സ്കൂളിൽ ലാപ്പ് ടോപ്പ് വാങ്ങൽ | NO.57/20-21 /28-09-2020) | റോഡ്) | യിട്ടില്ല. |
| 8 | 758/21 തൃക്കൊടിത്താനം ഗവ.എച്ച്.എസ്.എസ് -ന് ഫർണിച്ചർ വാങ്ങൽ | 700000/- 148910 ആകെ 848910/- (BILL NO.58,59/20-21 /28-09-2020) | വികസന ഫണ്ട് (ജനറൽ), മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | കാഡ്കൊയിൽ നിന്നും വാങ്ങിയ ഫർണിച്ചർ സ്കൂൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 9 | 1566/21 പെരുവ ഗവ.ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലേക്ക് ലാപ്പ് ടോപ്പ് വാങ്ങൽ | 473072/- (BILL NO.69/20-21 /29-03-2021) | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | വാങ്ങിയ ഫർണിച്ചർ സ്കൂൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 10 | 744/21 ഏബിൾ കോട്ടയം അധിക പഠനം | 6812284/- | വികസന ഫണ്ട് (ജനറൽ) | ചെലവിനാധാരമായ അനുബന്ധ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കി യിട്ടില്ല. |
| | ആകെ | ₹1,22,35,238 | | |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 16 /20-21 തീയതി : 17/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ മേൽ പ്രോജക്ടുകൾക്കായുള്ള 1,22,35,238/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നമ്പർ : 1379/2021

പ്രോജക്ടിന്റെ പേര് : അതിരമ്പുഴ ഡിവിഷൻ-പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ടെലിവിഷൻ, ലാപ്പ് ടോപ്പ് നൽകൽ

അടങ്കൽ :20,00,000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് :19,87,717/-( ബിൽ നം. 66/20-21/26-02-21)

നിർവ്വഹണോദ്യോഗസ്ഥൻ :പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

അതിരമ്പുഴ ഡിവിഷനിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ടെലിവിഷൻ, ലാപ്പ് ടോപ്പ് നൽകൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും 73 ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ 27,229/- രൂപ നിരക്കിൽ 19,87,717/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഗവൺമെന്റ് /എയ്ഡഡ് സ്കൂളിൽ നിന്നുള്ള എസ്.സി വിദ്യാർത്ഥികളുടെ ലിസ്റ്റ് ഡി.ഇ.ഒ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയച്ച് കൊടുത്ത് അംഗീകരിച്ചിട്ടുള്ളതും ആണ് . 07.07.2021 ലെ അടിയന്തിര കമ്മിറ്റി ലിസ്റ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1)ജില്ലാ വിദ്യാഭ്യാസ ഓഫീസ് ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സമിതി രൂപീകരിച്ചതായി കാണുന്നില്ല.

2)പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടതാണെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പതിനൊന്ന് പേർക്ക് ലാപ്പ് ടോപ്പ് നൽകി.

3)മറ്റ് തസ്വഭവ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ നിലവിൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് /ടാബ് പോലുള്ള പഠനോപാധികൾ ഇല്ല എന്ന് തെളിയിക്കുന്ന തസ്വഭവ സ്ഥാപനം/എസ്.സി ഡെവലപ്പ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

4)ലാപ്പ് ടോപ്പ് വിദ്യാഭ്യാസ കാലം മുഴുവൻ ഉപയോഗത്തിന് നൽകുന്നതിനാൽ മറ്റ് മാർഗ്ഗത്തിൽ കൂടി ലാപ്പ് ടോപ്പ് കിട്ടിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (17 /20-21 തീയതി : 17/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 1987717/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ- അപാകതകൾ

പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ട് (SCP) ചെലവഴിച്ച് നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ (പ്രോ നം. 1569/21) പ്രോജക്ടിൽപ്പെടുത്തി 146 വിദ്യാർത്ഥികൾക്ക് 3975434/-രൂപ (1 എണ്ണത്തിന് 27229 രൂപ ക്രമത്തിൽ 146 എണ്ണം) ചെലവഴിച്ച് (ബിൽ നം- 67/20-21/26-02-21) CPRCS മുഖേന കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 39 ലാപ്ടോപ്പുകൾ കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേനയും , 51 എണ്ണം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി മുഖേനയും 50 എണ്ണം വിദ്യാഭ്യാസ ഓഫീസർ, കടുത്തുരുത്തി മുഖേനയും 6 എണ്ണം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലാ മുഖേനയുമാണ് വിവിധ സ്കൂളുകളിലേക്ക് വിതരണം ചെയ്തത്. ഈ നാലു ഡിവിഷനുകളിലെയും വിവിധ സ്കൂളുകളിലെ കുട്ടികളുടെ കൈപ്പറ്റ് രസീത് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ചുവടെ കൊടുത്തിരിയ്ക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. തെരഞ്ഞെടുപ്പ് സമിതി രൂപീകരിച്ച് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതായി രേഖകൾ സൂക്ഷിച്ചിട്ടില്ല.
2. കാഞ്ഞിരപ്പിള്ളി, കടുത്തുരുത്തി ഡിവിഷനുകളിലെ വിദ്യാർത്ഥികളുടെ കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിദ്യാർത്ഥികളുടെ അപേക്ഷകൾ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.
3. വിദ്യാർത്ഥികൾക്ക് മറ്റു തസ്വഭ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വകുപ്പിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ഉറപ്പാക്കിയിട്ടില്ല.
4. കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന ലാപ്ടോപ്പ് വിതരണം നടത്തിയതിൽ, ആതിരമോൾ കെ.ടി, ഗവ എച്ച് എസ്, വടക്കേക്കര, അമൽദേവ് പി.എസ്, ഗവ എച്ച് എസ് കുമരകം, ലക്ഷ്മി പ്രദീപ്, ഗവ വിഎച്ച് എസ് എസ് കോത്തല, തൃക്കൊടിത്താനം ഗവ എച്ച് എസ് എസ് ലെ ആര്യ പി.എം, രഞ്ജിനി പ്രകാശ്, അനസ് സിജു, ആര്യ വിജയൻ, സഞ്ജു സൂരജ് എന്നീ വിദ്യാർത്ഥികളുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മതിയായ വിശദീകരണവും, പരിശോധനയ്ക്ക് ആവശ്യമായ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 18/19-11-21) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ, മേൽ പ്രോജക്ടിനായുള്ള 3975434/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 മിഷൻ 20-20(ജനറൽ)-പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ : 745/2021

പ്രോജക്ടിന്റെ പേര് : മിഷൻ 20-20

അടങ്കൽ : 10,00,000/- (വികസന ഫണ്ട് (ജനറൽ))

ചെലവ്: 9,99,000/-(ബിൽ നമ്പർ 288/20.05.2020)

നിർവ്വഹണോദ്യോഗസ്ഥൻ : പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

2020-21 വർഷം പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ മിഷൻ 20-20 (ജനറൽ) പ്രോജക്ടിന് 9,99,000/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ (14-ാം ബാച്ച്) നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. സാക്ഷരതാ മിഷൻ തയ്യാറാക്കിയ പഠിതാക്കളുടെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ തുക സാക്ഷരതാ മിഷൻ നടത്തുന്ന എസ്.എസ്.എൽ.സി തുല്യതാ പരീക്ഷയ്ക്കായി ഒരാൾക്ക് 1850/-രൂപ വീതം (രജിസ്ട്രേഷൻ 100/-രൂപ, കോഴ്സ് ഫീ 1750/-രൂപ) 540 വിദ്യാർത്ഥികൾക്കായി ചെലവഴിച്ച തുകയാണ്. എന്നാൽ 9 വിഷയങ്ങൾക്കായിട്ടുള്ള 10 മാസത്തെ കോഴ്സിനായി ചേർന്ന വിദ്യാർത്ഥികളുടെ അപേക്ഷ, ഹാജർ, ക്ലാസ് നടത്തിയതിന്റെ വിശദാംശങ്ങൾ, ക്ലാസിൽ പങ്കെടുത്ത പഠിതാക്കളുടെ വിശദാംശങ്ങൾ, പരീക്ഷ പാസ്സായതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (24/20-21 തീയതി : 03 /02/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ മേൽ പ്രോജക്ടിനായി ചെലവഴിച്ച 9,99,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-27 ജില്ലാ ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കിയ പ്രോജക്ടുളിലെ അപാകതകൾ

സൂപ്രണ്ട്,ജില്ലാ ആശുപത്രി (അലോപ്പതി) 2020-21 വർഷം നിർവ്വഹണം നടത്തിയ ,ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക / ബിൽ നമ്പർ/ഫണ്ടിനം | റിമാർക്ക്സ് |
|---|---|---|---|
| 1 | 15/21 മാമോഗ്രാഫി വിഭാഗം സ്ഥാപിക്കൽ | 2,13,26,349/- (BILL NO.72/25.03.21, 55/11-01-2020) വികസനഫണ്ട് | സ്റ്റോക്ക് രജിസ്റ്റർ , ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 51/21 പാലിയേറ്റീവ് കെയർ | 70,962/- (BILL NO.43/8.12.2020) 7,86,613/- (BILL NO.42/8.12.2020) | KMSCL- ൽ നിന്ന് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | 3,78,515/- (BILL NO.45/8.12.2020) വികസനഫണ്ട് | |
| 3 | 627/21 ആർദ്രം -സമഗ്ര വയോജനാരോഗ്യ പരിരക്ഷാ പദ്ധതി | 14432435/- വികസനഫണ്ട് | പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെ ടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | 1536/21 ജില്ലാ ആശുപത്രിക്ക് ഉപകരണങ്ങൽ വാങ്ങൽ | 15,00,000/- വികസനഫണ്ട് | വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. |
| | ആകെ | ₹38494874/- | |

മേൽ അപാകതകൾ സംബന്ധിച്ച് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (26 /20-21 തീയതി : 04.02.2022) മറുപടി ലഭിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 3,84,94,874/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-28 ജനറൽ ആശുപത്രി -ഇൻസിനറേറ്റർ സ്ഥാപിക്കൽ-പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല

പ്രോജക്ട് നമ്പർ : 625/2021

പ്രോജക്ടിന്റെ പേര് : ജനറൽ ആശുപത്രി -ഇൻസിനറേറ്റർ സ്ഥാപിക്കൽ

അടങ്കൽ :6,70,000/-(മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്))

ചെലവ് :6,60,800/-( ബിൽ നം. 10/2020-21/08-05-2020)

നിർവ്വഹണോദ്യോഗസ്ഥൻ :സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (അലോപ്പതി )

സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (അലോപ്പതി )നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിന് 31.10.2019 വരെ KMSCL -ന്റെ റണ്ണിംഗ് കോൺട്രാക്ട് ഉള്ള Asceptic System ,Coimbatore -ൽ നിന്നുമാണ് 50 Kg/Hrഫ്യൂവൽ ഫ്രീ ഇക്കോ ഫ്രണ്ട്‌ലി ഇൻസിനറേറ്റർ വാങ്ങിയത് (Inv No.49/29.12.2019) . 19.08.2019 ന് B3/8042/19സപ്ളൈ ഓർഡർ നൽകിയെങ്കിലും 04.01.2020-നാണ് ഇൻസിനറേറ്റർ ഇൻസ്റ്റാൾ ചെയ്തത്. ഇതിന് മൂന്ന് വർഷ വാറണ്ടി നൽകിയിട്ടുണ്ട് . 24.02.2020-നാണ് കമ്പനിയുമായി എഗ്രിമെന്റ് വച്ചിരിക്കുന്നത് . ഇൻസ്റ്റലേഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 08.04.2020ൽ ഇൻസിനറേറ്ററിന്റെ ചാർജ്ജിംഗ് ഡോർ, ഹൊറിസോന്റൽ ബീം, ചെറിയ ജനൽ എന്നിവയിലൂടെ പുക വരുന്നതായി സെക്ഷനിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 03.06.2020-ൽ മാലിന്യം സൂക്ഷിക്കുന്ന ഷെഡ്ഡിൽ വെള്ളം കെട്ടി നിൽക്കുന്നതായും, ഇൻസിനറേറ്ററിന്റെ പുറക് ഭാഗത്ത് തുരുമ്പ് പിടിച്ചിരിക്കുന്നതായും, വെള്ളം സപ്ളൈ ചെയ്യുന്ന പിവിസി പൈപ്പ് ഉരുകി പ്രവർത്തനരഹിതമാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 05.09.2020-ൽ, പുകക്കുഴലിൽ കൂടി പുക പോകുന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട് . മേൽ അപാകതകൾ എല്ലാം യഥാസമയം കമ്പനിയെ അറിയിച്ചിട്ടുള്ളതുമാണ് . അപാകതകൾ പരിഹരിച്ചിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ആവശ്യപ്പെട്ട് നൽകിയ

അന്വേഷണ കുറിപ്പിന് (26 /20-21 തീയതി : 04.02.2022) മറുപടി ലഭിച്ചിട്ടില്ല.

ഇൻസിനറേറ്ററിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് , സ്റ്റോക്ക് എൻടി വരുത്തിയ രജിസ്റ്റർ, അപാകതകൾ പരിഹരിച്ച് ഇൻസിനറേറ്റർ അതിന്റെ മുഴുവൻ കപ്പാസിറ്റിയിൽ പ്രവർത്തനക്ഷമമാണെന്നത് സംബന്ധിച്ച റിപ്പോർട്ട് എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് .

കൂടാതെ പഴയ ഇൻസിനറേറ്റർ ലേലം ചെയ്യാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-29 ജില്ലാ ആശുപത്രി(ആർദ്രം)ഒ.പി നവീകരണം -നടപടിക്രമം പാലിക്കാതെ എൻ.എച്ച്.എം-ൽ തുക നിക്ഷേപിച്ചു -പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

പ്രോജക്ട് നമ്പർ : 626/2021

പ്രോജക്ടിന്റെ പേര് : ജനറൽ ആശുപത്രി -ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി നവീകരണം

അടങ്കൽ :100,00,000/-(മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് :100,00,000/-( ബിൽ നം. 9/2020-21/08-05-2020)

നിർവ്വഹണോദ്യോഗസ്ഥൻ :സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (അലോപ്പതി)

22/4/2017 ലെ GO (Rt)58/2017/H&FWD പ്രകാരം പതിനേഴ് ജില്ലാ/ജനറൽ ആശുപത്രികൾക്ക് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി നവീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. NHM ഫണ്ട് ഉപയോഗിച്ചുള്ള 2.52 കോടി രൂപയുടെ പ്രവൃത്തിയിൽ സിവിൽ, ഇലക്ട്രിക്കൽ, ഇ-ഹെൽത്ത് കേബിൾ ഇടുന്നതിനാണ് ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിട്ടുള്ളത് . NHMപ്രവൃത്തി നടപ്പിലാക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നത് അക്രെഡിറ്റഡ് ഏജൻസിയായ ഇൻകെലിനെയാണ്. 28.02.2020-ലെ സ.ഉ(സാധാ)നം.506/2020/തസ്വഭവ പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്ന 1 കോടി രൂപ NHMൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ലഭിച്ച അനുമതി പ്രകാരം NHMൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . പ്രവൃത്തിക്ക് ടെക്നിക്കൽ സാങ്ങ്ഷൻ ലഭിച്ചതായി കാണുന്നില്ല. സ്റ്റേറ്റ് മിഷൻ ഡയറക്ടറും ഇൻകെലും തമ്മിൽ കരാർ വച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , ബില്ലിന്റെ പകർപ്പ് , ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (26 /20-21 തീയതി : 04.02.2022) മറുപടി ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള ₹100,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ജില്ലാ ആശുപത്രി ഒ.പി നവീകരണം - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 1434/2021

പ്രോജക്ടിന്റെ പേര് : ആർദ്രം- ഒ.പി നവീകരണം -രേഖകൾ ഹാജരാക്കിയില്ല,ചെലവ് തടസ്സപ്പെടുത്തുന്നു

അടങ്കൽ : 30,00,000/- (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് : 29,01,057/- (ബിൽ നമ്പർ 745/18.12.2020)

നിർവ്വഹണോദ്യോഗസ്ഥൻ :സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (അലോപ്പതി )

പഴയ കാഷ്വാലിറ്റി ഫാർമസി സ്റ്റോർ ഡിസാസ്റ്റർ മാനേജ്മെന്റ് യൂണിറ്റ് &കാഷ്വാലിറ്റി/ എമർജൻസി ഡിപ്പാർട്ട്മെന്റ് -ഇൻജക്ഷൻ റൂം /സ്റ്റാഫ് റെസ്റ്റ് റൂം ആക്കുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. മേൽ പ്രോജക്ടിനായി ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക്

29,01,057/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇൻകെൽ 29,01,057/-രൂപയുടെ എസ്റ്റിമേറ്റ് (EST No2020/2079) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റിന്റെ സാങ്കേതികാനുമതി, ഇൻകെൽ കമ്പനിയുമായി ഉള്ള കരാർ, ബിൽ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണവും, ആവശ്യമായ രേഖകളും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (26 /20-21 തീയതി : 04.02.2022) മറുപടി ലഭിച്ചിട്ടില്ല.
ഈ സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 29,01,057/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ചീഫ് മെഡിക്കൽ ഓഫീസർ,ഹോമിയോ നടപ്പാക്കിയ പ്രോജക്ടുകൾ -അപാകതകൾ

1) ജില്ലാഹോമിയോ ആശുപത്രി നവീകരണം - കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല - ജില്ലാഹോമിയോ ആശുപത്രിയുടെ നവീകരണവും സേവനം മെച്ചപ്പെടുത്തലും-

ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ജില്ലാഹോമിയോ ആശുപത്രിയുടെ നവീകരണവും സേവനം മെച്ചപ്പെടുത്തലും എന്ന പ്രോജക്റ്റിന് (നം 1538/21) മെയിന്റനൻസ് ഗ്രാന്റ് റോഡിതരഫണ്ടിൽ നിന്ന് അനുവദിച്ച 8ലക്ഷം രൂപയിൽ 7,19,012രൂപ ആശുപത്രിയുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സദ്ഗമയ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾക്കായി 7 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഇൻവോയ്സുകൾ പ്രകാരം 2,13,093 രൂപ (ബിൽ നം.2/2020-21/5.3.21) KELTRON ന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 2,13,093 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ പ്രോജക്റ്റ് പ്രകാരം (നം311/21) മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്ന് 10 ലക്ഷം രൂപ (ബിൽ നം.1/2020-21/7.1.21) HOMCO ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. രണ്ടു തവണകളായി 5,59,179 രൂപയുടെ (3,78,907+1,80,272) മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 4,40,821 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 4,40821 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 കുറിച്ചി ഹോമിയോ ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ വാങ്ങൽ - മെഷീൻ നാളിതുവരെ ലഭ്യമായില്ല

അടങ്കൽ -13,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് - 1279511 (ബിൽ നം. 1/20-21/24.02.21)
കുറിച്ചി ഹോമിയോ ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റ് (നം. 1534/21) പ്രകാരം 12,79,511 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മെഷീൻ ലഭ്യമായിട്ടില്ല. ആയതു ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രോജക്റ്റിനായുള്ള 12,79,511 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 വിവിധ കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത്-

2020-21 ൽ വിവിധ വിഷയങ്ങളിലുള്ള കമ്മിറ്റി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും തുടർനടപടികൾ സംബന്ധിച്ച ഫയലുകളും ലഭ്യമാക്കാനാവശ്യപ്പെട്ട് അന്വേഷണ കുറിപ്പ്

നൽകിയിരുന്നുവെങ്കിലും (നം. 21/15-01-22 ) മറുപടിയോ ഫയലുകളോ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 4(1)/06-07-20 – 18-19 ലെ പ്രോജക്ട് 625/19 അയർക്കുന്നം നീറിക്കാട് ഹരിജൻ കോളനിയിൽ കുഴൽകിണർ നിർമ്മാണം പദ്ധതിയിൽപ്പെടുത്തി 5 ലക്ഷം ഭൂജലവകുപ്പിലേയ്ക്ക് അടച്ചത് പദ്ധതി നടപ്പാക്കാത്തതിനാൽ ഭൂജലപര്യവേഷണം നടത്തിയതിന്റെ ചാർജായ 3870/- രൂപ കുറച്ച് ബാക്കി 496130/- രൂപ തിരികെ ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന് നിർദ്ദേശിയ്ക്കുന്നതിന് തീരുമാനിച്ചു. തുക തിരികെ ലഭ്യമാക്കിയെങ്കിൽ വിശദാംശങ്ങൾ രേഖാമൂലം വ്യക്തമാക്കേണ്ടതാണ്.
- 4(2)/06-07-20 – അയർക്കുന്നം ഡിവിഷൻ - എടാട്ട് ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം (പ്രോജക്ട് നം.1467/19) നാട്ടുകാരുടെ എതിർപ്പ് മൂലം നടപ്പാക്കാനാകാതെ വന്നു. ഭൂജല വകുപ്പിൽ നിക്ഷേപിച്ച 3 ലക്ഷം രൂപയിൽ പര്യവേഷണ ചാർജായ 1935/- രൂപ കുറച്ച് 298065/- രൂപ മങ്ങാട്ടുകുന്ന് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് ഉപയോഗിയ്ക്കാൻ തീരുമാനിച്ചു.
- 2(1)/18-08-20- ജില്ലയിലെ സിഎഫ്എൽടിസി കൾക്ക് 5000 ബെഡുകൾ കൂടി ആവശ്യമുണ്ടെന്നും ആയതിന് ഫണ്ട് ലഭ്യമാക്കണമെന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനാൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി തയ്യാറാക്കുന്നതിനുള്ള 20-07-20 ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനം.
- 9(8)/18-08-20 – പ്രോ.നം. 1067/19 -മൂങ്ങാനിയിൽ കാർഷികവിപണനകേന്ദ്രം- സൈറ്റ് PWD യുടെ അധീനതയിലുള്ള പുറമ്പോക്ക് ആയതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നതിനാൽ ടി പ്രവൃത്തി ക്ലോസ് ചെയ്ത് പ്രോജക്ടിനായി വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്തിൽ അടവാക്കിയ 750000/- തിരികെ നൽകുന്നതിന് തീരുമാനിച്ചു.
- 9(9)/18-08-20- ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL 05 AH 999 കാർ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് അറ്റകുറ്റപ്പണികൾ നടത്തിയതിന് നിപ്പോൺ മോട്ടോർ കോർപ്പറേഷൻ ലഭ്യമാക്കിയ 265948/- ബിൽതുക തനതുഫണ്ടിൽ നിന്ന് അനുവദിയ്ക്കുന്നതിനും പിന്നീട് ഇൻഷ്വറൻസ് ക്ലെയിം ലഭിയ്ക്കുന്ന തുക തനതുഫണ്ടിലേയ്ക്ക് വരവ് വെയ്ക്കുന്നതിനും അംഗീകരിച്ച് തീരുമാനിച്ചു.
- 1(14)/ 18-09-20 – കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള കസ്റ്റം ഹയറിംഗ് സെന്ററിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ യന്ത്രങ്ങളും ഉപകരണങ്ങളും അറ്റകുറ്റപ്പണികൾ നടത്തുന്ന സ്കിൽഡ് ലേബറർമാർക്ക് 660/- ദിവസവേതനനിരക്ക് പ്രതിമാസം 30000/- ആയി വർദ്ധിപ്പിയ്ക്കുന്നതിന് സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിച്ച തീരുമാനിച്ചു.
- 1(17)/18-09-20 - ജില്ലാ ആശുപത്രിയുടെ 19-20 വർഷ പ്രോജക്ടായ ഓവർഹെഡ് ടാങ്ക് നിർമ്മാണം ( നം 1149/20) പൂർത്തീകരിച്ചുവെങ്കിലും മോട്ടോർ വാങ്ങിച്ചിട്ടില്ലെന്നും സ്പിൽഓവറിൽ ഉൾപ്പെടുത്തണമെന്നും ചീഫ് മെഡിക്കൽ ഓഫീസർ അപേക്ഷിച്ചു. സ്പിൽ ഓവറിൽ ഉൾപ്പെടുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
- 4(1)/18-09-20 - കടുത്തുരുത്തി ഡിവിഷൻ കേരള വാട്ടർ അതോറിറ്റിയിൽ പൈപ്പ് ലൈൻ നീട്ടലിനായി 2730000/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണ്. മിച്ചം തുക 1050000/- സേവിംഗ്സായി അവശേഷിയ്ക്കുന്നു. അത് കടുത്തുരുത്തി ഡിവിഷനിൽ കടുത്തരുത്തി പഞ്ചായത്തിൽ വാർഡ് 3 ൽ അമ്പലം ജംഗ്ഷൻ മഠം ജംഗ്ഷൻ വരെ പൈപ്പ് ലൈൻ നീട്ടൽ 2-ാം ഘട്ടം ഞീഴൂർ പഞ്ചായത്തിൽ വാർഡ്- 4 ൽ ചൂരക്കാട്ട് മേപ്പാട് റോഡിൽ പൈപ്പ് ലൈൻ വലിയ്ക്കൽ എന്നീ പ്രോജക്ടുകൾക്ക് വിനിയോഗിയ്ക്കുന്നതിന് തീരുമാനിച്ചു.
- 1(11)/16-10-20 - അയർക്കുന്നം എസ് സി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിയ്ക്കുന്നതിന് അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ടെൻഡർ സേവിംഗ്സ് ഉള്ള തുകയിൽ ടി കോളനികളിൽ ഫീസിബിൾ ആയ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിയ്ക്കുന്നതിനുള്ള ഡിവിഷൻ മെമ്പറുടെ കത്ത് പരിശോധിച്ചു. 20-21 ലെ 683/21 നം പ്രോജക്ട് പ്രകാരം അനർട്ടിൽ നിക്ഷേപിച്ച തുകയിൽ

ബാക്കിയുള്ള 242154/-രൂപ ഇതിനായി ഉപയോഗിയ്ക്കുന്നതിന് അനർട്ടിനോട് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെടാൻ തീരുമാനിച്ചു.

- 1(13) / 16-10-20 – തലയാഴം പഞ്ചായത്തിന്റെ 19-20 പ്രോജക്ടായ 715/21 പ്രകാരം വയോജനങ്ങൾക്ക് വിശ്രമകേന്ദ്രം പദ്ധതിയ്ക്കുള്ള സെലക്ഷൻ നോട്ടീസ് ലോക്ക് ഡൌണും കോറോണയും കാരണം യഥാസമയം അയയ്ക്കാൻ കഴിഞ്ഞില്ല. കരാറുകാരന് ഇപ്പോൾ താല്പര്യവുമില്ല. അതിനാൽ ലോക്കൽ ക്വട്ടേഷൻ ചെയ്യുന്നതിനും ഈ വർഷം 10 ലക്ഷം ആയി റിവിഷൻ ചെയ്യുന്നതിനും അനുമതി നൽകി.
- 1(10) / 08-1 -21 – ക്യാൻ കോട്ടയം രൂപീകരിയ്ക്കൽ - കാൻസർ മുൻകൂട്ടി കാണുന്നതിനും ചികിത്സ ഉറപ്പു വരുത്തുന്നതിനും മരണ നിരക്ക് കുറയ്ക്കുന്നതിനും മറ്റ് തസ്വഭ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തുടങ്ങി. പാലാ ജനറൽ ആശുപത്രിയിൽ കൊബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങി സ്ഥാപിയ്ക്കുന്നതിന് മാറ്റം വരുത്തി. 10750000- KMSCL ൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതിയ്ക്കായി കോർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
- 1(7) /19-01-21 –18-19 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട കുമ്പളാതടം - തൊട്ടി പീടിക റോഡ് പ്രവൃത്തി പി ഡബ്ല്യൂ ഡി ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ ടി പ്രവൃത്തി ക്യാൻസൽ ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകാനുള്ള LSGD അസി.എക്സി.എഞ്ചിനീയറുടെ അപേക്ഷ അംഗീകരിച്ചു.
- 1 (10) / 19-01-21 – 17-18 വർഷിക പദ്ധതിയിലെ ഏനച്ചിറ- പാത്തിക്കൽമുക്ക് റോഡ് റീടാറിംഗ് പി ഡബ്ല്യൂ ഡി ഏറ്റെടുത്ത് നടപ്പാക്കിയതിനാൽ ടി പ്രവൃത്തി ക്യാൻസൽ ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകാനുള്ള LSGD അസി.എക്സി.എഞ്ചിനീയറുടെ അപേക്ഷ അംഗീകരിച്ചു.
- 1(9) 1 6-02-21- 322/19 എന്ന പ്രോജക്ട് സ്പിൽ ഓവറിൽ ഉൾപ്പെടുത്താത്തതു കൊണ്ട് ( കർഷക മാർക്കറ്റ് നിർമ്മാണം ) പ്രോജക്ട് റദ്ദു ചെയ്ത് ബ്ലോക്ക് വിഹിതം തിരികെ നൽകുന്നതിനു തീരുമാനിച്ചു.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/15.01.22) മറുപടിയോ രേഖകളോ ലഭ്യമാക്കാത്തത് തികഞ്ഞ അലംഭാവമാണ്. കമ്മിറ്റി തീരുമാനങ്ങളിൻമേൽ വിവിധ സെക്ഷനുകളിൽ നിന്നും തുടർനടപടികൾ സ്വീകരിയ്ക്കുന്നുണ്ട് എന്നതു ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-34 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

2020-21 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റി, അനർട്ട്, കെ.എസ്.ഇ.ബി, ഭൂഗർഭ ജല വകുപ്പ്, കെൽട്രോൺ, പി.ഡബ്യൂ.ഡി മുതലായവ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം നിക്ഷേപ പ്രവൃത്തികളും പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ് എന്നിവ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. തന്മൂലം നിക്ഷേപം നടത്തിയ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1. 2020-21 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 962/2021 കുമരകം ഡിവിഷൻ -തിരുവാർപ്പ് പഞ്ചായത്ത് വാർഡ് 19 മൂന്ന് | 2,00,000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 76/05.03.2021 | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ കോട്ടയം | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് |

| | | | | | | |
|---|---|---|---|---|---|---|
| | മലകേളക്കേരി ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | | | | | ഹാജരാക്കിയിട്ടില്ല |
| 2 | 738/21 കുമരകം ഡിവിഷൻ -വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിയ്ക്കൽ | 15,48,000/- | വികസന ഫണ്ട് (ജനറൽ) | 30/18.06.2020 | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 3 | 1330/21 നീണ്ടൂർ ആറാം വാർഡ് അരവിന്ദവേലി പാറയിൽ താഴെ റോഡിൽ വാട്ടർ കണക്ഷന വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ. | 4,00,000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 55/27.11.2020 | എക്സിക്യൂട്ടിവ് എഞ്ചീനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് .ഡിവിഷൻ കോട്ടയം | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,ബില്ല് ഹാജരാക്കിയിട്ടില്ല |
| 4 | 970/21 വാകത്താനം ഡിവിഷൻ- വാഴപ്പള്ളി പഞ്ചായത്ത് വാർഡ് 7-ഏനാദിച്ചിറ എടയാടി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 5,00,000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 54/27.11.2020 | എക്സിക്യൂട്ടിവ് എഞ്ചീനീയർ കേരള വാട്ടർ അതോറിറ്റി, തിരുവല്ല | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,ബില്ല് ഹാജരാക്കിയിട്ടില്ല |
| 5 | 620/21 കുറിച്ചി പഞ്ചായത്ത് വാർഡ് 16- ചാമകുളം ഭാഗം - വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,00,000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 84/21.03.2021 | എക്സിക്യൂട്ടിവ് എഞ്ചീനീയർ കേരള വാട്ടർ അതോറിറ്റി, തിരുവല്ല | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,ബില്ല് ഹാജരാക്കിയിട്ടില്ല |
| 6 | 160/21 മാഞ്ഞൂർ പഞ്ചായത്ത് | 5,00,000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 75/25.02.2021 | എക്സിക്യൂട്ടിവ് എഞ്ചീനീയർ കേരള വാട്ടർ | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / |

| | | | | | | |
|---|---|---|---|---|---|---|
| | -കാഞ്ഞിരത്താനം പറമ്പ്രം കുടിവെള്ള പദ്ധതി പൂർത്തികരണം പൈപ്പ് ലൈൻ നീട്ടൽ | | | | അതോറിറ്റി, കടുത്തുരുത്തി | പൂർത്തീകരണ സാക്ഷ്യപത്രം,ബില്ല് ഹാജരാക്കിയിട്ടില്ല |
| 7 | 734/21 വെള്ളൂർ ഡിവിഷൻ -തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വാർഡ് 5,6- പൈപ്പ് ലൈൻ നീട്ടൽ | 15,00,000/- | വികസന ഫണ്ട് (ജനറൽ) | 18/24.04.2020 | എക്സിക്യൂട്ടിവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 8 | 417/21 കുമരകം ഗ്രാ പ -പത്തുപങ്ക് എസ് സി സങ്കേതം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 497000/- | വികസന ഫണ്ട് (എസ്.സി.പി) | 82/21-03-2021 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവി. കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 9 | 864/21 കുമരകം ഡിവിഷൻ- തിരുവാർപ്പ് ഗ്രാ പ- മീഞ്ചിറ- കാറ്റാടിച്ചിറ എസ് സി സങ്കേതം- കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 600000/- | വികസന ഫണ്ട് (എസ്.സി.പി) | 29/12-06-2020 | എക്സി. എഞ്ചി, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 10 | 55/21 കടുത്തുരുത്തി ഗ്രാ പ- മൈലാട്ടുംപാറ കുടിവെള്ള പദ്ധതി- വാർഡ് 7 | 20,00,000/- | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 504/14.10.2020 | എക്സി. എഞ്ചി, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 11 | 49/21 കടുത്തുരുത്തി ഗ്രാ പ- വാർഡ് 3-അമ്പലം ജംഗ്ഷൻ മുതൽ മഠം ജംഗ്ഷൻ വരെ പൈപ്പ് ലൈൻ വലിയ്ക്കൽ | 1100000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 46/28-08-2020 | എക്സി. എഞ്ചി, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കടുത്തുരുത്തി | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 12 | 1557/21<br>അയർക്കുന്നം ഗ്രാ പ- വാർഡ് 11-പൈപ്പ് ലൈൻ നീട്ടൽ | 399000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 83/21-03-2021 | എക്സി. എഞ്ചി, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 13 | 967/21<br>അതിരമ്പുഴ ഗ്രാ പ- വാർഡ് 13-പുരയന്നൂർ മന-കരിയന്നൂർ പറമ്പിൽ പൈപ്പ് ലൈൻ നീട്ടൽ | 100000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 77/05-03-2021 | എക്സി. എഞ്ചി, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 14 | 974/21<br>GCI പാലായ്ക്ക് കുടിവെള്ള ലഭ്യതയ്ക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 72000/- | ധനകാര്യ കമ്മീഷൻ അവാർഡ് | 51/27-11-2020 | എക്സി. എഞ്ചി, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കോട്ടയം | ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| | ആകെ | 97,16,000/- | | | | |

₹97,16,000/- വിവിധ പ്രോജക്ടുകൾക്കായി നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ് ,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 9/25.09. 2021, 12/20-21/13.10.2021, 23/20-21/03.02.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 97,16,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. 2020-21 വർഷം അനർട്ടിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 683/2021<br>അയർകുന്നം ഡിവിഷൻ - അയർകുന്നം പഞ്ചായത്ത് എസ്.സി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 5,73,100/- | വികസന ഫണ്ട് (എസ്.സി.പി) | 23/20-21/ 08.06.2020 UTR No. 000000792844416/ 08.06.2020 | അനർട്ട് | 330946/-രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ,ബില്ല് ഹാജരാക്കിയിട്ടില്ല. ടെണ്ടർ സേവിംഗ്സ് ഉള്ള 242154/രൂപ- സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. |
| 2 | 488/21പട്ടിത്താനം രത്നഗിരി പബ്ളിക്ക് | 1,95,800/- | വികസന ഫണ്ട്(ധനകാര്യ | 73/20-21/ 8.03.2021 | അനർട്ട് | പ്രവൃത്തിയുടെ ധനവിനിയോഗ |

| | | | | | | |
|---|---|---|---|---|---|---|
| | ലൈബ്രറി മന്ദിരത്തിൽ സോളാർ സിസ്റ്റം പാനൽ സ്ഥാപിക്കൽ | | കമ്മീഷൻ അവാർഡ്) | UTR No. 000000854435822/ 08.03.2021 | | സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 3 | 165/21<br>വെച്ചൂർ,തലയാഴം,ടി.വി പുരം ,കല്ലറ,നീണ്ടൂർ പഞ്ചായത്തുകളിൽ എൽ.ഇ.ഡി വിത്ത് സോളാർ ലൈറ്റ് സ്ഥാപിക്കൽ | 4,92,800/- | വികസന ഫണ്ട് (ജനറൽ) | 74/20-21/ 5.03.2021 | അനർട്ട് | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| | ആകെ | ₹12,61,700/- | | | | |

12,61,700/- രൂപ വിവിധ പ്രോജക്ടുകൾക്കായി അനർട്ടിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 9/25.09.2022, 23/20-21/03.02.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 12,61,700/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

3. 2020-21 വർഷം കെ.എസ്.ഇ.ബിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1332/21<br>കല്ലറ പഞ്ചായത്ത് - മാലിക്കാരി എക്കമ്മ പാടശേഖരങ്ങളിലെ ട്രാൻസ്ഫോർമറിന്റെ പവർ അലോക്കേഷൻ വർദ്ധിപ്പിക്കൽ – കെ.എസ്.സി.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 5,00,000/- | വികസന ഫണ്ട് (ജനറൽ) | 69/20-21/ 23.02.2021 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ നീണ്ടൂർ | ധനവിനിയോഗ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല. |
| 2 | 251/21<br>പാമ്പാടി പഞ്ചായത്ത് -വാർഡ് 13- സ്ട്രീറ്റ് മെയിൻ -കെ.എസ്.സി. ബി ക്ക് തുക കൈമാറുന്നു. | 66462 | വികസന ഫണ്ട് (ജനറൽ) | 64/20-21/ 23.02.2021 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പൊൻകുന്നം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 3 | 1542/21<br>വെച്ചൂർ പഞ്ചായത്ത് -വാർഡ് 7- കൈപ്പുഴമുട്ട് കായൽതീരം റോഡ്- | 98342/- | വികസന ഫണ്ട് (ജനറൽ) | 79/20-21/ 05.03.2021 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | ചക്രപുരയ്ക്കൽ ലൈൻ വലിയ്ക്കൽ തുക കെ.എസ്.സി.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ. | | | | തലയാഴം | |
| | ആകെ | ₹6,64,804/- | | | | |

6,64,804/- രൂപ വിവിധ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 12/20-21 /13.10.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 6,64,804/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. 2020-21 വർഷം ഭൂഗർഭ ജല വകുപ്പിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 689/21 കോട്ടയം ജില്ലയിലെ വിവിധ എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | 5,93,729/- | വികസന ഫണ്ട് (എസ്.സി.പി) | 12/20-21/ 11.05.2020 | ജില്ലാ ഓഫീസർ, ഭൂഗർഭ ജല വകുപ്പ് | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 2 | 950/21 കങ്ങഴ ഡിവിഷൻ -വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 2,50,000/- | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) | 44/20-21/ 23.02.2021 | ജില്ലാ ഓഫീസർ, ഭൂഗർഭ ജല വകുപ്പ് | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 3 | 622/21 പനച്ചിക്കാട് ഗ്രാ പ- കുടിമറ്റം ബഥനി പൊയ്ക പറമ്പിൽ കുടിവെള്ള പദ്ധതി | 5,00,000 | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) | 98/21/p.no.622/21/ | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 4 | 1403/21 കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം | 10,00,000 | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) | 420/11.09.2020 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 5 | 400/21<br>എരുമേലി- മണിമല – വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മാണം | 5,00,000 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 87/21p.no.400 /21/21-03-21 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 6 | 976/21<br>പാറത്തോട് മുണ്ടക്കയം കൂട്ടിയ്ക്കൽ പൂഞ്ഞാർ തീക്കോയി പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തുകളിൽ കുഴൽക്കിണർ നിർമ്മാണം. | 17,00,000 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 88/21/p.no 976/21 /21-03-21 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 7 | 684/21<br>മുണ്ടക്കയം ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം | 8,00,000 | വികസന ഫണ്ട് (ജനറൽ) | 07/21/p.no 684/21 /24-04-20 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| 8 | 686/21<br>പൊൻകുന്നം ഡിവിഷൻ- വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം | 41,00,000 | വികസന ഫണ്ട് (ജനറൽ) | 08/21/p.no.686 /24-04-20 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് ഹാജരാക്കിയിട്ടില്ല |
| | ആകെ | 94,43,729 | | | | |

94,43,729/- രൂപ വിവിധ പ്രോജക്ടുകൾക്കായി ഭൂഗർഭ ജല വകുപ്പിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം പ്രവൃത്തിയുടെ ബില്ലിന്റെ പകർപ്പ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 12/20-21/ 13.10.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 94,43,729/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5. 2020-21 വർഷം കെൽട്രോണിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 658/21 | 296100 | വികസന ഫണ്ട് | 2/20-21/ | കെൽട്രോൺ | പ്രവൃത്തിയുടെ ധനവിനിയോഗ |

| | | | | | | |
|---|---|---|---|---|---|---|
| | ഉഴവൂർ ഡിവിഷൻ -വിവിധ സ്ഥലങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | | (ജനറൽ) | 24.04.2020 | | സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | 671/21 ഉഴവൂർ ഡിവിഷൻ- വിവിധ പഞ്ചായത്തുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 493500 | വികസന ഫണ്ട് (ജനറൽ) | 9/11.04.2020 | കെൽട്രോൺ | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| | ആകെ | 789600 | | | | |

789600/- രൂപ കെൽട്രോണിൽ നിക്ഷേപിച്ചുവെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 23/20-21 /03.02.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 789600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6. തൃക്കൊടിത്താനം ഡിവിഷൻ - എസ്.സി.കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ :710/2021

പ്രോജക്ടിന്റെ പേര് : തൃക്കൊടിത്താനം ഡിവിഷൻ - എസ്.സി.കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ

അടങ്കൽ : 6,38,000/- (വികസന ഫണ്ട് (എസ്.സി.പി))

ചെലവ് : 5,38,000/- (എസ്.സി.പി) വികസനഫണ്ട് (ബിൽ നമ്പർ 93/17.04.2020)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

തൃക്കൊടിത്താനം ഡിവിഷനിലെ എസ്.സി.കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങിൽ നിക്ഷേപിച്ച് പ്രോജക്ട് നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. മാടപ്പള്ളി പട്ടികജാതി ഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പി.ഡബ്യു.ഡി ലഭ്യമാക്കിയ എസ്റ്റിമേറ്റ് (Est 2019/4779)12% ജി.എസ്.ടി ഉൾപ്പടെ 5,38,000/-ആണ് കാണിച്ചിരുന്നത്.തുക 8.05.2020 ൽ UTR No 200801000000003272 പ്രകാരം അടച്ചിട്ടുള്ളതാണ്. പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷനും ജില്ലാ പഞ്ചായത്തും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. 30.01.2021ലെ DB(2)2019/4779 കത്ത് പ്രകാരം എസ്റ്റിമേറ്റ് തുകയിൽ സെന്റേജ് ചാർജ്ജ് അടവാക്കിയിട്ടില്ലാത്തതിനാൽ സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തി 5,86,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളതും ബാക്കി തുക അടവാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും ആണ്.

തുക നിക്ഷേപിച്ച് ആറ് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെങ്കിലും ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (23 /20-21 തീയതി : 03/02/2022) മറുപടി ലഭിച്ചിട്ടില്ല.

എസ്റ്റിമേറ്റ് ലഭ്യമാക്കിയപ്പോൾ സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്താതെ പിന്നീട് സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്താനുള്ള സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള ₹5,38,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

7)വാട്ടർ അതോറിറ്റി,കെ.എസ്സ്.ഇ.ബി,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വിവിധ പ്രവൃത്തികൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും നിക്ഷേപിച്ചിട്ടുള്ള തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റി,കെ.എസ്സ്.ഇ.ബി,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വിവിധ പ്രവൃത്തികൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പല പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തുന്നതിന് തീരുമാനിച്ചതായി മിനിറ്റ്സ് പരിശോധനയിൽ കാണുന്നു. (18/08/20 ലെ ജനറൽ കമ്മറ്റി അജണ്ട നം 1,തീരുമാനം നം 16). ആയതു പ്രകാരം അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ, നാളിതുവരെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ (നിക്ഷപിച്ചതുക, വിനിയോഗിച്ച തുക, ബാലൻസ് തുക എന്നിവ ഉൾപ്പെടെ) എന്നിവ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 2/2020-21 /22.2.2022 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞവ കൂടാതെ വാർഷികകണക്കുകളിലെ B-18 ഷെഡ്യൂളിൽ മുൻവർഷങ്ങളിലുൾപ്പെടെ വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ ബാക്കി നിൽക്കുന്നു. ഇവ ഏതൊക്കെയെന്ന് കൃത്യമായി കണ്ടെത്തി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-35 സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകുന്നതിനായി സെക്രട്ടറി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾ പൂർത്തീകരിച്ച് അതത് ഗ്രാമ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.എന്നാൽ താഴെ പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക | ബിൽ നമ്പർ/ തീയതി | ഫണ്ടിനം | തുക ലഭിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1525/21<br>കുമരകം ഡിവിഷൻ- ആർദ്രം മിഷൻ മോഡേൺ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്തിന് തുക കൈമാറുന്നു | 1387597/- | 1080/10.03.2021 | വികസന ഫണ്ട് (ജനറൽ) | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | ചെലവ് രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 2 | 50/21<br>ഞീഴൂർ പി.എച്ച്.സി വയോജനങ്ങൾക്ക് വിശ്രമ മുറി പഞ്ചായത്തിന് തുക കൈമാറൽ | 500000/- | 820/21.01.2021 | വികസന ഫണ്ട് (ജനറൽ) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഞീഴൂർ<br>ഗ്രാമ പഞ്ചായത്ത് | ബില്ലിന്റെ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | 137/21<br>മരങ്ങാട്ടുപള്ളി ഡിവിഷൻ-ഗവ.ഹോസ്പിറ്റൽ ആർദ്രം പദ്ധതി | 15,00,000/- | 785/15.01.2021 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്ത് | ചെലവ് രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 4 | 906/21<br>സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗ മായി കടുത്തുരുത്തി ഡിവിഷനിൽ പടുതാകുളത്തിൽ മീൻ വളർത്തുന്ന കർഷകർക്ക് ധനസഹായം | 34256<br>27984<br>239200<br>ആകെ<br>301440 | 1282/29.03.2021<br>1283/29.03.2021<br>1316/29.03.2021 | വികസന ഫണ്ട് (ജനറൽ) | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്, മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 5 | 917/21<br>ഭരണങ്ങാനം ഡിവിഷൻ - മീനച്ചിൽ പഞ്ചായത്ത്- പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പൂർത്തീകരണം - തുക കൈമാറുന്ന | 382789/- | 497/09.10.2020 | വികസന ഫണ്ട് (ജനറൽ) | മീനച്ചിൽ ഗ്രാമ പഞ്ചായത്ത് | ബില്ലിന്റെ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 6 | 932/21<br>അയർകുന്നം ഡിവിഷൻ -അയർകുന്നം പഞ്ചായത്ത് വരകമല -വള്ളത്തോട് റോഡ് പഞ്ചായത്ത് പദ്ധതിയിലേക്ക് വിഹിതം നൽകൽ | 50000/- | 445/23.09.2020 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | അയർക്കുന്നം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 7 | 942/21<br>കടുത്തുരുത്തി ഡിവിഷൻ -കടുത്തുരുത്തി പഞ്ചായത്തിൽ അലരി -ഇടമ്പാട്ടും റോഡ് പഞ്ചായത്തിന് വിഹിതം നൽകൽ | 300000/- | 453/28.09.2020 | വികസനഫണ്ട് (ജനറൽ) | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് | ബില്ലിന്റെ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 8 | 808/21പൊൻകുന്നം ഡിവിഷൻ - പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത്- | 474003<br>63772<br>ആകെ<br>537775/- | 338/25.06.2020<br>339/25.06.2020<br>748/21.12.2020 | വികസന ഫണ്ട് (ജനറൽ) (ധനകാര്യ കമ്മീഷൻ | പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | പുള്ളോലി ഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരണം-പഞ്ചായത്തിന് വിഹിതം നൽകൽ | 201352 | | അവാർഡ്) | | |
| 9 | 1346/21<br>പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് -തുമ്പോളി കുടിവെള്ള പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 380522 | 981/26.02.2021 | വികസന ഫണ്ട് (എസ്.സി.പി) | പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് | ധനവിനിയയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 10 | 1345/21<br>പള്ളിക്കത്തോട് പഞ്ചായത്ത് -വെട്ടിക്കയം എസ്.സി കോളനി-കുടിവെള്ള പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 1,41,413/- | 1106/16.03.2021 | വികസന ഫണ്ട് (എസ്.സി.പി) | പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് | ധനവിനിയയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 11 | 937/21<br>കങ്ങഴ ഡിവിഷൻ -കങ്ങഴ പഞ്ചായത്ത്<br>കിണർ റീ-ചാർജിംഗ് പഞ്ചായത്തിന് വിഹിതം നൽകൽ | 80262<br>607500<br>ആകെ<br>687762 | 956/24.02.2021<br>1248/27.03.2021 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | കങ്ങഴ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 12 | 941/21<br>പാമ്പാടി ഡിവിഷൻ-പാമ്പാടി പഞ്ചായത്തിൽ താന്നിമറ്റം കാട്ടാംകുന്ന്<br>കുടിവെള്ള പദ്ധതി പൂർത്തീകരണം -<br>പഞ്ചായത്തിന് വിഹിതം നൽകൽ | 210133 | 976/25.02.2021 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | പാമ്പാടി ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 13 | 02/21<br>ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 9761495/-<br>9991796<br>19753291 | വിവിധ ഗ്രാമ പഞ്ചായത്ത്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ മാർക്ക് ഓൺലൈൻ | വികസന ഫണ്ട് (ജനറൽ) (ധനകാര്യ കമ്മീഷൻ അവാർഡ്) | വിവിധ ഗ്രാമ പഞ്ചായത്തുകൾ | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | അലോട്ട്മെന്റ് നൽകി | | | |
| 14 | 249/21 മീനടം പഞ്ചായത്തിൽ പാലിയേറ്റീവ് ബഡ്സുകൾ വാങ്ങൽ- പഞ്ചായത്തിന് തുക കൈമാറൽ | 2,00,000/- | 1284/29.03.2021 | വികസനഫണ്ട് (ജനറൽ) | മീനടം ഗ്രാമ പഞ്ചായത്ത് | ബഡ്സ് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 15 | SO 815/21 പൊൻകുന്നം ഡിവിഷൻ - സ്നേഹ സ്പർശം വയോജനങ്ങൾക്ക് കട്ടിൽ-നെടുങ്കുന്നം പഞ്ചായത്തിന് വിഹിതം നൽകൽ | 215645 215645 165300 ആകെ 5,96,590/- | 422/14.09.2020 423/14.09.2020 440/28.09.2020 | വികസനഫണ്ട് (ജനറൽ) | നെടുങ്കുന്നം ഗ്രാമ പഞ്ചായത്ത | ബഡ്സ് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 16 | SO 956/21 കടുത്തുരുത്തി ഡിവിഷൻ - തിരുവമ്പാടി പാടശേഖരത്തിന് വാച്ചാൽ നിർമ്മിച്ച് ബണ്ട് നിർമ്മാണത്തിന് ഞീഴൂർ പഞ്ചായത്തിന് തുക കൈമാറുന്ന | 7,82,736/- | 1356/30.03.2021 | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | ഞീഴൂർ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 17 | SO 812/21 കടുത്തുരുത്തി ഡിവിഷൻ - ഞീഴൂർ പഞ്ചായത്ത് -ആർദ്രം പദ്ധതിയിൽ കാട്ടാമ്പാക്ക് PHCയിൽ ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം -ഞീഴൂർ പഞ്ചായത്തിന് തുക കൈമാറൽ | 22,00,000/- | 349/10.07.2020 | വികസനഫണ്ട് (ജനറൽ) | ഞീഴൂർ പഞ്ചായത്ത് | ബില്ലിന്റെ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 18 | 1488/21 മണർക്കാട് പഞ്ചായത്ത് -കരിക്കോട്ട്മൂല പാടശേഖരത്തിന് മോട്ടോർ വാങ്ങൽ -പാമ്പാടി | 3,74,500/- | 1350/30.03.2021 | വികസനഫണ്ട് (ജനറൽ) | പാമ്പാടി ബ്ളോക്ക് പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ളോക്ക് പഞ്ചായത്തിന് വിഹിതം അനുവദിക്കൽ | | | | | |
| | ആകെ | 30487900 | | | | |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പുകൾക്ക് (നമ്പർ 11/20-21/25.09.2021, 9/20-21/ 25.09.2021, 23/2021/03.02.2022) ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ധനവിനിയോഗ സാക്ഷ്യപത്രം, ബില്ലിന്റെ പകർപ്പ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 30487900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, ചൂരത്തറ പാടശേഖരം വികസനം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, ചൂരത്തറ പാടശേഖരം വികസനം , 848/2021 |
| കൺവീനർ | സജി കുരുവിള |
| അടങ്കൽ | 1000000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 104481 /-(18-19)<br>519296/-( ബിൽ നം. 254/20-05-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) |

1825 മീറ്റർ നീളത്തിൽ പുറംബണ്ട് നിർമ്മാണത്തിനാണ് പ്രോജക്ട് ഏറ്റെടുത്തത്. ബണ്ടിന്റെ ബേസ് വീതി 2.5 മീ മുകളിലെ വീതി 1.5 മീറ്ററുമാണ് കണക്കാക്കിയിരുന്നത്. പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

പൊതുമരാമത്ത് മാന്വൽ ,ചട്ടങ്ങൾ എന്നിവ പാലിക്കുന്നില്ല

അളവുപുസ്തകം പ്രകാരം 18-10-2019 ൽ പൂർത്തിയായ പ്രവൃത്തിക്ക് അധിക ഇനങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിക്ക് 28-11-2019 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കിയെങ്കിലും അധികം ഉൾപ്പെടുത്തിയ ഇനങ്ങൾ അംഗീകരിച്ചിട്ടില്ല.പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി നടന്ന വരവെ അധിക ഇനങ്ങൾ ആവശ്യമായി വന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങണം. പദ്ധതി രൂപീകരണ മാർഗ്ഗരേഖപ്രകാരം പണി പൂർത്തിയായ ശേഷം സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകേണ്ടതില്ല. മരാമത്ത് പ്രവൃത്തികളിൽ മേൽ നടപടികൾ പാലിക്കുന്നതായി കാണുന്നില്ല.

ഡി എസ് ആർ 1.27.1.1 പ്രകാരമുള്ള കുറവ് വരുത്തിയില്ല

പ്രവൃത്തിയുടെ ഇനം 2 ആയി പുറത്തുനിന്നും കൊണ്ടുവരുന്ന മണ്ണ് ഉപയോഗിച്ചുള്ള 1058.373ഘന മീ മണ്ണ് ഫില്ലിംഗും (ബോട്ട് ലോഡ് ഉൾപ്പെടെ) ഇനം 3 ആയി പുറത്തുനിന്നും കൊണ്ടുവരുന്ന മണ്ണ് ഉപയോഗിച്ചുള്ള 1368.331ഘന മീ മണ്ണ് ഫില്ലിംഗും (ബോട്ട് ലോഡ് ഇല്ലാതെ) നടത്തി 1050 മീറ്റർ പുറം ബണ്ട് നിർമ്മിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇവിടെ ഡാറ്റാ പ്രകാരം റാമിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഡി എസ് ആർ 1.27.1.1 പ്രകാരം ഇത്തരം ഫില്ലിംഗുകളിൽ മെക്കാനിക്കൽ കൺസോളിഡേഷൻ ഇല്ലെങ്കിൽ അളവ് രേഖപ്പെടുത്തുമ്പോൾ വോയിഡ്സ് ആയി 10% കുറവ് രേഖപ്പെടുത്തണം. ഇവിടെ 2426.704 ഘന മീറ്റർ മണ്ണ് നിറക്കലാണ് ലവൽ മെഷർമെന്റ് പ്രകാരം ചെയ്തിട്ടുള്ളത്. ഡി എസ് ആർ പ്രകാരം കരാറുകാരന് തുക നല്കാൻ അളവ് രേഖപ്പെടുത്തുമ്പോൾ ആയതിന്റെ 10% കുറവ് രേഖപ്പെടുത്തി കരാറുകാരന് തുക നല്കിയാൽ മതിയാകും. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയത്<br>1058.373 ഘനമീറ്ററിന് 330രൂപ/ഘന മീ പ്രകാരം | 349263.09 |
| നല്കാവുന്നത്<br>952.536 ഘനമീറ്ററിന് 330രൂപ/ഘന മീ പ്രകാരം | 314336.880 |
| അധികം നല്കിയത് | 34926.21 |
| നല്കിയത്<br>1368.331 ഘനമീറ്ററിന് 183.08രൂപ/ഘന മീ പ്രകാരം | 250514.04 |
| നല്കാവുന്നത്<br>1231.498 ഘനമീറ്ററിന് 183.08രൂപ/ഘന മീ പ്രകാരം | 225462.65 |
| അധികം നല്കിയത് | 25051.39 |
| ആകെ അധികം നല്കിയത് | 59977.60 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/24-05-22) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ലഭ്യമാക്കിയ മറുപടിയിൽ വാരിമാറ്റിയ ചെളി പ്രകൃത്യാലുള്ള കൺസോളിഡേഷന് (Natural Consolidation) ശേഷമാണ് ലെവൽ മെഷർമെന്റ് പ്രകാരമുള്ള അളവ് രേഖപ്പെടുത്തിയതെന്ന് വിശദീകരിച്ചിരിക്കുന്നു. തോട്ടിൽ നിന്നും കുഴിച്ചെടുക്കുന്ന ചെളി ബണ്ടിനായി ഓരോ ലെയറായി നിരത്തിയതിന് ശേഷം സ്വാഭാവികമായ കൺസോളിഡേഷനും റാമിങ്ങിനും മതിയായ സമയം നൽകുന്നതായും വിശദീകരിച്ചിട്ടുണ്ട്. ഇപ്രകാരം മണ്ണ് 3 ലെയറുകളായി ബണ്ട് നിർമ്മാണം പൂർത്തീകരിച്ച് അളവ് രേഖപ്പെടുത്തിയതെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി സാങ്കേതികമായി പൂർണ്ണമായി അംഗീകരിക്കാവുന്നതല്ല.
സ്വാഭാവികമായ കൺസോളിഡേഷനാണ് (Natural Consolidation) നടത്തിയിട്ടുള്ളതെങ്കിൽ നിശ്ചിത ശതമാനം അളവിൽ കുറവ് ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി) മറുപടിയുടെ അടിസ്ഥാനത്തിൽ മേൽതലത്തിലുള്ള അധികാരക്ഷമതയുള്ള സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ സ്പഷ്ടീകരണം കൂടി ആവശ്യമാണ്. ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക പരിശോധനയും തുടർ റിപ്പോർട്ടിംഗും ആവശ്യമാണ്. ഇക്കാര്യം സ്ഥിരീകരിക്കുന്നത് വരെ 10% കൺസോളിഡേഷൻ ഇനത്തിൽ കുറവ് ചെയ്യാത്തത് മൂലമുള്ള 59,977.60 (59,978/-) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-37 വാകത്താനം ഡിവിഷൻ -വാകത്താനം ഗ്രാമപഞ്ചായത്ത്,ഇടത്തറക്കടവ് പാടശേഖരം പുറം ബണ്ട് ബലപ്പെടുത്തൽ -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | വാകത്താനം ഡിവിഷൻ -വാകത്താനം ഗ്രാമപഞ്ചായത്ത്,<br>ഇടത്തറക്കടവ് പാടശേഖരം പുറം ബണ്ട് ബലപ്പെടുത്തൽ |

| | |
|---|---|
| | 342/19,665/20,645/2021 |
| കരാറുകാരൻ | സജികുരുവിള |
| അടങ്കൽ | 1000000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 553971/- (2019-20)<br>189052/-(ബിൽ നം തീ23/11-04-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) |

2018-19 ൽ സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടിന് 6 മാസം ആയിരുന്നു പൂർത്തീകരണ കാലാവധി. കുറഞ്ഞ നിരക്കായ 907437.50 രൂപ ക്വോട്ട് ചെയ്ത സജി കുരുവിളയുടെ ടെണ്ടർ 7/11/2018 ൽ ചേർന്ന ജനറൽ കമ്മറ്റിയുടെ 3(1) തീരുമാന പ്രകാരം അംഗീകരിക്കുകയും 9/11/2018 ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തു. ആയത് 15/11/2018 ൽ കൈപ്പറ്റിയിട്ടുണ്ട്. 78/2018 നമ്പരായി 05/12/2018ൽ തയ്യാറാക്കിയ കരാർ പ്രകാരം 31/3/2019 നകം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കണം . 21/12/2018 ൽ സൈറ്റ് കരാറുകാരൻ ഏറ്റെടുത്തു. 07/06/2019 ൽ സപ്ളിമെന്ററി എഗ്രിമെന്റ് വെച്ചെങ്കിലും ആയതിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിരുന്നില്ല. അളവ് പുസ്തക പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 18-01-2020 ലാണ്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സമയബന്ധിതമായി കരാർ ചമച്ചില്ല

പൊതുമരാമത്ത് മാന്വൽ 2012 വകുപ്പ് 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴ കൂടാതെ കരാർ ചമയ്ക്കാവുന്നതും തുടർന്ന് 10 ദിവസം പി എ സിയുടെ 1% പിഴയീടാക്കി കരാർ വക്കാവുന്നതുമാണ്.15/11/2018 ൽ കരാറുകാരൻ കൈപ്പറ്റിയ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ 29/11/2018 വരെയും തുടർന്ന് 9/12/2018 വരെ 1% പിഴയീടാക്കിയും കരാർ വയ്ക്കേണ്ടതായിരുന്നു. എന്നാൽ 05/12/2018 ൽ കരാർ വയ്ക്കുമ്പോൾ പിഴയായി 9074/- രൂപ ( പി എ സിയുടെ 1% ) ഈടാക്കിയിരുന്നില്ല. വിഷയം സംബന്ധിച്ച് 24.05.2022ൽ നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പി.എ.സി.യുടെ 1% പിഴ അടയ്ക്കണമെന്നറിയിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തെറ്റായി അളവ് രേഖപ്പെടുത്തി അധിക തുക നല്കി

പ്രവൃത്തിയുടെ ഇനം 1 ആയി 1000 മീറ്റർ നീളം 3.5 മീറ്റർ വീതിയിൽ പ്രവൃത്തി സ്ഥലത്ത് കാട് നീക്കുകയും ഇതിന് 11-2-2019 ൽ അളവ് രേഖപ്പെടുത്തി 10.75 രൂപ പ്രകാരം 37625/- രൂപ കരാറുകാരന് നല്കുകയും ചെയ്തു. 15-3-2019 ൽ ഈ സ്ഥലത്ത് 1500 മീറ്റർ നീളത്തൽ ബണ്ട് നിർമ്മാണം നടത്തി 131 രൂപ പ്രകാരം 530550/-രൂപ പാർട്ട് ബിൽ പ്രകാരം നല്കിയിരുന്നു. തുടർന്ന് 25-11-2019 ൽ 815 മീറ്റർ നീളത്തിൽ പ്രവൃത്തി സ്ഥലത്ത് കാട് നീക്കുന്നതിന് 2852.50 ച.മീ ന് 10.75 രൂപ പ്രകാരം കരാറുകാരന് തുക നല്കി. എന്നാൽ ഫൈനൽ ലവൽ പ്രകാരം പ്രവൃത്തി സ്ഥലത്തിന്റെ നീളം 1857 മീറ്ററാണ്. 15-3-2019 ൽ 1500 മീറ്റർ ബണ്ട് നിർമ്മിച്ചതിനാൽ തുടർന്ന് 11/19 ൽ 357മീറ്റർ നീളം 3.5 മീ വീതിയിൽ മാത്രം കാട് നീക്കിയാൽ മതിയാകും. ആയതിനാൽ 25-11-2019 ലെ ഇനം 1 പ്രകാരം 815 മീ നീളം 3.5 മീ വീതി അംഗീകരിക്കുന്നില്ല.കരാറുകാരന് അധികം നല്കിയ തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആദ്യ പാർട്ട് ബിൽ നല്കിയ ശേഷം ഇനം 1 പ്രകാരമുള്ള പ്രവൃത്തിക്ക് അനുവദിച്ചത് 815x3.5=2852.5@10.75 | 30664.375 |
| ആദ്യ പാർട്ട് ബിൽ നല്കിയ ശേഷം ഇനം 1 പ്രകാരമുള്ള പ്രവൃത്തിക്ക് അനുവദിക്കാവുന്നത് 357x3.5=1249.5@10.75<br>(1857-1500=357 ) | 13432.125 |
| അധികം നല്കിയത് | 17232.250 |

ഡി എസ് ആർ 1.27.1.1 പ്രകാരമുള്ള കുറവ് വരുത്തിയില്ല

പ്രവൃത്തിയുടെ ഇനം 3 ആയി ചെയ്തിട്ടുള്ളത് ഡി എസ് ആർ 2-6-1 ന്റെ പരിഷ്കരിച്ച ഡാറ്റാ പ്രകാരം വെള്ളത്തിൽ നിന്നും കുഴിച്ചെടുക്കുന്ന മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗിലൂടെ നിലവിലുള്ള പുറം ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തിയാണ്. സാധാരണ മണ്ണ് നിറക്കൽ പ്രവൃത്തികളിൽ കൺസോളിഡേഷന് തുക വകയിരുത്തുന്നുണ്ടെങ്കിലും ഇവിടെ കുഴിച്ചെടുത്ത മണ്ണ് ബണ്ടിൽ നിക്ഷേപിക്കുകയും ആയതിന്റെ അളവിന് കരാറുകാരന് തുക നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ഡി എസ് ആർ 1.27.1.1 പ്രകാരം ഇത്തരം ലൂസ് സ്റ്റാക്കുകളിൽ അളവ് രേഖപ്പെടുത്തുമ്പോൾ 20% കുറവ് രേഖപ്പെടുത്തണം. ഇവിടെ 5126.784 ഘന മീറ്റർ മണ്ണ് നിറക്കലാണ് ലവൽ മെഷർമെന്റ് പ്രകാരം ചെയ്തിട്ടുള്ളത് .ഡി എസ് ആർ പ്രകാരം കരാറുകാരന് തുക നല്കാൻ അളവ് രേഖപ്പെടുത്തുമ്പോൾ ആയതിന്റ് 20% ആയ1025.3568 ഘന മീറ്റർ കുറച്ച് 4101.42 ഘനമീറ്റർ രേഖപ്പെടുത്തി കരാറുകാരന് തുക നല്കിയാൽ മതിയാകും.അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| നല്കിയത്<br>5126.784 ഘനമീറ്ററിന് 131രൂപ/ഘന മീ പ്രകാരം | 671608.70 |
| നല്കാവുന്നത്<br>4101.42 ഘനമീറ്ററിന് 131രൂപ/ഘന മീ പ്രകാരം | 537286.02 |
| അധികം നല്കിയത് | 134322.68 |

മേൽ പറഞ്ഞ 2 ഇനങ്ങളിലുമായി കരാറുകാരന് ആകെ അധികം നല്കിയത്

| | |
|---|---|
| ഡി എസ് ആർ 1.27.1.1 പ്രകാരമുള്ള കുറവ് വരുത്തിയില്ല | 134322.68 |
| തെറ്റായി അളവ് രേഖപ്പെടുത്തി അധിക തുക നല്കി | 17232.25 |
| ആകെ അധികം നല്കിയത് | 151554.93 |

മേൽ വിവരിച്ച പ്രകാരം അളവ് രേഖപ്പെടുത്തിയതിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/24-5-22) ബണ്ട് നിർമ്മാണം നടത്തിയത് ഒരു വശത്ത് 1250 മീറ്റർ നീളത്തിലും മറുവശത്ത് 590 മീറ്റർ നീളത്തിലും ആണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) വിശദീകരിച്ചിട്ടുണ്ട്. ബണ്ട് നിർമ്മാണത്തിന് വേണ്ടിയുള്ള സൈറ്റ് ക്ലിയറൻസ് പ്രവൃത്തി (കാട് വെട്ടിതെളിക്കൽ) ഒരു വശത്തേത് മാത്രമാണ് രേഖപ്പെടുത്തിയതെന്നും മറുവശത്തെ അളവ് മാനുഷിക പിഴവ് മൂലം രേഖപ്പെടുത്താൻ വിട്ടുപോയതായും മറുപടി നൽകി. തുടർന്ന് ഫൈനൽ ബിൽ നൽകുന്നതിന് മുൻപ് വിട്ടുപോയ ഭാഗത്തെ അളവ് കൂടി രേഖപ്പെടുത്തിയതായും വിശദീകരിച്ചിട്ടുണ്ട്. വിവിധയിനം പ്രവൃത്തികളുടെ അളവ് അതാത് സമയത്ത് രേഖപ്പെടുത്തേണ്ടതാകയാൽ അളവ് രേഖപ്പെടുത്തുന്നതിൽ മാനുഷിക പിഴവ് ഉണ്ടായി എന്ന വിശദീകരണം തൃപ്തികരമല്ല. ബണ്ട് നിർമ്മാണത്തിന് മുന്നോടിയായി യഥാർത്ഥത്തിൽ മുഴുവൻ ഭാഗത്തും സൈറ്റ് ക്ലിയറൻസ് ആവശ്യമായി വന്നുവെന്നും ആയത് യഥാർത്ഥത്തിൽ നിർവ്വഹിച്ചതാണെന്നും വ്യക്തമാക്കുന്ന ആധികാരിക രേഖകൾ, മേൽതലത്തിലുള്ള സാങ്കേതിക ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യം സ്ഥിരീകരിക്കുന്നത് വരെ ഡി.എസ്.ആർ. 1.27.1.1 പ്രകാരം 20% കുറവ് ചെയ്യാത്തത് മൂലമുള്ള 1,34,322.68 രൂപയും തെറ്റായി അളവ് രേഖപ്പെടുത്തിയത് മൂലം അധികമായി നൽകിയ 17232.25 രൂപയും ഉൾപ്പെടെ 1,51,554.93 (1,51,555/-) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 കുമരകം ഡിവിഷൻ -അയ്മനം ഗ്രാമപഞ്ചായത്ത് വാർഡ് 18- ചാർത്താലിൽ പാടശേഖരത്തിന് പുറംബണ്ട് നിർമ്മാണം- പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം / തീയതി | 717/21, കുമരകം ഡിവിഷൻ -അയ്മനം ഗ്രാമപഞ്ചായത്ത് വാർഡ് 18- ചാർത്താലിൽ പാടശേഖരത്തിന് പുറംബണ്ട് നിർമ്മാണം |
| കരാറുകാരൻ | ജോർജ്ജ് ജോൺ , പാമ്പാക്കട |
| അടങ്കൽ | 800000 (വികസന ഫണ്ട് (ജനറൽ) 20000 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 800000 (വികസന ഫണ്ട് (ജനറൽ) 17234 (ധനകാര്യകമ്മീഷൻ അവാർഡ്) (ബിൽ നം - 1189/22.03.21 – 800000 രൂപ) (ബിൽ നം - 1192/23.03.21– 17234 രൂപ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| എം ബുക്ക് നം | 19-05/20 |

പുറം ബണ്ടിന്റെ സംരക്ഷണഭിത്തിയ്ക്കായി DR Masonry , RR Masonry മുകളിൽ 5 സെമീ Wearing Coat (CC 1:3:6) എന്നിവ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Mbook പേജ് നം - 8 ൽ RR Masonry ചെയ്തിട്ടില്ലാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ RR Masonry ചെയ്യാതെ ആയതിനു മുകളിൽ ചെയ്യേണ്ട CC 1:3:6 Wearing Coat 2.7 M3 20/02/20 ൽ ചെയ്തിരിക്കുന്നതായി പേജ് നം. 7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. RR Masonry ചെയ്തിരിക്കുന്ന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 20/03/20 ൽ മാത്രമാണ്. (എം ബുക്ക് പേജ് നം. 28). ഇപ്രകാരം പ്രവൃത്തിയിൽ വ്യതിയാനം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (38/26-05-22) മറുപടി ലഭ്യമായില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 9/12/2019 ന് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും പതിനാല് ദിവസത്തിനുള്ളിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടില്ല. (കരാറിൽ ഏർപ്പെട്ട തീയതി - 28/12/19). കരാർ തുകയുടെ 1% പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-39 കുമരകം ഡിവിഷൻ -അയ്മനം ഗ്രാമപഞ്ചായത്ത്, ആയിരം വേലി ഭാഗത്ത് പുറംബണ്ട് നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് | കുമരകം ഡിവിഷൻ -അയ്മനം |

| | |
|---|---|
| | ഗ്രാമപഞ്ചായത്ത്,<br>ആയിരം വേലി ഭാഗത്ത് പുറംബണ്ട് നിർമ്മാണം , 680/2021 |
| കൺവീനർ | ജോർജ് ജോൺ |
| അടങ്കൽ | 1000000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 452826/- ( ബിൽ നം. 26/11-04-20)<br>506078 /-(ബിൽ നം.34/29-03-21)<br>ആകെ 958904/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |

അളവ് പുസ്തകപ്രകാരം 970.984 ഘന മീ മണ്ണ് ഫില്ലിംഗും 95.295 ഘന മീ ക്വാറി മക്ക് ഫില്ലിംഗും നടത്തി 408 മീറ്റർ നീളത്തിൽ പുറംബണ്ട് നിർമ്മാണമായിരുന്ന പ്രവൃത്തി. മണ്ണ് ഫില്ലിംഗിന് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി ഘന മീ 799.1 രൂപ നിശ്ചയിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ ഡി എസ് ആർ പ്രകാരം കരാറുകാരന്റെ മണ്ണ് ഉപയോഗിക്കുന്നതിനുള്ള നിരക്ക് പരിഷ്കരിച്ചാണ് നിരക്ക് നിശ്ചയിച്ചത്. മണ്ണ് കരാറുകാരൻ ശേഖരിക്കുന്ന സ്ഥലം വ്യക്തമാക്കിയിട്ടില്ല. കോട്ടയം ജില്ല പഞ്ചായത്ത് എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ സമാനരരീതിയിൽ അതിരമ്പുഴ ഡിവിഷനിൽ ആർപ്പൂക്കര പഞ്ചായത്തിൽ പായ്‌വട്ടം കറുകപ്പാടം പാടശേഖരത്തിന് പുറംബണ്ട് നിർമ്മാണത്തിൽ (വാഹനയാത്രയും ലക്ഷ്യമിട്ടുള്ള പ്രവൃത്തി) മണ്ണ് നിറയ്ക്കുന്നതിന് ഘന മീ 406.89 രൂപയാണ് വകയിരുത്തിയത് (കൺവീനർ പ്രവൃത്തിയായതിനാൽ സി പി ഉൾപ്പെടുന്നില്ല). ഇടത്തരം ഗതാഗതമുള്ള റോഡു നിർമ്മാണത്തിന് Mord ഡാറ്റാ ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്. കോട്ടയം ജില്ലയിലെ തന്നെ വിവിധ സ്ഥലങ്ങളിൽ സമാനരരീതിയിൽ ഉള്ള പ്രവൃത്തിക്ക് വിവിധ നിരക്കുകൾ സ്വീകരിച്ചതിലൂടെ ജില്ലാ പഞ്ചായത്തിന് മേൽ പ്രവൃത്തിയിൽ അധിക ചെലവ് വന്നിട്ടുള്ളതായി കാണുന്നു.

<table>
<tr><th>നല്കിയ നിരക്ക്</th><th colspan="2">നൽകേണ്ടിയിരുന്ന നിരക്ക്</th></tr>
<tr><td rowspan="7">ഡി എസ് ആർ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം നല്കിയ നിരക്ക് - 799.10</td><td>Mord Data 3.4 പ്രകാരമുള്ള അടിസ്ഥാന നിരക്ക്</td><td>266.51</td></tr>
<tr><td>വാട്ടർ ചാർജ് 1%</td><td>2.60</td></tr>
<tr><td></td><td>269.17</td></tr>
<tr><td>CP OH 15%</td><td>40.37</td></tr>
<tr><td></td><td>309.54</td></tr>
<tr><td>CI 37.39</td><td>115.73</td></tr>
<tr><td></td><td>425.27</td></tr>
</table>

ഒരു ഘന മീറ്ററിന് 373.83 രൂപ പ്രകാരം (799.10-425.27) ജില്ലാ പഞ്ചായത്തിന് അധികചെലവ് ഉണ്ടാകും വിധം നിരക്ക് നിർണ്ണയിച്ചതിനും ആയതിലൂടെ കരാറുകാരന് 970.984 ഘന മീറ്റർ മണ്ണിന് 362983/-രൂപ അധികം ലഭിക്കുന്നതിനും ഇടയായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (36/24.05.2022) മേൽ പദ്ധതിയുടെ റോഡ് നിർമ്മാണത്തിൽ യഥാർത്ഥ ഡേറ്റാ ലഭിക്കാത്തതിനാലാണ് ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കിയതെന്നും അംഗീകൃത എൽ.എസ്.ജി.ഡി. ഒബ്സർവ്ഡ് ഡേറ്റാ 51.2.2 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നതെന്നും പ്രസ്തുത ഒബ്സർവ്ഡ് ഡേറ്റയ്ക്ക് ടെക്നിക്കൽ സാങ്ഷൻ അതോറിറ്റിയാണ് അംഗീകാരം നൽകിയിരിക്കുന്നതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-40 വാകത്താനം ഡിവിഷനിൽ വാകത്താനം പഞ്ചായത്തിലെ വരമ്പിനകം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ - ഡി എസ് ആർ 1.27.1.1 പ്രകാരമുള്ള കുറവ് വരുത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം , പ്രോജക്റ്റ് | 644/21 , വാകത്താനം പഞ്ചായത്തിലെ വരമ്പിനകം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ |
| നിർവഹണോദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| ചെലവ് | ബിൽ നം 24/11.04.20 – 4,91,571 രൂപ<br>ബിൽ നം 476/05.10.20 – 6,69,057 രൂപ<br>ആകെ - 11,60,628 രൂപ<br>(വികസന ഫണ്ട് - പൊതു) |

പ്രവൃത്തിയുടെ ഇനം 3 ആയി ചെയ്തിട്ടുള്ളത് ഡി എസ് ആർ 2-6-1 ന്റെ പരിഷ്കരിച്ച ഡാറ്റാ പ്രകാരം വെള്ളത്തിൽ നിന്നും കുഴിച്ചെടുക്കുന്ന മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗിലൂടെ നിലവിലുള്ള പുറം ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തിയാണ്. സാധാരണ മണ്ണ് നിറയ്ക്കൽ പ്രവൃത്തികളിൽ കൺസോളിഡേഷന് തുക വകയിരുത്തുന്നുണ്ടെങ്കിലും ഇവിടെ കുഴിച്ചെടുത്ത മണ്ണ് ബണ്ടിൽ നിക്ഷേപിക്കുകയും ആയതിന്റെ അളവിന് കരാറുകാരന് തുക നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ഡി എസ് ആർ 1.27.1.1 പ്രകാരം ഇത്തരം ലൂസ് സ്റ്റാക്കുകളിൽ അളവ് രേഖപ്പെടുത്തുമ്പോൾ 20% കുറവ് രേഖപ്പെടുത്തണം. ഇവിടെ 6369.746 ഘന മീറ്റർ മണ്ണ് നിറക്കലാണ് ലവൽ മെഷർമെന്റ് പ്രകാരം ചെയ്തിട്ടുള്ളത് (എം ബുക്ക് 03/19-20 പേജ് 12 , 13) .

ഡി എസ് ആർ പ്രകാരം കരാറുകാരന് തുക നല്കാൻ അളവ് രേഖപ്പെടുത്തുമ്പോൾ ആയതിന്റ് 20% ആയ 1273.9492ഘന മീറ്റർ കുറച്ച് 5095.7968 ഘനമീറ്റർ രേഖപ്പെടുത്തി കരാറുകാരന് തുക നല്കിയാൽ മതിയാകും. അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയത്<br>ആകെ - 6369.746 ഘനമീറ്റർ<br>4392 ഘനമീറ്ററിന് 188രൂപ/ഘന മീ പ്രകാരം<br>1977.746 ഘനമീറ്ററിന് 136രൂപ/ഘന മീ പ്രകാരം | 825696<br>270931.97<br>ആകെ –<br>1096627.97 |
| നല്കാവുന്നത്<br>5095.7968 ഘനമീറ്റർ<br>4392 ഘനമീറ്ററിന് 188രൂപ/ഘന മീ പ്രകാരം<br>703.7968 ഘനമീറ്ററിന് 136.99രൂപ/ഘന മീ പ്രകാരം | 825696<br>96413.123<br>ആകെ –<br>922109.123 |
| അധികം നൽകിയത് | 1,74,518.85രൂപ |

അധികം തുക അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/02-06-22) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ലഭ്യമാക്കിയ മറുപടിയിൽ വാരിമാറ്റിയ ചെളി പ്രകൃത്യാലുള്ള കൺസോളിഡേഷന് (Natural Consolidation) ശേഷമാണ് ലെവൽ മെഷർമെന്റ് പ്രകാരമുള്ള അളവ് രേഖപ്പെടുത്തിയതെന്ന് വിശദീകരിച്ചിരിക്കുന്നു. തോട്ടിൽ നിന്നും കുഴിച്ചെടുക്കുന്ന ചെളി ഓരോ ലെയറായി നിരത്തിയതിന് ശേഷം സ്വാഭാവികമായ കൺസോളിഡേഷനും റാമിങ്ങിനും മതിയായ സമയം നൽകുന്നതായും വിശദീകരിച്ചിട്ടുണ്ട്. ഇപ്രകാരം മണ്ണ് 3 ലെയറുകളായി ബണ്ട് നിർമ്മാണം പൂർത്തീകരിച്ച് അളവ് രേഖപ്പെടുത്തിയതെന്നും മറുപടിയായി പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി സാങ്കേതികമായി പൂർണ്ണമായി അംഗീകരിക്കാവുന്നതല്ല.
സ്വാഭാവികമായ കൺസോളിഡേഷനാണ് (Natural Consolidation) നടത്തിയിട്ടുള്ളതെങ്കിൽ നിശ്ചിത ശതമാനം അളവിൽ കുറവ് ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽതലത്തിലുള്ള അധികാരക്ഷമതയുള്ള സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ സ്പഷ്ടീകരണം കൂടി ആവശ്യമാണ്. ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക പരിശോധനയും തുടർ റിപ്പോർട്ടിംഗും ആവശ്യമാണ്. ഇക്കാര്യം സ്ഥിരീകരിക്കുന്നത് വരെ ലൂസ് സ്റ്റാക്കുകളിൽ അളവ് രേഖപ്പെടുത്തുമ്പോൾ 20% കുറവ് ചെയ്യാത്തത് മൂലമുള്ള 1,74,518.85 (1,74,519/-) രൂപയുടെ അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ജില്ലാ കൃഷിത്തോട്ടം കോഴ -അടിസ്ഥാന സൗകര്യ വികസനം-അനുവദനീയമായതിൽ അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | ജില്ലാ കൃഷിത്തോട്ടം കോഴ -അടിസ്ഥാന സൗകര്യ വികസനം 674/21 |
| കരാറുകാരൻ | ജോബി ജോർജ്ജ്, താഴത്തേപ്പറമ്പിൽ, ഈസ്റ്റ് മാറാടി,മൂവാറ്റുപ്പുഴ |
| അടങ്കൽ | 775000 (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്) |
| ചെലവ് | 771389 (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)<br>ബിൽ നം.70/11.04.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |

എസ്റ്റിമേറ്റ് പ്രകാരം DAF, കോഴയിൽ നിലവിലെ ഓഫീസിന്റെ മുൻഭാഗത്തും വശത്തും കാർ പോർച്ചും, മെഷീനറി ഷെഡും പണിത്, റൂഫിംഗ് ട്രസ് വർക്ക് ചെയ്ത് ജി.ഐ ഷീറ്റ് ഇടാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തിക്ക് 701263 രൂപയും, 10% GST 70126 രൂപയും ഉൾപ്പടെ 771389/- അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ M-Book (1/19-20) പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണപ്പെട്ടു.

| Item No | എഗ്രിമെന്റ് | | Description | Value Of Work Done As Per Bill | Value Of Work Done As Per M-Book | Excess Paid |
|---|---|---|---|---|---|---|
| | Rate | Qty | | | | |
| 6 | 180 | 78 M | Od 1565/2019_20 Providing | 60.8mX180<br>=10944 | 50.8X180=9144 | 1800 |

| | | | | | | |
|---|---|---|---|---|---|---|
| | | | UPVC Euro Guard High Square Rain Water Gutter 160mm | | | |
| 10 | 6000 | 7.866 | 4.1.6 Cement Concrete 1:3:6 | 7.866X6000=47196 | 5.293X6000= 31758 | 15438 |
| ആകെ | | | | | | 17238 |

കരാറുകാരന് അധികം നൽകിയ തുക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 43/20-21/27.05.2022) മറുപടി ലഭ്യമാക്കിയില്ല.

അധികം നൽകിയ തുക 17238/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) ടിയാനിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-42 വഴിയോരവിശ്രമകേന്ദ്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 722/21 , പാമ്പാടി ഗ്രാമപഞ്ചായത്തിൽ വഴിയോര വിശ്രമകേന്ദ്രം നിർമ്മാണം |
| ചെലവ് | 15,00,268 (വികസന ഫണ്ട് (പൊതു) |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, |
| ബിൽ നം | 100/18.04.20 |

പാമ്പാടി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിൽ വഴിയോരവിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 18,75,373 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 16,69,919 രൂപയ്ക്ക് പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ശ്രീ ഷാജി ജോസഫ്, ഇലവത്തിൽ, മുട്ടുചിറ എന്നയാളുമായി 06/02/2017 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 06/02/17 ൽ പ്രവൃത്തിയ്ക്കായി സ്ഥലം കരാറുകാരന് വിട്ടു നൽകണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാമ്പാടി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. എന്നാൽ നിർമ്മാണം നടത്താൻ ആവശ്യമായ സ്ഥലം ലഭ്യമായില്ലെന്ന് 20/07/17 ൽ കരാറുകാരൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ രേഖാമൂലം അറിയിച്ചു. പിന്നീടും വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം ബസ് സ്റ്റാന്റിൽ ആരംഭിച്ചില്ല. പാമ്പാടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30/01/2018 ലെ 1(4) -ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത നിർമ്മിതി ബസ് സ്റ്റാന്റിൽ നിന്നും മാറ്റി ജില്ലാപഞ്ചായത്ത് പദ്ധതി പ്രകാരം പണികഴിപ്പിച്ച കാർഷിക വിപണനകേന്ദ്രത്തിന് മുകളിൽ നിർമ്മിക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു. എന്നാൽ 8/11/2019 ൽ മാത്രമാണ് പാമ്പാടി അസി.എഞ്ചിനീയർ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഇക്കാര്യം രേഖാമൂലം അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് 25/11/2019 ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് എസ്റ്റിമേറ്റ് പുതുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും 16/12/2019 ൽ കൂടിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുകയും ചെയ്തു. എന്നാൽ പ്രോജക്ട് നോട്ട്





ഫയലിൽ നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ സ്ഥലത്തുനിന്നും കാർഷിക വിപണനകേന്ദ്രത്തിന്റെ മുകളിലേയ്ക്ക് പ്രോജക്ട് മാറ്റുന്ന നിർദ്ദേശം ഉപേക്ഷിക്കണമെന്നും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തിരികെ അയയ്ക്കുന്നു എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ 01/02/2020 ൽ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്ന സ്ഥലത്ത് നിർമ്മിക്കുന്നതിന് ജനങ്ങളുടെ എതിർപ്പ് മൂലമാണ് പാമ്പാടി ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിർമ്മാണസ്ഥലം കാർഷിക വിപണന കേന്ദ്രത്തിനു മുകളിലേയ്ക്ക് മാറ്റിയതെന്നും പ്രസ്തുതകെട്ടിടത്തിന്റെ നിർമ്മാണം 02/2020 ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും അസി.എഞ്ചിനീയർ പാമ്പാടി ഗ്രാമപഞ്ചായത്ത്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് എന്നിവർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകി. അനുമതി വാങ്ങാതെ നിർമ്മാണ സ്ഥലം മാറ്റരുതെന്നും അപാകത ആവർത്തിക്കരുതെന്നുമുള്ള കർശന നിർദ്ദേശം തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ രേഖപ്പടുത്തിയിട്ടുണ്ട്. 15,00,268 രൂപ വേലമൂല്യമായ മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ വിഭാവനം ചെയ്ത വഴിയോരവിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിൽനിന്നും കാർഷിക വിപണനകേന്ദ്രത്തിന് മുകളിലേയ്ക്ക് മാറ്റുന്നതിന് അസി.എഞ്ചിനീയർ പാമ്പാടി ഗ്രാമപഞ്ചായത്ത്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാമ്പാടി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനത്തിൽ നിർവഹണോദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച സമയം മാത്രമാണ്. നിർവ്വഹണോദ്യോഗസ്ഥന്റെ തീരുമാനം ലഭ്യമാകാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം പൂർത്തിയാക്കിയതിനുള്ള കാരണം വ്യക്തമല്ല.

2. ജില്ലാ പഞ്ചായത്ത് 1,91,88,700 രൂപ (24,42,697വികസനഫണ്ട് + 17000615നബാർഡ് വിഹിതം ) ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കി 23.1.2019ൽ പാമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയ ഇരുപത്തിയെട്ട് കടമുറികളുള്ള കെട്ടിടത്തിൽ കാർഷികവിപണനകേന്ദ്രമാണ് വിഭാവനം ചെയ്തിരുന്നത്. ഗ്രൗണ്ട് ഫ്ലോറിലെ മുറികൾ വാടകയ്ക്ക് നൽകിത്തുടങ്ങിയിട്ടുണ്ടെങ്കിലും അധികമുറികളും നിലവിലും വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പൂർത്തീകരണ പ്രവൃത്തികൾ ഇനിയും അവശേഷിക്കുന്നുണ്ട്. മഴ പെയ്യുമ്പോൾ കെട്ടിടത്തിന് മുന്നിൽ വെള്ളക്കെട്ട് ഉണ്ടാകുന്നതായി 28/05/22 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. ഇപ്രകാരം ഇനിയും പൂർത്തീകരണ പ്രവൃത്തികൾ അവശേഷിക്കുന്ന കാർഷികവിപണനകേന്ദ്രത്തിനു മുകളിൽ വഴിയോരവിശ്രമകേന്ദ്രം സ്ഥാപിച്ചത് തീർത്തും പ്രയോജനരഹിതമാണെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

3. വഴിയോര വിശ്രമകേന്ദ്രം എന്ന പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് നിലവിലും പൂർത്തീകരിക്കാത്ത കാർഷിക വിപണനകേന്ദ്രത്തിന്റെ മൂന്നാം നില നിർമ്മാണത്തിനായി 15,00,268 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചെങ്കിലും ഇനിയും വൻതുക ചെലവഴിച്ചാൽ മാത്രമേ പ്രസ്തുത കെട്ടിടനിർമ്മാണവും പൂർത്തീകരിക്കാൻ കഴിയൂ.

പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുകയും പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുവാൻ ഇനിയും വൻതുക ചെലവഴിക്കേണ്ടി വരുകയും ചെയ്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 15,00,268 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2020-21 വർഷം എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ നടപ്പാക്കിയ വിവധ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതായി മരാമത്ത് ബില്ലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120105 “Sales Of Empties And Waste Materials” എന്ന ശീർഷകത്തിൽ 530898 രൂപ വരവുണ്ട്. ഇതിൽ കാലിവീപ്പകളുടെ വില, ജി.എസ്.റ്റി എന്നിവ ഉൾപ്പെടുന്നത് എത്രയെന്ന് കണക്കാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 54-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും സർക്കാരിലാക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-44 അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, പായ് വട്ടം കറുകപ്പാടം, പാടശേഖരം വികസനം പ്രവൃത്തി ഫലവത്തായില്ല

| | |
|---|---|
| പ്രോജക്ട് | അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്,<br>പായ് വട്ടം കറുകപ്പാടം, പാടശേഖരം വികസനം , 766/2021 |
| കൺവീനർ | ജിജി ഫിലിപ്പ് |
| അടങ്കൽ | 1450000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 393118 /-(ബിൽ നം തീ 64/12-05-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,എൽ എസ് ജിഡി |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1150 മീ നീളം 3 വീതിയിൽ മണ്ണ് നിറച്ച് ബണ്ട് ഉയർത്താനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രസ്തുത ബണ്ട് റോഡിലൂടെ വാഹനയാത്രയും കാൽനടയാത്രയും ലക്ഷ്യമിട്ടിരുന്നു. റോഡ് സംരക്ഷണത്തിനായി തെങ്ങ്കുറ്റി ഉപയോഗിച്ച് പൈലിംഗും ഉൾപ്പെടുത്തിയിരുന്നു. പ്രവൃത്തിയുടെ നിർമ്മാണത്തിന് ജിജി ഫിലിപ്പ് കൺവീനറായുള്ള പാടശേഖരസമിതിയാണ് കരാർ വച്ചത്. എസ്റ്റിമേറ്റ് പ്രകാരം 3342.50 ഘന മീ ബണ്ട് നിർമ്മാണവും 75 കോക്കനട്ട് പൈലുകളുടെ സ്ഥാപനവുമാണ് ചെയ്യേണ്ടിയിരുന്നത്. അളവുപുസ്തകപ്രകാരം 74 കോക്കനട്ട് പൈലുകളുടെ സ്ഥാപനവും, 813.78 ഘന മീ ബണ്ട് നിർമ്മാണവും നടത്തി 413807.86 രൂപയുടെ പ്രവൃത്തി നടത്തുകയും5% ഓവർഹെഡ്ചാർജ് കുറച്ച് 393118/- രൂപ ചെലവഴിക്കുകയും ചെയ്തു. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 11-10-2019 ന് ശേഷം പ്രസ്തുത സ്ഥലത്ത് യാതൊരു പ്രവൃത്തിയും നടന്നിട്ടില്ല. 2-4-2018 ൽ സൈറ്റ് ഏറ്റെടുത്ത ശേഷം പൈലുകളുടെ സ്ഥാപനം 20-2-2019 ൽ പൂർത്തിയാക്കുകയും ബണ്ട് നിർമ്മാണം 11-10-2019 ൽ 2975.203 ഘന മീറ്റർ പൂർത്തിയാക്കുകയും ചെയ്തതായി ലവൽ മെഷർമെന്റ് കാൽക്കുലേഷൻ ഷീറ്റ് പ്രകാരം കാണുന്നു. ആയത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയെങ്കിലും 540 മീറ്റർ ചെയിനേജ് വരെയുള്ള ഫില്ലിംഗ് 904.206 ഘനമീറ്ററായി വെട്ടിത്തിരുത്തിയാണ് പാർട്ട് ബിൽ തുക നല്കിയിട്ടുള്ളത്.

- ഫയൽ പരിശോധിച്ചതിൽ സ്ഥലം സംബന്ധിച്ച് തർക്കമുണ്ടായതായും പ്രവൃത്തി അവസാനിപ്പിച്ചതായുമാണ് കാണുന്നത്. ഭൂലഭ്യത ഉറപ്പു വരുത്താതെ പ്രവൃത്തി സ്ഥലം കൺവീനർക്ക് കൈമാറിയത് പൊതുമരാമത്ത് മാന്വൽ , ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.
- ഫൈനൽ ലവൽ മെഷർമെന്റ് പ്രകാരം 2975.23 ഘന മീ ബണ്ട് നിർമ്മാണം നടത്തിയതായി കാണുന്നു. ഇതിൽ 904.206 ഘന മീറ്ററിന്റെ തുക മാത്രമാണ് കൺവീനർക്ക് നല്കിയത്. ബാക്കി ലവൽമെഷർമെന്റ് പ്രകാരം 2071 ഘന മീ ചെയ്തെങ്കിലും ആയതിന്റെ തുക (8 ലക്ഷത്തിന് മുകളിൽ) കൺവീനർക്ക് നല്കുകയോ ,ലഭിക്കാത്തതിൽ കൺവീനർ പരാതി ഉന്നയിക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ തന്നെ ഫൈനൽ ലവൽ മെഷർമെന്റ് വിശ്വാസയോഗ്യമല്ല.
- അളവുകൾ അംഗീകരിച്ച് കൺവീനർ അളവുപുസ്തകത്തിൽ ഒപ്പ് വച്ചിട്ടില്ല.
- പുറത്തു നിന്നും കൺവീനർ കൊണ്ടുവരുന്ന മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നതിനുള്ള തുകയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കൺവീനർ മണ്ണ് കൊണ്ടുവന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.
- കൺവീനർ ചെയ്യുന്ന പ്രവൃത്തികളിൽ യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ പ്രവൃത്തിയുടെ ചെലവ് രേഖകൾ, മസ്റ്റർ റോൾ എന്നിവ കൺവീനർ സമർപ്പിച്ചിട്ടില്ല.
- എസ്റ്റിമേറ്റ് പ്രകാരം 1150 മീറ്റർ നീളത്തിൽ ഫില്ലിംഗ് നടത്തുമ്പോളാണ് 75 പൈലുകൾ സ്ഥാപിക്കേണ്ടിയിരുന്നത്. ഇവിടെ 540 മീറ്റർ ചെയ്തപ്പോൾ 74 പൈലുകൾ സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ആദ്യ ഘട്ടത്തിൽ സ്ഥാപിച്ച പൈലുകൾ പലതും അനാവശ്യമായി മാറി.
- അളവുപുസ്തകം പേജ് 8 ൽ ഫൈനൽ ബിൽ തയ്യാറാക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയറും സാക്ഷ്യപ്പെടുത്തിയതിൽ നിന്നും പ്രവൃത്തി അവസാനിപ്പിച്ചതായി കാണാവുന്നതാണ്.

വിപുലമായ ലക്ഷ്യത്തോടെ ആരംഭിച്ച പ്രോജക്ട്, പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ മൂലം ഫലപ്രദമായില്ല എന്ന് കാണാവുന്നതാണ്. കൃത്യമായ ചെലവ് കണക്കുകളില്ലാതെയും, അളവുകൾ രേഖപ്പെടുത്താതെയും (വിശ്വാസയോഗ്യമായ) നല്കിയ തുക പാഴായതായി കാണുന്നു. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/24-05-22) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ ശരിയായ അളവ് രേഖപ്പെടുത്താതെയും, ഗുണഭോക്തൃസമിതി ചെയ്ത പ്രവൃത്തി ആയതിനാൽ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും, ഭൂലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി സ്ഥലം കൺവീനറെ ഏല്പിച്ചത് മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുകയും സർവ്വോപരി ചെലവ് തുക കർഷകോപകാരപ്രദമാക്കാൻ കഴിയാത്തതിനാലും മേൽ പ്രോജക്ടിനായുള്ള 393118/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നഷ്ടം വന്ന തുക ഭൂലഭ്യത ഉറപ്പുവരുത്താതെ കരാർ ചമച്ച നിർവ്വഹണഉദ്യോഗസ്ഥൻ, തെറ്റായ അളവ് രേഖപ്പെടുത്തിയ (ലവൽ മെഷർമെന്റ് എടുത്ത) അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-45 പേരിൽക്കൂട്ടി കരം കെട്ടാത്ത വസ്തു ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തി- ഉടമസ്ഥത സംബന്ധിച്ച തർക്കം മൂലം നിർമ്മാണം പാതി വഴിയിൽ

പ്രോജക്ട് വിശകലനം

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 1141/21- പൂഞ്ഞാർ ഡിവിഷൻ- മേലുകാവ് ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിൽ |

| | |
|---|---|
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| അടങ്കൽ | 2000000 |
| ആകെ ചെലവ് | 1743286/രൂപ |
| തൻവർഷ ചെലവ് ബിൽ നമ്പർ | 743286/രൂപ -ബിൽ നമ്പർ 21/20-21/ 17.03.21/ ബിൽ ബുക്ക് നമ്പർ 3 |
| എം.ബുക്ക് നമ്പർ | 176/18 |
| കരാറുകാരന്റെ പേര് | ഷാജി മാത്യു കണ്ടത്തിൽ |

പ്രോജക്ട് നമ്പർ 1141/21 പൂഞ്ഞാർ ഡിവിഷൻ- മേലുകാവ് ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 2017-18 ൽ ആരംഭിച്ച പ്രോജക്ടിനായി നാളിതുവരെ 1743286/രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ട് പാർട്ട് ബില്ലുകളിലായി ആകെ 1000000/- രൂപ മുൻവർഷങ്ങളിൽ ചെലവഴിച്ചിരുന്നു. 2020-21 ൽ എം.ബുക്ക് നമ്പർ 176/18 ലെ പേജ് 11 ലെ വിവരങ്ങൾ പ്രകാരം 743286/രൂപ (ബിൽ നമ്പർ 21/20-21/ 17.03.21/ ബിൽബുക്ക് നമ്പർ 3 ) ഫൈനൽ ബിൽ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 27.05.2022-ൽ മേലുകാവ് ഗ്രാമ പഞ്ചായത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ച് പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതായി കണ്ടു. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, പെയിന്റിംഗ് മുതലായ ജോലികൾ ചെയ്തിട്ടില്ല. കെട്ടിടത്തിന്റെ പരിസരം കാടുപിടിച്ച് കിടക്കുന്നതായും കാണപ്പെട്ടു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് സ്ഥലം വിട്ടു നൽകിയ ആളുമായി തർക്കം ഉണ്ടായതായി കാണുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മേലുകാവ് ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിൽ ഊരുകൂട്ടം ഹാൾ നിർമ്മിക്കുന്നതിനായി അഞ്ച് സെന്റ് സ്ഥലം വിട്ടുനൽകുന്നതിന് ഡോ. എൻ.ജെ. ഐസക്, നെടിയപാലയ്ക്കൽ എന്നയാൾ സമ്മതപത്രം നൽകിയിരുന്നു. 12.02.2018-മേലുകാവ് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ X111 (1) നമ്പർ തീരുമാനപ്രകാരം ഡോ. എൻ.ജെ. ഐസക് സമ്മതപത്രം നൽകിയ അഞ്ച് സെന്റ് സ്ഥലം പോക്കുവരവ് നടത്തി കരം കെട്ടി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. സമ്മതപത്രത്തോടൊപ്പം ലഭ്യമാക്കിയ കരം കെട്ടിയ രസീതിൽ ഡോ. എൻ.ജെ. ഐസക് വിട്ടുനൽകുന്നതിന് സമ്മതപത്രം നൽകിയ വസ്തു അദ്ദേഹത്തിന്റെയും, ജോസഫ് ഭാര്യ അന്ന, ജോസഫ് ബെഞ്ചമിൻ എന്നീ രണ്ട് പേരുടേയും കൂടി ഉടമസ്ഥതയിലുള്ളതാണ് എന്ന് വ്യക്തമായിരുന്നു. ഈ വസ്തുത സെക്രട്ടറി പരിശോധിച്ച് യഥാസമയം ഭരണസമിതിയെ അറിയിച്ചില്ല. എന്നുമാത്രമല്ല വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ പേരിൽക്കൂട്ടുന്നതിനുള്ള ഭരണസമിതി തീരുമാനം നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടികളും സെക്രട്ടറി സ്വീകരിച്ചില്ല.

പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന്റെ ചുമതലയുള്ള പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരംകെട്ടിയതിന്റെ വിശദാംശങ്ങൾ സെക്രട്ടറി കൈമാറാതെ സ്ഥലം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി. ഇപ്രകാരം ക്രമവിരുദ്ധമായി അസിസ്റ്റന്റ് എഞ്ചിനീയർ ആസ്തിരജിസ്റ്ററിൽ സ്ഥലം ഉൾപ്പെടുത്തിയത് ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറി ആധികാരികമാക്കി. ഇപ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കാതെ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിലെ പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കി .

കെട്ടിട നിർമ്മാണത്തിനായി 1743286/- രൂപ ചെലവഴിച്ച സമയത്ത് സ്ഥലം വിട്ടു നൽകാൻ

സമ്മതപത്രം നൽകിയ ഡോ. എൻ.ജെ. ഐസക് സ്ഥലത്തിന്റെ ഉടമസ്ഥത തനിക്കാണ് എന്നവകാശപ്പെട്ട് സ്ഥലത്തിന് ചുറ്റും വേലികെട്ടി നിർമ്മാണം തടസ്സപ്പെടുത്തി. പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ.നോയൽ വി.സാമുവേൽ, വയൽമുണ്ടക്കൽ, എന്നയാൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ നൽകിയ 165/21 നമ്പർ പരാതി നാളിതുവരെ തീർപ്പാക്കിയിട്ടില്ല. നിലവിലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിൽ ആക്കുന്നതിന് സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 50/ 23.05.22 ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിന് വിട്ടു നൽകാൻ ഉടമ സമ്മതം നൽകിയ വസ്തു നിയമാനുസൃത നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരംകെട്ടി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആക്കാതിരുന്ന സെക്രട്ടറിയുടേയും, പഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരംകെട്ടിയതിന്റെ വിശദാംശങ്ങൾ സെക്രട്ടറി കൈമാറാതെ സ്ഥലം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ക്രമവിരുദ്ധ നടപടികൾ മൂലം 1743286/- രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുന്നതിന് സാധിക്കുന്നില്ല. വസ്തു സംബന്ധിച്ച തർക്കം പരിഹരിച്ച് കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിന് സാധിക്കാതെ വന്നാൽ ചെലവഴിച്ച 1743286/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി എൽസമ്മ ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജയിംസ് ജോർജ് എന്നിവരിൽ നിന്നും തുല്യമായി ഇടാക്കേണ്ടതാണ്. പരാമർശിത അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായുള്ള 743286/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ ഈടാക്കിയതിൽ കുറവ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | പ്രൊട്ടക്ഷൻ ഓഫ് സൈഡ് വാൾ ഇരുമ്പൂന്നിക്കര ചെറുപള്ളിതോട്-എരുമേലി ഗ്രാമപഞ്ചായത്ത്-എരുമേലി ഡിവിഷൻ (പ്രോ.നം 1044/21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| അടങ്കൽ | 1000000 |
| ചെലവ് തുക | 970188 |
| ബിൽ നമ്പർ തീയതി | 57/20-21/24.11.20 |

എഗ്രിമെന്റ് പ്രകാരം 30.01.2019 മുതൽ 5 മാസം പൂർത്തീകരണസമയമുള്ള പ്രവൃത്തി ഗ്രേസ് പീരിയഡ് ഉൾപ്പടെ 30-07-2019 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്ത് പൂർത്തീകരിക്കാഞ്ഞാൽ ആദ്യ മൂന്ന് മാസം 1% പിഴയും, പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും 2% പിഴയും ഈടാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 10.07.2020 ൽ മാത്രമാണ്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനായ ബിജു തോമസ്സിൽ നിന്നും 3% കണക്കാക്കി 29646/- രൂപയാണ് ഫൈൻ ഈടാക്കിയത്. ഫൈൻ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഈടാക്കേണ്ടിയിരുന്ന പിഴതുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സൈറ്റ് കൈമാറിയത് | 30.01.2019 | |
| കരാർ പ്രകാരം പൂർത്തീകരണ സമയം/ തീയതി | 5മാസം-30.06.2019 | |
| ഗ്രേസ് പീരിയഡ് (5മാസംX30=150X20% | 30ദിവസം | |

| | | |
|---|---|---|
| ഗ്രേസ് പീരിയഡ് അനുവദിച്ചാൽ പൂർത്തീകരണ തീയതി | 30.07.2019 | |
| കരാർ വ്യവസ്ഥ പ്രകാരം 1% പിഴയോടെ പൂർത്തീകരിക്കേണ്ടത് ആദ്യ 3 മാസം | 30-10-2019 വരെ | 9998 |
| തുടർന്ന് വരുന്ന 3 മാസം 2% പിഴ | 30.01.20 വരെ | 19995 |
| തുടർന്ന് വരുന്ന 3 മാസം 2% പിഴ | 30.04.20 വരെ | 19995 |
| തുടർന്ന് പൂർത്തിയായ തീയതി വരെ | 10.07-2020 | 19995 |
| ആകെ | | 69983 |

ഫൈൻ കുറവായി ഈടാക്കാനുണ്ടായ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 42/21 തീയതി 26.05.22ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ പിഴ ഇനത്തിൽ കുറവ് വന്ന 40337/- (69983-29646) രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-47 പൂഞ്ഞാർ ഡിവിഷൻ -തിടനാട് ഗ്രാമപഞ്ചായത്ത്, 6ാം വാർഡ് ഭാവനാ നഗർ-വയോജനങ്ങൾക്ക് വിനോദവിശ്രമ കേന്ദ്രം നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | പൂഞ്ഞാർ ഡിവിഷൻ -തിടനാട് ഗ്രാമപഞ്ചായത്ത്, 6ാം വാർഡ് ഭാവനാ നഗർ-വയോജനങ്ങൾക്ക് വിനോദവിശ്രമ കേന്ദ്രം, 1442/2021 |
| കരാറുകാരൻ | സിന്തോൾ തോമസ് |
| അടങ്കൽ | 2000000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 1405310/- (2019-20)<br>430822/-(ബിൽ നം തീ 83/20-01-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |

ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 ആയി ചെയ്യേണ്ടിയിരുന്നത് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് 525.61 ഘന. മീ മണ്ണ് നിറയ്ക്കലായിരുന്നു. ഡി എസ് ആർ 50.2.25.1 പ്രകാരമുള്ളതും ട്രഞ്ച്, പ്ലിന്ത്, ഫൗണ്ടേഷൻ സൈഡ് എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് അനുയോജ്യമായതുമായ നിരക്ക് ഉൾപ്പെടുത്തിയാണ് സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 18 മീ നീളം 7.95 മീ വീതി 3.80 മീ കനത്തിൽ തുറസ്സായ സ്ഥലത്ത് മണ്ണ് നിറയ്ക്കേണ്ട പ്രവൃത്തിയാണ് ആവശ്യമായിട്ടുള്ളത്. ഇതിന് നല്കാവുന്ന നിരക്ക് ഡി എസ് ആർ 50.2.26.1 പ്രകാരമുള്ളതും തുറസ്സായ സ്ഥലത്ത് മണ്ണ് നിറയ്ക്കുന്നതിന് അനുവദനീയമായതുമായ നിരക്കാണ്. മേൽ പ്രവൃത്തിക്ക് ഘന മീറ്ററിന് 448.57 രൂപ വകയിരുത്തുകയും കരാറുകാരൻ അംഗീകരിച്ച 385.95 രൂപ പ്രകാരം 541.811 ഘന മീറ്ററിന് 209111.96 രൂപ കരാറുകാരന് നല്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പരിശോധനയിൽ കരാറുകാരന് അധിക തുക നല്കിയിട്ടുള്ളതായി കാണുന്നു.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് തുക നല്കി .

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 പ്രകാരവും

ചെയ്യേണ്ടിയിരുന്നത് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് 525.61 ഘന. മീ മണ്ണ് നിറയ്ക്കലായിരുന്നു. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കൂടുതൽ അളവിൽ മണ്ണ് പണി ആവശ്യമായിരുന്നെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി വാങ്ങേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തകത്തിൽ 541.811 ഘന മീ രേഖപ്പെടുത്തി കരാറുകാരന് തുക നല്കിയിട്ടുണ്ട്. ഇത്തരത്തിൽ അനുമതി ഇല്ലാതെ കരാറുകാരൻ അധികമായി ചെയ്ത 16.20ഘന മീ (541.811-525.61) മണ്ണ് നിറയ്ക്കലിന് 385.95 രൂപ പ്രകാരം 6252.39 രൂപ അധികം നല്കിയിട്ടുണ്ട്.

<u>മണ്ണ് നിറയ്ക്കൽ പ്രവൃത്തി -വോയിഡ്സ് കുറവ് വരുത്തിയില്ല</u>

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (സ്പെസിഫിക്കേഷൻ 2009, 2019. 1-27-1-2പ്രകാരം )മെക്കാനിക്കൽ കൺസോളിഡേഷൻ ഇല്ലാത്ത മണ്ണ് നിറക്കൽ പ്രവൃത്തികളിൽ 10% വോയിഡ്സ് ആയി കുറവ് ചെയ്യേണ്ടതുമുണ്ട് (ഡി എസ് ആർ 50.2.25.1 , ഡി എസ് ആർ 50.2.26.1 എന്നിവ പൂർണ്ണമായും യന്ത്രസഹായമില്ലാത്ത കൺസോളിഡേഷൻ പ്രവൃത്തികളാണ്). അളവ് പുസ്തക പ്രകാരം നിർവ്വഹിച്ച 525.61 ഘന മീറ്റർ മണ്ണ് നിറക്കലിന്റെ 10% കുറച്ച അളവായ 473.35 ഘന മീറ്ററിന് മാത്രമേ കരാറുകാരന് അർഹതയുള്ളു (റാമിംഗ് കൺസോളിഡേഷൻ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്). എന്നാൽ 525.61 ഘന മീറ്ററിന് തുക നല്കിയതു മൂലം 52.26 ഘന മീറ്ററിന് (525.61-473.35) 385.95 രൂപ നിരക്കിൽ 20169.74 രൂപ കരാറുകാരന് അധികം നല്കി.

<u>തെറ്റായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ കരാറുകാരന് അധിക തുക നല്കി</u>

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 ആയി കരാറുകാരൻ ചെയ്തത് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് 525.61 ഘന. മീ മണ്ണ് നിറയ്ക്കലായിരുന്നു. ഡി എസ് ആർ 50.2.25.1 പ്രകാരമുള്ളതും ട്രഞ്ച്,പ്ലിന്ത്,ഫൗണ്ടേഷൻ സൈഡ് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് അനുയോജ്യമായതുമായ നിരക്കാണ് ഉൾപ്പെടുത്തി സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 18 മീ നീളം 7.95 വീതി 3.80 മീ കനത്തിൽ തുറസ്സായ സ്ഥലത്ത് മണ്ണ് നിറക്കേണ്ട പ്രവൃത്തിയാണ് ആവശ്യമായിട്ടുള്ളത്. ഇതിന് നല്കാവുന്ന നിരക്ക് ഡി എസ് ആർ 50.2.26.1 പ്രകാരമുള്ളതും തുറസ്സായ സ്ഥലത്ത് മണ്ണ് നിറയ്ക്കുന്നതിന് അനുവദനീയമായതുമായ നിരക്കാണ്.

| | |
|---|---|
| <u>നല്കിയത്</u><br>ഡി എസ് ആർ 50.2.25.1 പ്രകാരമുള്ളതും ട്രഞ്ച്,പ്ലിന്ത്,ഫൗണ്ടേഷൻ സൈഡ് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് നല്കാവുന്നതുമായ തുക 311.25(അടിസ്ഥാന നിരക്ക്)* 1.4412 (CI) =447.58 | 447.58 രൂപയിൽ നിന്നും ടെണ്ടർ കുറവ് 13.96% ആയ 62.62 രൂപ കിഴിച്ച് 385.95 രൂപ/ഘന മീറ്റർ |
| <u>നല്കാവുന്നത്</u><br>ഡി എസ് ആർ 50.2.26.1 പ്രകാരമുള്ളതും തുറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിന് നല്കാവുന്നതുമായ തുക 199.25(അടിസ്ഥാന നിരക്ക്)* 1.4412(CI) =287.16 | 287.16 രൂപയിൽ നിന്നും ടെണ്ടർ കുറവ് 13.96% ആയ 40.08 രൂപ കിഴിച്ച് 247.08 രൂപ/ഘന മീറ്റർ |
| <u>അധികം നല്കിയത്</u><br>ക്ര നം 1 പ്രകാരമുള്ള 16.20 ഘന മീ കുറച്ച് 473.35 ഘന മീറ്ററിന് 138.87 രൂപ പ്രകാരം<br>138.87 രൂപ പ്രകാരം ( 447.58-287.16=138.87) | 65734.11 രൂപ<br>65734/-ആയി ക്രമപ്പെടുത്തി |

പ്രവൃത്തിയുടെ ഒരേ ഇനത്തിന് വിവിധ അപാകതകളിലൂടെ അധികം നല്കിയ തുകയുടെ വിവരം

| | |
|---|---|
| റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് അധികമായി നല്കിയ തുക | 6252.39 |
| മണ്ണ് നിറക്കൽ പ്രവൃത്തി-വോയിഡ്സ് കുറവ് വരുത്താത്തതുമൂലം അധികം നല്കിയത് | 20169.7 |
| തെറ്റായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ കരാറുകാരന് അധികം നല്കിയ തുക | 65734.00 |
| ആകെ അധികം നല്കിയത് | 92156.09, 92156/- രൂപയായി ക്രമപ്പെടുത്തി |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/23-5-22) മറുപടി നല്കിയിട്ടില്ല. അധികം നല്കിയ തുകയിൽ 26422.09 രൂപ (6252.39+20169.70 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും 65734/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നല്കിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

1-48 അയർക്കുന്നം ഡിവിഷൻ-അയർക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 2ൽ കുടിവെള്ളപദ്ധതി പൂർത്തീകരണം- നിർമ്മാണപ്രവർത്തനങ്ങൾ പാതി വഴിയിൽ നിലച്ചു-

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാപഞ്ചായത്ത് 2019-20 വർഷം ആരംഭിച്ച അയർക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 2ൽ കുടിവെള്ളപദ്ധതിയ്ക്കായി താഴെപറയുന്ന രീതിയിൽ 2 പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയിരുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | 883/21 | 690/21 |
| അടങ്കൽ | 540000(വികസനഫണ്ട്) | 65532(വികസനഫണ്ട്)+ 234468(CFC)= 300000 |
| ചെലവ് | 536043 | 65532(വികസനഫണ്ട്)+ 218806(CFC)= 284338 |
| കരാറുകാരൻ | ഷോണി പി ജേക്കബ് | അഗസ്റ്റിൻ റ്റി മാത്യു |
| ബിൽ നം | 141/26-5-20 | 8/18-4-20(1), 135/25-2-28(2), 119/30-3-21(3) |
| എംബുക്ക് നം | 468/18-19 | 224/19-20, 41/20-21, |

പ്രസ്തുത പ്രൊജക്ടിന്റെ ഭാഗമായി കിണർ നിർമ്മാണം , 10HPമോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൗസ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിരുന്നു. പരിശോധനയുടെ ഭാഗമായി 28-05-22 ന് അയർക്കുന്നം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധനയിൽ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടില്ലായെന്ന് കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊ.നം 690/21 പ്രകാരം ഒന്നാമത്തെ ഇനമായി 7.5 Kg 10HP ഹൈപ്രഷർ വെർട്ടിക്കൽ മൾട്ടിസ്റ്റേജ് പമ്പ് സെറ്റ് സ്ഥാപിച്ചതായി എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ വെർട്ടിക്കൽ പമ്പ് സെറ്റിന് പകരം സബ്മെഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിച്ചതായാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. മാർക്കറ്റ് റേറ്റ് പ്രകാരം വാങ്ങിയ സബ്മെഴ്സിബിൾ പമ്പ്സെറ്റിന്റെ പർച്ചേസ് ബിൽ ഹാജരാക്കിയിരുന്നില്ല. വെർട്ടിക്കൽ പമ്പ് സെറ്റിന് പകരം സബ്മെഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിച്ചത് എംബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിരുന്നില്ല. എംബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ തുക നൽകിയത് ക്രമപ്രകാരമല്ല.

2. പ്രൊ.നം 690/21 പ്രകാരം 6.250m2 വിസ്തീർണ്ണമുള്ള പമ്പ്ഹൗസ് നിർമ്മിച്ച് വയറിങ്ങ് ജോലികൾ പൂർത്തീകരിക്കുന്നതിനായി 97860/- രൂപ ചെലവഴിച്ചിരുന്നു. മോട്ടോർ സ്ഥാപിക്കുന്നതിനുള്ള കോൺക്രീറ്റ് തറ ഉൾപ്പെടെ തയ്യാറാക്കിയിരുന്നു. സബ്മെഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും പാനൽബോർഡ് സ്ഥാപിക്കാനും ഈ രീതിയിൽ വലിപ്പമുള്ള പമ്പ് ഹൗസ് ആവശ്യമില്ലായെന്നിരിക്കെ 97860/- രൂപ ചെലവഴിച്ച് പമ്പ് ഹൗസ് സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല. വയറിങ്ങ് പ്രവർത്തികൾ പൂർത്തീകരിച്ചിരുന്നുവെങ്കിലും ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കിയിരുന്നില്ല. 2021-22 വർഷവും ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടിസ്വീകരിച്ചിരുന്നില്ല.

3. കിണർ, പമ്പ് ഹൗസ് എന്നിവ നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഫയലിലില്ല. ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. കുടിവെള്ളപദ്ധതിയുടെ തുടർപ്രവർത്തികളായ വാട്ടർടാങ്ക് സ്ഥാപിക്കൽ, പമ്പിങ്ങ് മെയിൻ, വിതരണപൈപ്പുകൾ സ്ഥാപിക്കൽ എന്നിവ ഏത് തദ്ദേശസ്വയംഭരണസ്ഥാപനമാണ് നിർവ്വഹിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നില്ല. . കുടിവെള്ളപദ്ധതി പൂർത്തീകരിക്കാനാവശ്യമായ എല്ലാഇനങ്ങളും ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതും ക്രമപ്രകാരമല്ല.

5. 13-ാംപദ്ധതി മാർഗരേഖപ്രകാരം (7.1.(ബി) 1) എല്ലാ കുടിവെള്ള പ്രൊജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കണമെന്നും കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളെ ഏൽപിക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ഈ രീതിയിൽ ഗുണഭോക്തൃവിഹിതം സമാഹരിക്കാതിരുന്നതിന്റെയും ഗുണഭോക്തൃസമിതികളെ തെരഞ്ഞെടുക്കാതിരുന്നതിന്റെയും കാരണം വ്യക്തമല്ല.





സ്ഥലപരിശോധനയിൽ കുടിവെള്ളപദ്ധതിയുടെ തുടർപ്രവർത്തികളായ വാട്ടർടാങ്ക് സ്ഥാപിക്കൽ, പമ്പിങ്ങ് മെയിൻ, വിതരണപൈപ്പുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് കാണുന്നു. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 46/1-6-22) മറുപടി ലഭ്യമാക്കിയിരുന്നില്ല. കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ, മേൽ പ്രോജക്റ്റിനായുള്ള 536043+284338=820381/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

1-49 പുലിയുറുമ്പിൽ -നെയ്യാട്ടുശ്ശേരി കുടിവെള്ളപദ്ധതി പൂർത്തീകരണം-3 ഫേസ് കണക്ഷന് തുക നിക്ഷേപം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊനം &പേര് | 679/21 പൊൻകുന്നം ഡിവിഷൻ -പള്ളിക്കത്തോട് -പുലിയുറുമ്പിൽ -നെയ്യാട്ടുശ്ശേരി കുടിവെള്ളപദ്ധതി പൂർത്തീകരണം |
| അടങ്കൽ | 213605(വികസനഫണ്ട്)+ 286395(CFC) |
| ചെലവ് | 213605(വികസനഫണ്ട്) |

അസി.എക്സി.എഞ്ചിനീയർ, എൽഎസ്ജിഡി നിർവ്വഹണോദ്യോഗസ്ഥനായി പള്ളിക്കത്തോട് -പുലിയുറുമ്പിൽ -നെയ്യാട്ടുശ്ശേരി കുടിവെള്ളപദ്ധതി പ്രൊജക്റ്റിന് 3 ഫേസ് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടി കെസ്ഇബി പൊൻകുന്നം ഡിവിഷനിൽ 213605/- രൂപ നിക്ഷേപിച്ചിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 41/26-5-22) മറുപടി ലഭ്യമായില്ല. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല. പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ,മേൽ പ്രോജക്റ്റിനായുള്ള 213605/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-50 പ്രൊ.നം 1042/21 കറിച്ചി ഡിവിഷനിൽ പനച്ചിക്കാട് പഞ്ചായത്തിൽ കുമ്പാടി

പാടശേഖരത്തിന് മോട്ടോറും മോട്ടോർ വാച്ചാൽ നിർമ്മാണവും -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| അടങ്കൽ | 10,00,000/-വികസനഫണ്ട് (പൊതു) |
| ചെലവ് | 914585/-( Bill No-30/05-11-20(2) |
| കൺവീനർ | അനിതാകുമാരി , കൊച്ചുപുരയ്ക്കൽ |
| എംബുക്ക് | 217/19-20 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രൊജക്റ്റ് പ്രകാരം പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ കഴിഞ്ഞ 30 വർഷമായി തരിശുകിടക്കുന്ന 7.5 ഏക്കർ കുമ്പാടി പാടശേഖരത്തിന്റെ ജലദൗർലഭ്യം പരിഹരിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ മോട്ടോർഷെഡ് സ്ഥാപിക്കൽ, 1500m നീളത്തിലും 3m വീതിയിലും തോട് ആഴംകൂട്ടൽ, വാച്ചാൽ നിർമ്മാണം ഇവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ശ്രീ.ബെന്നി തോമസ് മഠത്തിപറമ്പിൽ, കുഴിമറ്റം മുതൽപേരുടെ ഉടമസ്ഥതയിലുള്ള പാടശേഖരത്തിൽ പാടശേഖരസമിതികളുടെ ആവശ്യപ്രകാരം തോട്ടിലേക്ക് വള്ളം ഇറക്കുന്നതിന് വേണ്ടി തോടിന്റെ വീതി 5m ആയി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരം മേൽ പ്രകാരം വീതി വർദ്ധിപ്പിക്കുമ്പോൾ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്യുന്ന നീളത്തിൽ ആഴം കൂട്ടൽ സാദ്ധ്യമല്ലെന്നും ആയതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലാപഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 5(4) നമ്പർ തീരുമാനപ്രകാരം അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

പുതുക്കിയ എസ്റ്റിമേറ്റ് 800m മാത്രം നീളത്തിൽ ആഴവും വീതിയും വർദ്ധിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. 914585/- രൂപ ചെലവഴിച്ച് 800m നീളത്തിൽ ആഴം വർദ്ധിപ്പിക്കുകയും മോട്ടോർഷെഡ്, നിർമ്മാണവും പൂർത്തീകരിച്ചിരുന്നു. 1500m നീളത്തിൽ വീതിയും ആഴവും വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ തോട്ടിൽ വള്ളം ഇറക്കുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനും സാധിക്കൂ എന്നിരിക്കെ 800m മാത്രം ആഴം കൂട്ടൽ നടത്തി പ്രവർത്തി അവസാനിപ്പിച്ചതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിരുന്നുവോയെന്ന് വ്യക്തമല്ല. മോട്ടോർ സ്ഥാപിച്ച് കൃഷി പുനരാരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ബാക്കി ഭാഗത്തിനും കൂടി വീതി കൂട്ടുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/26-5-22) മറുപടി ലഭ്യമായില്ല. ആവശ്യമായ അളവിൽ വീതിയും ആഴവും വർദ്ധിപ്പിക്കാതിരുന്നത് മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചതായി കരുതുന്നില്ല. നിലവിൽ പ്രസ്തുത പാടശേഖരത്തിൽ കൃഷി ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്ന് പനച്ചിക്കാട് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആവശ്യമായ അളവിൽ വീതിയും ആഴവും വർദ്ധിപ്പിച്ച് പാടശേഖരം കൃഷിയോഗ്യമാക്കാത്ത പക്ഷം 914585/- രൂപ ചെലവഴിച്ചത് പാഴ്ചെലവായി മാറുന്ന സാഹചര്യമാണ്. അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് പാടശേഖരം കൃഷിയ്ക്ക് ഉപയുക്തമാക്കേണ്ടതാണ്.

1-51 എസ് സി പി ഫണ്ട് വിനിയോഗം- ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് പരിഗണിക്കാതെയുള്ള നിർമ്മാണം- നടപടി ക്രമവിരുദ്ധം

| | |
|---|---|
| പ്രൊജക്ട് നം &പേര് | 1109/21 കിടങ്ങൂർ ഡിവിഷൻ -അകലക്കുന്നം പഞ്ചായത്ത് തവളപ്ലാക്കൽ SC കോളനി മാതൃകാകോളനിയാക്കൽ |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| അടങ്കൽ | 20,00,000(SCP) |
| ചെലവ് | 864360 |
| കരാറുകാരൻ | സാബു ജോസഫ് |
| എം ബുക്ക് നം. | 349/19-20 |
| ബിൽ നം. | 55/28-3-21(3) |

തവളപ്ലാക്കൽ SC കോളനി മാതൃകാകോളനിയാക്കൽ എന്ന പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റിങ്ങ്, കുടിവെള്ള പദ്ധതി പൂർത്തീകരണം, സംരക്ഷണഭിത്തി നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാകുകയും ടെൻഡർ നടപടികൾ സ്വീകരിച്ച് ശ്രീ.സാബു ജോസഫ് എന്ന കരാറുകാരൻ 24-9-20ന് അസി.എക്സി.എഞ്ചിനീയറുമായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

എസ് സി ഡെവലപ്മെന്റ് ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം തവളപ്ലാക്കൽ കോളനിയിലേക്കുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് കോൺക്രീറ്റ് പൂർണമായും കോളനിയ്ക്ക് വെളിയിൽ ആയതിനാലും ശ്രീ ജോസഫ് വാക്കയിൽ, ആന്റണി സിറിയക് ചാത്തനാട്, സാജു കര്യാക്കോസ് എന്നിവരുടെ സ്ഥലത്തിന് നടുവിലൂടെ ആയതിനാൽ റോഡ് കോൺക്രീറ്റ് നിർമ്മാണം SCഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ സാദ്ധ്യമല്ലാത്തതാണെന്നും ഈ പ്രൊജക്ടിൽ ഉൾപ്പെട്ട കുടിവെള്ളപദ്ധതി പൂർത്തീകരണം, സംരക്ഷണഭിത്തി നിർമ്മാണം, എന്നിവ SCഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ എംബുക്ക് പ്രകാരം റോഡ് കോൺക്രീറ്റിങ്ങ് പ്രവർത്തികളായ സർഫസ് ഡ്രെസിങ്ങ്, Cc 1:2:4 എന്നിവ 215m നീളത്തിൽ നടത്തി ആദ്യ പാർട്ട് ബില്ലായി 8,64,360/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭിക്കാത്ത പ്രവർത്തികൾ എസ് സി ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം39/26-5-22) മറുപടി ലഭ്യമായിരുന്നില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്ന പ്രൊജക്ട് നടപ്പാക്കുന്നതിന് 8,64,360/-രൂപ ചെലവഴിച്ച നടപടി അംഗീകരിക്കാവുന്നതല്ല. എസ് സിപി ഫണ്ടിന്റെ ദുർവിനിയോഗമായി ഈ നടപടി വിലയിരുത്തുന്നു. ഈയിനത്തിൽ ചെലവഴിച്ച 8,64,360/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതി വാങ്ങി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-52 പൊതുകുളങ്ങളുടെ നവീകരണം- പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 601/21 (254/19-20) നീന്തൽ പരിശീലനത്തിനായി മാരാംവീട് പൊതുകുളം നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| അടങ്കൽ | 1000000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 930126/- |
| ബിൽനമ്പർ | 60/27-3-21 |
| കരാറുകാരൻ | സപ്തമി, തമ്പുരാൻ കരുവേലി |

തലയാഴം ഡിവിഷനിൽ തലയാഴം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മാരാംവീട് പൊതുകുളം നീന്തൽ പരിശീലനത്തിനുവേണ്ടി നവീകരിക്കുന്നതിനുവേണ്ടി 2019-20-ൽ ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. 2019-20 വർഷം തുകയൊന്നും ചെലവഴിച്ചിരുന്നില്ല. എന്നാൽ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടതിനുപകരം തൻവർഷത്തെ ചെലവുപത്രികപ്രകാരം പുതിയ പ്രോജക്ടായി ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങിയതായിട്ടാണ് കാണുന്നത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഡി ആർ മേസണറി, ആർ.ആർ മേസണറി, Cc ബെൽറ്റ്, കുളത്തിൽ അധികമായുണ്ടാകുന്ന വെള്ളം ഒഴുകിപ്പോകുന്നതിന് ജി.ഐ.പൈപ്പ് സ്ഥാപിക്കൽ, ചുറ്റും വെൽഡഡ് സ്റ്റീൽ വയർ ഉപയോഗിച്ചുള്ള സംരക്ഷണവല നിർമ്മിക്കൽ തുടങ്ങിയ പ്രവൃത്തി ഇനങ്ങൾ നടപ്പാക്കി ആകെ പ്രവൃത്തിമൂല്യം 830470/-രൂപ കണക്കാക്കി 12% ജി.എസ്.റ്റി ഉൾപ്പെടെ പ്രവൃത്തിയുടെ ആകെ ചെലവ് 930126/-രൂപയെന്ന് നിർണ്ണയിക്കുകയും (അളവുപുസ്തകം-91/19-20). നിയമാനുസൃത റിക്കവറികൾക്കുശേഷം 8,87,868/-രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. 28-5-21-ൽ തലയാഴം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കുളത്തിൽ പായൽ അഴുകി മൂടപ്പെട്ട് വെള്ളം മലിനപ്പെട്ട നിലയിലാണ് കണ്ടത്. നീന്തൽ പരിശീലനത്തിനോ മറ്റേതെങ്കിലും കാര്യങ്ങൾക്കോ ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ്. കമ്പിവലകൊണ്ട് നിർമ്മിച്ചിട്ടുള്ള ചുറ്റുമതിലിൽ രണ്ട് സ്ഥലത്തായി 'അനുമതിയില്ലാതെ മീൻ പിടിക്കരുത് ' എന്ന രണ്ട് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കുളം മീൻ വളർത്തലിന് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തത ലഭിച്ചിട്ടില്ല. കൂടാതെ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം, പ്രസ്തുത കുളം സ്ഥിതിചെയ്യുന്ന സ്ഥലം റവന്യൂരേഖകൾപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ടതാണോ തുടങ്ങിയ വിവരങ്ങളും ഫയലിൽനിന്നും വ്യക്തമല്ല.

2)മുണ്ടാർ നീന്തൽകുളം നവീകരണം- മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

| | |
|---|---|
| പ്രോജക്ട് | 254/19-20 മുണ്ടാർ നീന്തൽകുളം നിർമ്മാണം – മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1000000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 933092/- |
| ബിൽനമ്പർ | 1291/20-3-20 |
| കരാറുകാരൻ | റോബി സേവ്യർ |

സ്ഥലപരിശോധനയിൽ കുളത്തിന്റെ നവീകരണപ്രവർത്തനങ്ങൾ തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നിശ്ചിത ലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തുന്നില്ല. കുളത്തിന് ചുറ്റും കാടുപിടിച്ച് കിടക്കുന്ന സാഹചര്യമാണ്. കുളം സ്ഥിതിചെയ്യുന്ന സ്ഥലം റവന്യൂരേഖകൾപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്ന് വ്യക്തമാക്കുന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല . മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല.

നീന്തൽ പരിശീലനത്തിനായി ഭീമമായ തുക മുടക്കി നവീകരിക്കപ്പെട്ട കുളങ്ങൾ നിശ്ചിത ലക്ഷ്യത്തിനായി ഉപയോഗപ്പെടുത്താതെയും സംരക്ഷിക്കപ്പെടാതെയും നിലനിൽക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. കാട് തെളിച്ച് കുളങ്ങൾ വൃത്തിയാക്കി നീന്തൽപരിശീലനത്തിന് ഉപയോഗപ്പെടുത്താനാവുംവിധം സജ്ജമാക്കുന്നതിന് അതാത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുമായി കൂടിയാലോചന നടത്തി തുടർപ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും സജീവശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

1-53 വെള്ളൂർ ഗ്രാമപഞ്ചായത്ത് ആറാട്ടുമണപ്പുറം സൈഡ് കെട്ടും അടിസ്ഥാന സൗകര്യ വികസനവും- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 1150/20 , 844/21<br>വെള്ളൂർ ഗ്രാമപഞ്ചായത്ത്<br>ആറാട്ടുമണപ്പുറം സൈഡ് കെട്ടും<br>അടിസ്ഥാന സൗകര്യ വികസനവും |
| അടങ്കൽ | Rs. 22,90,686/- വി.ഫ (പൊതു) |
| ചെലവ് | 2020-2021 Rs. 1747810/- ( Bill No-135/bill Book-1/21-05-20) |
| നിർവ്വഹണോദ്യോസ്ഥൻ | അസി.എക്സി.എഞ്ചിനീയർ (എൽഎസ്ജിഐ) |
| എം ബുക്ക് നം. | 232/19-20 |

വെള്ളൂർ ഗ്രാമപഞ്ചായത്ത് ആറാട്ടുമണപ്പുറത്തിന്റെ വശങ്ങളുടെ സംരക്ഷണവും സ്ഥലം മണ്ണിട്ടുയർത്തി സ്പോർട്സ് ആവശ്യങ്ങൾക്കായി സ്ഥലം ഉപയോഗിക്കലും എന്ന ഉദ്ദേശ്യത്തിലാണ് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയത്. സ്ഥലപരിശോധനയിൽ സംരക്ഷണഭിത്തിയ്ക്കായി കോക്കനട്ട് പൈൽ താഴ്ത്തി സ്റ്റോൺ മേസൺറി ചെയ്ത് മുകൾ ഭാഗം കോൺക്രീറ്റ് ചെയ്തിരിക്കുന്നതായും നദീതീരം മണ്ണിട്ടുയർത്തിയിരിക്കുന്നതായും കണ്ടു. എന്നാൽ ഇതേ സ്ഥലത്ത് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തും മറ്റൊരു പദ്ധതിയിലൂടെ ആറാട്ടു മണപ്പുറം ഗ്രൗണ്ട് മണ്ണടിച്ച് ഉയർത്തി ആറ്റു തീരം ഉപയോഗ യോഗ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിരുന്നു. സ്ഥല പരിശോധനയിൽ പുഴയോരത്തിന്റെ കുറെ ഭാഗം കരിങ്കല്ല് കെട്ടിയിട്ടുള്ളതായും, തീരം മണ്ണടിച്ച് ഉയർത്തിയിട്ടുള്ളതായും കാണുന്നു. എന്നാൽ ഇനിയും ഏതാനും ഭാഗത്ത് കൂടി കല്ല് കെട്ടുവാനും, മണ്ണ് ഫില്ല് ചെയ്യുവാനും ഉള്ളതായും കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലം ഒരുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി കാണുന്നു. കൃത്യമായി അതിര് വേർതിരിക്കാത്തതിനാൽ ആയതിന്റെ അളവ് നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഒരേ തരത്തിലുള്ള പദ്ധതി രണ്ടു സ്ഥാപനങ്ങളും വ്യത്യസ്ത പ്രൊജക്റ്റായി നടപ്പാക്കുന്നതിന് പകരം സംയുക്ത പ്രൊജക്റ്റായി നടപ്പാക്കേണ്ടതായിരുന്നു. ഈ സ്ഥലം വെള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലിരിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി സംയുക്ത പ്രൊജക്റ്റായി പദ്ധതി നടപ്പാക്കിയില്ല.
2. ടി സ്ഥലത്തിന്റെ ബാക്കി ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടി ഫില്ലിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
3. ടി സ്ഥലം സ്വകാര്യ വ്യക്തികൾ കൈയ്യേറാതെ അതിര് കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല .
4. ടി സ്ഥലം (ആറ്റു പുറമ്പോക്ക് ) വെള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
5. ടി സ്ഥലം വെള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 1747810/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-54 കല്ലംപാറ വയോജനവിശ്രമകേന്ദ്രം-പ്രവർത്തനമാരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 1087/21 കുറവിലങ്ങാട് ഡിവിഷൻ-കാണക്കാരി പഞ്ചായത്ത്-കല്ലമ്പാറ വയോജനവിശ്രമകേന്ദ്രത്തിൽ, ഹാൾ, കിച്ചൺ നിർമ്മാണം, പെയിന്റിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ |
| അടങ്കൽ | 1000000/-(തനതുഫണ്ട്) |
| ചെലവ് | 693191 (ചെക്ക് നം-5749433/29-5-20) 232106( ചെക്ക് നം-5749467/23-11-20) |
| കരാറുകാരൻ | റെജോമാത്യൂ |

കുറവിലങ്ങാട് ഡിവിഷൻ - കാണക്കാരി പഞ്ചായത്ത് കല്ലമ്പാറ വയോജന വിശ്രമകേന്ദ്രത്തിൽ, ഹാൾ, കിച്ചൺ നിർമ്മാണം, പെയിന്റിംഗ് എന്നീ പ്രവൃത്തി ഇനങ്ങൾ നടപ്പാക്കുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി തനതുഫണ്ടിൽ നിന്നും തൻവർഷം ആകെ 925297/- രൂപ ചെലവഴിച്ചിട്ടുണ്ട്. 30-5-22-ൽ നടന്ന പ്രാദേശികപരിശോധനയിൽ ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും വയോജനങ്ങളുടെ വിശ്രമത്തിനും വിനോദത്തിനുമായി മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല എന്ന് കണ്ടു. എസ്റ്റിമേറ്റിലെ പ്രൈമർകോട്ടിംഗ്, പെയിന്റിംഗ് എന്നിവ നടത്തിയിട്ടില്ല. 'സ്വയംപ്രഭ 'എന്ന പേരിൽ കുറച്ച് ആളുകൾ ടി സ്ഥാപനത്തിൽ വരുന്നതായി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കോവിഡ് സെന്ററിലെ ഉപകരണങ്ങൾ (ബെഡ്, കട്ടിൽ, ടി.വി തുടങ്ങിയവ) നിലവിൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്ഥാപനം കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെങ്കിലും വയോജനവിശ്രമകേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല ഏതെങ്കിലും ഉദ്യോഗസ്ഥനെയോ കുടുംബശ്രീയെയോ ഏൽപ്പിച്ചതായി കാണുന്നില്ല. സ്വകാര്യ വ്യക്തിയുടെ കൈവശമാണ് നിലവിൽ താക്കോൽ സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ ടി സ്ഥാപനത്തോട് ചേർന്നുതന്നെ ഉഴവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2011-12 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പകൽവീട് നിലവിൽ ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതായി കാണുന്നു. ടി കെട്ടിടം പ്രയോജനപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കാതെയാണ് വീണ്ടും മറ്റൊരു വയോജനവിശ്രമകേന്ദ്രം ഇതേ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ രണ്ട് കെട്ടിടങ്ങളും പ്രോജക്ട് വിഭാവനം ചെയ്തിരുന്ന ലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തുന്നുമില്ല.

മേൽവിവരങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടിരുന്നുവെങ്കിലും ( എൻക്വയറി നമ്പർ 49) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിക്കുന്നതിനും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാർഷികപദ്ധതി പ്രകാരം വിവിധ ഡിവിഷനുകളിലായി വയോജനവിശ്രമകേന്ദ്രങ്ങൾക്കായി നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കി നിശ്ചിത ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് സാങ്കേതികകാരണങ്ങളാൽ സാധിക്കാത്ത പക്ഷം സർക്കാരിന്റെ പ്രത്യേക അനുമതിക്ക് വിധേയമായി മാത്രം പഞ്ചായത്തിന് പ്രയോജനപ്രദമായ മറ്റ് ഏതെങ്കിലും കാര്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അതാത് ഗ്രാമപഞ്ചായത്ത് തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

## 1-55 ടി വി പുരം ഗ്രാമപഞ്ചായത്തിൽ ഓൾഡ് ഏജ് ഹോം - പ്രവർത്തനസജ്ജമാക്കി ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കണം

ടിവിപുരം ഗ്രാമപഞ്ചായത്തിൽ 11-ാം വാർഡിൽ വയോജനങ്ങൾക്ക് വിനോദവിശ്രമകേന്ദ്രം പണിയുന്നതിനായി 2017-18 വർഷം പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. 2018-19 മുതൽ ഓഡിറ്റ് വർഷം വരെ രൂപ വിവിധ വിഭവസ്രോതസ്സുകളിൽനിന്നായി പ്രോജക്ടിന് വകയിരുത്തുകയും ഓഡിറ്റ് വർഷം 57,50,000/- രൂപ ചെലവഴിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് | വർഷം | 909/21 ( 1343/20, 477/18-19) വയോജനവിശ്രമകേന്ദ്രം നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽഎസ്ജിഡി) |
| അടങ്കൽ | 18-19<br>19-20<br>20-21 | 1400000/-( തനതുഫണ്ട്)<br>2300000/-(വികസനഫണ്ട്-ജനറൽ)<br>2800000/-( മറ്റുള്ളവ)<br>2800000/-(വികസനഫണ്ട്-ജനറൽ)<br>2150000/- (ഗ്രാമപഞ്ചായത്ത് വിഹിതം)<br>800000/-(ബ്ലോക്ക് വിഹിതം)<br>1,22,50000/- |
| 20-21-ലെ ചെലവ് | | 2800000/-(ബിൽ നമ്പർ- )<br>2150000/- ( 95/21-1-21 )<br>800000/-(16/7-11-20 )<br>57,50000/- |
| അളവുപുസ്തകം | | 95/19-20, 102/19-20, 86/19-20, 108/19-20, 98/19-20 |
| കരാറുകാരൻ | | ഷാജി പി.എസ് |

ടെൻഡർ നടപടികളുടെ ഭാഗമായി കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ.ഷാജി പി.എസ്. എന്ന കരാറുകാരനുമായി 23-2-19-ൽ കരാർ ചമയ്ക്കുകയും (നം.414/AEE/ LSG D/18-19) 28-2-19ൽ സ്ഥലം കൈമാറുകയും ചെയ്തിരുന്നു. കരാർപ്രകാരം സ്ഥലം കൈമാറിയ തീയതി മുതൽ 12 മാസമായിരുന്നു പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിരുന്നത്. അതനുസരിച്ച് 27-2-20-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. നിർവ്വഹണം നടക്കുന്ന ഘട്ടത്തിൽ റവന്യൂവകുപ്പിൽ നിന്നും പ്രവൃത്തി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സ്റ്റോപ്പ് മെമ്മോ നൽകിയതായും അക്കാരണത്താൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവുന്നില്ലെന്നും ആയതിനാൽ 27-5-20 വരെയും തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതുമൂലം 27-11-20 വരേയും സമയം ദീർഘിപ്പിച്ചുനൽകണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ സമയം ദീർഘിപ്പിച്ച് അനുവദിച്ചതായും ഫയലിൽനിന്നും വ്യക്തമാകുന്നു. പ്രവൃത്തിക്കായി മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ, ബ്ലോക്ക് വിഹിതങ്ങൾ ഉൾപ്പെടെ 20-21വർഷം ആകെ 57,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ജില്ലാപഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 28-5-22-ൽ

നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന് നമ്പറിംഗ്, ഇലക്ട്രിക് കണക്ഷൻ എന്നിവ ലഭിച്ചിട്ടില്ല. ടി കെട്ടിടത്തിന് വാടക നിശ്ചയിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് എൻജിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുള്ളതായും കാണുന്നു. (ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ 9-5-22-ലെ എ2 -2/21 നമ്പർ കത്ത്)

ഓൾഡ് ഏജ് ഹോമിന്റെ കെട്ടിടം, സ്റ്റേജ്, ഗ്രീൻറൂം മുതലായവ ഉൾപ്പെടുത്തി ഓഡിറ്റോറിയത്തിന്റെ മാതൃകയിലാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റോറിയം കെട്ടിടത്തിന് കെട്ടിടനിർമ്മാണചട്ടങ്ങൾ അനുസരിച്ച് ഉണ്ടായിരിക്കേണ്ട പാർക്കിംഗ് സൗകര്യം, വശങ്ങളിൽ അതിർത്തിയിൽ നിന്നും നിയമാനുസരണം പാലിക്കേണ്ട അകലം എന്നിവ പാലിച്ചിട്ടില്ല. കൂടാതെ അഗ്നിസുരക്ഷാ സംവിധാനങ്ങളും സജ്ജമാക്കിയിട്ടില്ല. വയോജനങ്ങൾക്ക് വിനോദവിശ്രമകേന്ദ്രം എന്ന ലക്ഷ്യം മുൻനിർത്തി പണികഴിപ്പിച്ച കെട്ടിടത്തിന് വാടക നിശ്ചയിച്ച് നൽകണമെന്ന് ആവശ്യപ്പെടാനുണ്ടായ സാഹചര്യവും വ്യക്തമല്ല. മേൽ വിവരങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുവാനും, പണി പൂർത്തീകരിച്ച് നാളിതുവരെയായിട്ടും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കി കെട്ടിടം പ്രവർത്തനമാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമ,ബ്ലോക്ക് ജില്ലാപഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽനിന്നും ആകെ 57,50,000/- രൂപയാണ് ഓഡിറ്റ് വർഷംവരെ ഓൾഡ് ഏജ് ഹോമിനുള്ള കെട്ടിടനിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളത്. നിർമ്മിക്കപ്പെട്ട കെട്ടിടം നിശ്ചിത ലക്ഷ്യത്തിനായി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതുണ്ട്. സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാതെ പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ടി കെട്ടിടം ഇതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനാകില്ല. മാത്രമല്ല അപ്രകാരം ഉപയോഗപ്പെടുത്തണമെങ്കിൽ ആയതിനനുസൃമായി കെട്ടിടനിർമ്മാണ നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന എല്ലാ നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടുണ്ടെന്നും മറ്റ് അനുബന്ധ സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമുണ്ട്. ആയതിനാൽ കെട്ടിടത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അടിയന്തിര തീരുമാനങ്ങളും നടപടികളും കൈക്കൊള്ളുന്നതിലേക്കായി വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-56 മുത്തോലി പഞ്ചായത്തിൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കെട്ടിടം പൂർത്തീകരണം- അപാകതകൾ

പ്രോജക്ട് നം. 1177/21 ( 135/20 )

അടങ്കൽ - 752000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് - 743141 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, തസ്വഭവ

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയാക്കിയിരുന്ന ഫാഷൻ ടെക്നോളജി കെട്ടിടത്തിന്റെ പൂർത്തീകരണത്തിനാണ് മേൽ പ്രോജക്ട് ഏറ്റെടുത്തത്. കെട്ടിടം മുഴുവൻ പ്ലാസ്റ്ററിംഗ് നടത്തുക, പ്ലംബിംഗ്, പെയിന്റിംഗ്, ഫ്ലോറിംഗ്, ജനലുകളും വാതിലുകളും പിടിപ്പിക്കുക തുടങ്ങിയ ഇനങ്ങൾ പൂർത്തിയാക്കി ഫാഷൻ ടെക്നോളജി കെട്ടിടം യാഥാർഥ്യമാക്കുന്നതിനാണ് 2020-21-ൽ മേൽ പ്രോജക്ട് ഏറ്റെടുത്തത്. അനുബന്ധപ്രവൃത്തികൾ പൂർത്തിയാക്കി ഫാഷൻ ടെക്നോളജി കെട്ടിടം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എന്നാൽ ഫാഷൻ ടെക്നോളജി കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഗ്രൗണ്ട് ഫ്ലോർ ടെറസിന്റെ പ്ലാസ്റ്ററിംഗിലെ അപാകത മൂലം ടെറസ്സിൽ വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-57 ചിറക്കടവ് പഞ്ചായത്ത് 14-ാം വാർഡ് വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | ചിറക്കടവ് പഞ്ചായത്ത് 14-ാം വാർഡ് വനിതാ വ്യവസായ കേന്ദ്രം നിർമ്മാണ പൂർത്തീകരണം (733/21) |
| കരാറുകാരൻ | അജിമോൻ കെ.ആർ |
| അടങ്കൽ | 10,00,000/-(വികസന ഫണ്ട്(ജനറൽ)) |
| ചെലവ് | 213471(18-19)<br>216968( Bill No116/18.04.2020)(വികസന ഫണ്ട്(ജനറൽ)) |
| കരാർ നമ്പർ | 38/AEE/LSGD/18-19/14.06.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |

2017-18 വർഷം സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന് 5 മാസമാണ് പൂർത്തീകരണ കാലാവധി. കുറഞ്ഞ നിരക്കായ 797695.41രൂപ ക്വോട്ട് ചെയ്ത അജിമോൻ കെ.ആർ-ന്റെ ടെണ്ടർ 27.04.2018 -ലെ ജനറൽ കമ്മിറ്റി 2(1) അംഗീകരിച്ചു. 14.06.2018 -ൽ 38/AEE/LSGD/18-19- ൽ പ്രവൃത്തിയുടെ കരാർ വച്ചതിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. 14.04.2019-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ സൈറ്റ് കൈമാറിയത് 15.11.2018 -ൽ ആണ്. സൈറ്റ് കൈമാറാൻ താമസിച്ചതിനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വ്യവസായ കേന്ദ്രത്തിന്റെ ഗ്രൗണ്ട് ഫ്ളോർ പണി ജില്ലാ പഞ്ചായത്തിന്റെ മുൻ വർഷത്തെ വാർഷിക പദ്ധതിയിൽ തുടങ്ങിയതാണ്. എസ്റ്റിമേറ്റിൽ ഫസ്റ്റ് ഫ്ളോർ സൂപ്പർ സ്ട്രക്ച്ചർ, റൂഫിംഗ്, ഫിനിഷിംഗ്, ഗ്രൗണ്ട് ഫ്ളോർ ഫിനിഷിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിൽ ഗ്രൗണ്ട് ഫ്ളോറിൽ അങ്കണവാടി പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടിയ്ക്ക് മുകളിൽ സിമന്റ് കട്ട ഉപയോഗിച്ച് ഭിത്തി കെട്ടി ബീം, കോളം, റൂഫ് സ്ലാബ് എന്നിവ RCC നിർമ്മിക്കാൻ ആണ് വിഭാവനം ചെയ്തത്. എന്നാൽ GF സ്ട്രക്ച്ചർ ഡീറ്റെയിൽസ് കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കാത്തതിനാൽ GI പൈപ്പ് ഉപയോഗിച്ച് ട്രസ് വർക്ക് ചെയ്ത്, GI Stafford ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. 06.03.2019 -ലെ സാധാരണ യോഗം 3(42) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു. സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, കരാർ പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തുവെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല. 24.03.2020 – ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കരാർ പ്രകാരം പൂർത്തീകരണ തീയതി | 14.04.2019 | |
| കരാർ വ്യവസ്ഥ പ്രകാരം ആദ്യത്തെ മൂന്ന് മാസം 1% പിഴ | 14.07.2019 | 7977 |
| തുടർന്ന് ഓരോ 3 മാസം, 2% പിഴ | 14.10.2019<br>14.01.2020<br>24.03.2020 | 15954<br>15954<br>15954 |
| ആകെ | | 55839 |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറിനമ്പർ 53/20-21/ 02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-58 ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി -ടെണ്ടർ നിരക്കിൽ അധികം തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി പൂർത്തീകരണം (1219/21) |
| കരാറുകാരൻ | പി.റ്റി.മാത്യൂ, പുൽതകിടിയിൽ, കാളകെട്ടി. |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട്(ജനറൽ)) |
| ചെലവ് | 130355 (സിവിൽ വർക്ക്) Bill No. 1308/29.03.2021<br>268002 (ഇലക്ട്രിക്കൽ വർക്ക്) Bill No. 1160/20.03.2021<br>ആകെ 398357/- (വികസന ഫണ്ട്(ജനറൽ)) |
| കരാർ നമ്പർ | 159/AEE/LSGD/2019-20/26.02.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |

പ്രോജക്ടിന്റെ ഇലക്ട്രിക്കൽ വർക്കിനായി റീടെണ്ടർ (നം.292/19-20)നടത്തുകയും, 15.09.2020-ൽ ടെണ്ടർ തുറന്നപ്പോൾ ഒരേ നിരക്ക് ക്വോട്ട് ചെയ്തതിനാൽ നെഗോഷിയേഷൻ നടത്തുകയും ശ്രീ.നാരായണൻ കുട്ടി പി.ആർ., അരുൺ നിവാസ്, പുത്തൻ പള്ളികുന്ന് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 2.2% കുറച്ച് പ്രവൃത്തി ചെയ്യുന്നതിന് തയ്യാറായി. ടിയാന് കരാർ നൽകുന്നതിന് 16.10.2020 ലെ കമ്മിറ്റി അംഗീകാരം നൽകി. പ്രോജക്ടിന്റെ എം ബുക്ക് (No.144/20-21) പരിശോധിച്ചതിൽ 257155/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ 2.2% Tender Below കുറച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ഫീസും, ചെക്ക് മെഷർമെന്റിനുള്ള ഫീസും, M-Book പ്രകാരമുള്ള പ്രവൃത്തി മൂല്യം ഉൾപ്പെടെ 268002/- രൂപ ബിൽ തുകയായി അനുവദിച്ചിട്ടുണ്ട്.

2.2% Tender Below കുറച്ചിട്ടില്ലാത്തതിനാൽ ബില്ലിൽ 5657/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 48/20-21/02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-59 കപ്പാട് ജി.എച്ച്.എസ് കെട്ടിട നിർമ്മാണം (RMSA പദ്ധതി)-ജി.എസ്.റ്റി. ഒടുക്കിയിട്ടില്ല

A)

| | |
|---|---|
| പ്രോജക്ട് | കപ്പാട് ജി.എച്ച്.എസ്. കെട്ടിട നിർമ്മാണം (RMSA പദ്ധതി) 712/21 |
| കരാറുകാരൻ | പി.റ്റി.മാത്യൂ,പുൽതകിടിയിൽ, കാളകെട്ടി. |
| അടങ്കൽ | 86,00,000/-(വികസന |

| | |
|---|---|
| | ഫണ്ട്(ജനറൽ),സെൻട്രൽ ഫണ്ട്) |
| ചെലവ് | 7253838/-(വികസന ഫണ്ട്,സെൻട്രൽ ഫണ്ട്) |
| കരാർ നമ്പർ | 287/AEE/LSGD/2017-18/02.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |

മേൽ പ്രോജക്ടിന്റെ സിവിൽ വർക്കാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി 27.07.2019-ൽ പൂർത്തീകരിച്ചതാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ 18.02.2021-ൽ മാറി നൽയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1. ഫസ്റ്റ് പാർട്ട് ബില്ലിൽ നിന്നും CGST, SGST തുക ₹10735 +₹10735=21470/- ഈടാക്കിയതായി കാണുന്നില്ല.

2. M-Book പ്രകാരം 7253838/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇതിൽ ₹68,18,448/- കരാറുകാരന് അർഹതയുള്ളൂ. ഫൈനൽ ബിൽ വരെ കരാറുകാരന് 68,39,918/- രൂപ നൽകിയതായി കാണുന്നു. അധികം 21470 രൂപ നൽകിയതായി കാണുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 48/20-21/ 02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, അധികം നൽകിയ 21470/- രൂപ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്.

B) കൂടാതെ മേൽ പറഞ്ഞ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ വികസന ഫണ്ട് വകയിരുത്തിയധിലധികം ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ചെലവ് (IKM പത്രിക) | ബിൽ നമ്പർ |
|---|---|---|---|
| വികസന ഫണ്ട് | 177252 | 177252 (Civil) 177252 (Electrical) ആകെ 354504 | 96/18.04.2020, 189/28.04.2020 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (RMSA Fund) | 15,00,000 | 465838 (Civil) 475451 (Electrical) ആകെ 941289 | |
| ആകെ | 1677252 | 1295793 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറിനമ്പർ 53/20-21/02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-60 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) നിർവ്വഹണം നടത്തിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് KSEB നിന്ന് സർവ്വീസ് കണക്ഷൻ ലഭിച്ച്, ഗുണഭോക്തൃ സമിതിക്ക് കൈമാറി എന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 1224/21<br>661/21 | അയർകുന്നം ഡിവിഷൻ-അയർകുന്നം പഞ്ചായത്ത് വാർഡ് 6-നരിവേലി കുടിവെള്ള പദ്ധതി പൂർത്തീകരണം |
| 2 | 1219/21 | ഉഴവൂർ ഡിവിഷൻ- രാമപുരം ഗ്രാമ പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി പൂർത്തീകരണം |
| 3 | 1043/21 | പുതുപള്ളി ഡിവിഷൻ- മണർകാട് പഞ്ചായത്തിലെ 12-ാം വാർഡിലെ പുറവന്താനം കുടിവെള്ള പദ്ധതി. |
| 4 | 1220/21 | അയർകുന്നം ഡിവിഷൻ -മണർകാട് പഞ്ചായത്ത് വാർഡ് 5 – പറപ്പള്ളി കുന്നേൽ കുടിവെള്ള പദ്ധതി പൂർത്തീകരണം. |
| 5 | 707/21 | പൂഞ്ഞാർ ഡിവിഷൻ - മേലുകാവ്മറ്റം 12-ാം വാർഡ് കുടിവെള്ള പദ്ധതി-ടൌൺ ഭാഗം കുടിവെള്ള പദ്ധതി |
| 6 | 778/21 | കാഞ്ഞിരപള്ളി ഡിവിഷൻ - കാഞ്ഞിരപള്ളി ഗ്രാമ പഞ്ചായത്ത് 7,9 വാർഡുകളിലെ പാറകടവ് കുടിവെള്ള പദ്ധതി പൂർത്തീകരണം. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 48/20-21/ 02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ജില്ലാ കൃഷിത്തോട്ടം കോഴ -അടിസ്ഥാന സൗകര്യ വികസനം-അനുവദനീയമായതിൽ അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | ജില്ലാ കൃഷിത്തോട്ടം കോഴ -അടിസ്ഥാന സൗകര്യ വികസനം 674/21 |
| കരാറുകാരൻ | ജോബി ജോർജ്ജ്,താഴത്തേപ്പറമ്പിൽ, |

| | |
|---|---|
| | ഈസ്റ്റ് മാറാടി,മൂവാറ്റുപ്പുഴ |
| അടങ്കൽ | 775000 (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്) |
| ചെലവ് | 771389 (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)<br>ബിൽ നം.70/11.04.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |

എസ്റ്റിമേറ്റ് പ്രകാരം DAF ,കോഴയിൽ നിലവിലെ ഓഫീസിന്റെ മുൻ ഭാഗത്തും വശത്തും കാർ പോർച്ചും, മെഷീനറി ഷെഡും പണിത് ,റൂഫിംഗ് ട്രസ് വർക്ക് ചെയ്ത് ജി.ഐ ഷീറ്റ് ഇടാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തിക്ക് 701263 രൂപയും, 10% GST 70126 രൂപയും ഉൾപ്പടെ 771389/- അനുവദിച്ചിട്ടുണ്ട്.എന്നാൽ പ്രവൃത്തിയുടെ M-Book (1/19-20) പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണപ്പെട്ടു.

| Item No | എഗ്രിമെന്റ് | | Description | Value Of Work Done As Per Bill | Value Of Work Done As Per M-Book | Excess Paid |
|---|---|---|---|---|---|---|
| | Rate | Qty | | | | |
| 6 | 180 | 78 M | Od 1565/2019_20 Providing UPVC Euro Guard High Square Rain Water Gutter 160mm | 60.8mX180 =10944 | 50.8X180=9144 | 1800 |
| 10 | 6000 | 7.866 | 4.1.6 Cement Concrete 1:3:6 | 7.866X6000=47196 | 5.293X6000= 31758 | 15438 |
| ആകെ | | | | | | 17238 |

കരാറുകാരന് അധികം നൽകിയ തുക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 43 /20-21/27.05.2022) മറുപടി ലഭ്യമാക്കിയില്ല.

അധികം നൽകിയ തുക 17238/- രൂപ ജി.എസ്.ടി ഉൾപ്പെടെ ടിയാനിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, പായ്വട്ടം കറുകപ്പാടം, പാടശേഖരം വികസനം പ്രവൃത്തി ഫലവത്തായില്ല

| | |
|---|---|
| പ്രോജക്ട് | അതിരമ്പുഴ ഡിവിഷൻ -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്,<br>പായ് വട്ടം കറുകപ്പാടം, പാടശേഖരം വികസനം ,<br>766/2021 |

| | |
|---|---|
| കൺവീനർ | ജിജി ഫിലിപ്പ് |
| അടങ്കൽ | 1450000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 393118 /-(ബിൽ നം തീ 64/12-05-20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,എൽ എസ് ജിഡി |

പ്രവ്യത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1150 മീ നീളം 3 വീതിയിൽ മണ്ണ് നിറച്ച് ബണ്ട് ഉയർത്താനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രസ്തുത ബണ്ട് റോഡിലൂടെ വാഹനയാത്രയും കാൽ നടയാത്രയും ലക്ഷ്യമിട്ടിരുന്നു. റോഡ് സംരക്ഷണത്തിനായി തെങ്ങ്കുറ്റി ഉപയോഗിച്ച് പൈലിംഗും ഉൾപ്പെടുത്തിയിരുന്നു. പ്രവ്യത്തിയുടെ നിർമ്മാണത്തിന് ജിജി ഫിലിപ്പ് കൺവീനറായുള്ള പാടശേഖരസമിതിയാണ് കരാർ വച്ചത്. എസ്റ്റിമേറ്റ് പ്രകാരം 3342.50 ഘന മീ ബണ്ട് നിർമ്മാണവും 75 കോക്കനട്ട് പൈലുകളുടെ സ്ഥാപനവുമാണ് ചെയ്യേണ്ടിയിരുന്നത്. അളവുപുസ്തകപ്രകാരം 74 കോക്കനട്ട് പൈലുകളുടെ സ്ഥാപനവും, 813.78 ഘന മീ ബണ്ട് നിർമ്മാണവും നടത്തി 413807.86 രൂപയുടെ പ്രവ്യത്തി നടത്തുകയും5% ഓവർഹെഡ്ചാർജ് കുറച്ച് 393118/- രൂപ ചെലവഴിക്കുകയും ചെയ്തു. പ്രവ്യത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 11-10-2019 ന് ശേഷം പ്രസ്തുത സ്ഥലത്ത് യാതൊരു പ്രവ്യത്തിയും നടന്നിട്ടില്ല. 2-4-2018 ൽ സൈറ്റ് ഏറ്റെടുത്ത ശേഷം പൈലുകളുടെ സ്ഥാപനം 20-2-2019 ൽ പൂർത്തിയാക്കുകയും ബണ്ട് നിർമ്മാണം 11-10-2019 ൽ 2975.203 ഘന മീറ്റർ പൂർത്തിയാക്കുകയും ചെയ്തതായി ലവൽ മെഷർമെന്റ് കാൽക്കുലേഷൻ ഷീറ്റ് പ്രകാരം കാണുന്നു. ആയത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയെങ്കിലും 540 മീറ്റർ ചെയിനേജ് വരെയുള്ള ഫില്ലിംഗ് 904.206 ഘനമീറ്ററായി വെട്ടിത്തിരുത്തിയാണ് പാർട്ട് ബിൽ തുക നല്കിയിട്ടുള്ളത്.
- ഫയൽ പരിശോധിച്ചതിൽ സ്ഥലം സംബന്ധിച്ച് തർക്കമുണ്ടായതായും പ്രവ്യത്തി അവസാനിപ്പിച്ചതായുമാണ് കാണുന്നത്. ഭൂലഭ്യത ഉറപ്പ് വരുത്താതെ പ്രവ്യത്തി സ്ഥലം കൺവീനർക്ക് കൈമാറിയത് പൊതുമരാമത്ത് മാന്വൽ ,ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.
- ഫൈനൽ ലവൽ മെഷർമെന്റ് പ്രകാരം 2975.23 ഘന മീ ബണ്ട് നിർമ്മാണം നടത്തിയതായി കാണുന്നു. ഇതിൽ 904.206 ഘന മീറ്ററിന്റെ തുക മാത്രമാണ് കൺവീനർക്ക് നല്കിയത് . ബാക്കി ലവൽമെഷർമെന്റ് പ്രകാരം 2071 ഘന മീ ചെയ്തെങ്കിലും ആയതിന്റെ തുക (8 ലക്ഷത്തിന് മുകളിൽ) കൺവീനർക്ക് നല്കുകയോ ,ലഭിക്കാത്തതിൽ കൺവീനർ പരാതി ഉന്നയിക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ തന്നെ ഫൈനൽ ലവൽ മെഷർമെന്റ് വിശ്വാസയോഗ്യമല്ല.
- അളവുകൾ അംഗീകരിച്ച് കൺവീനർ അളവുപുസ്തകത്തിൽ ഒപ്പ് വച്ചിട്ടില്ല.
- പുറത്തു നിന്നും കൺവീനർ കൊണ്ടുവരുന്ന മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നതിനുള്ള തുകയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കൺവീനർ മണ്ണ് കൊണ്ടുവന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.
- കൺവീനർ ചെയ്യുന്ന പ്രവ്യത്തികളിൽ യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കുന്ന മുറക്ക് മാത്രമേ തുക അനുവദിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ പ്രവൃത്തിയുടെ ചെലവ് രേഖകൾ ,മസ്റ്റർ റോൾ എന്നിവ കൺവീനർ സമർപ്പിച്ചിട്ടില്ല.
- എസ്റ്റിമേറ്റ് പ്രകാരം 1150 മീറ്റർ നീളത്തിൽ ഫില്ലിംഗ് നടത്തുമ്പോളാണ് 75 പൈലുകൾ സ്ഥാപിക്കേണ്ടിയിരുന്നത് . ഇവിടെ 540 മീറ്റർ ചെയ്തപ്പോൾ 74 പൈലുകൾ സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവ്യത്തി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ആദ്യ ഘട്ടത്തിൽ സ്ഥാപിച്ച പൈലുകൾ പലതും അനാവശ്യമായി മാറി.
- അളവുപുസ്തകം പേജ് 8 ൽ ഫൈനൽ ബിൽ തയ്യാറാക്കുന്നതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറും സാക്ഷ്യപ്പെടുത്തിയതിൽ നിന്നും പ്രവ്യത്തി

അവസാനിപ്പിച്ചതായി കാണാവുന്നതാണ്.

വിപുലമായ ലക്ഷ്യത്തോടെ ആരംഭിച്ച പ്രോജക്ട്, പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ മൂലം ഫലപ്രദമായില്ല എന്ന് കാണാവുന്നതാണ്. കൃത്യമായ ചെലവ് കണക്കുകളില്ലാതെയും, അളവുകൾ രേഖപ്പെടുത്താതെയും (വിശ്വാസയോഗ്യമായ) നല്കിയ തുക പാഴായതായി കാണുന്നു. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/24-05-22) മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ ശരിയായ അളവ് രേഖപ്പെടുത്താതെയും, ഗുണഭോക്തൃസമിതി ചെയ്ത പ്രവൃത്തി ആയതിനാൽ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും, ഭൂലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി സ്ഥലം കൺവീനറെ ഏല്പിച്ചത് മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുകയും സർവ്വോപരി ചെലവ് തുക കർഷകോപകാരപ്രദമാക്കാൻ കഴിയാത്തതിനാലും മേൽ പ്രോജക്ടിനായുള്ള 393118/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നഷ്ടം വന്ന തുക ഭൂലഭ്യത ഉറപ്പുവരുത്താതെ കരാർ ചമച്ച നിർവ്വഹണഉദ്യോഗസ്ഥൻ, തെറ്റായ അളവ് രേഖപ്പെടുത്തിയ (ലവൽ മെഷർമെന്റ് എടുത്ത) അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ കുറവായി ഈടാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | പ്രൊട്ടക്ഷൻ ഓഫ് സൈഡ് വാൾ ഇരുമ്പൂന്നിക്കര ചെറുപള്ളിതോട്- എരുമേലി ഗ്രാമപഞ്ചായത്ത്- എരുമേലി ഡിവിഷൻ (പ്രോ.നം 1044/21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| അടങ്കൽ | 1000000 |
| ചെലവ് തുക | 970188 |
| ബിൽ നമ്പർ തീയതി | 57/20-21/24.11.20 |

എഗ്രിമെന്റ് പ്രകാരം 30.01.2019 മുതൽ 5 മാസം പൂർത്തീകരണസമയമുള്ള പ്രവൃത്തി ഗ്രേസ് പീരിയഡ് ഉൾപ്പടെ 30-07-2019 നകം പൂർത്തീകരിക്കേണ്ടതായിരുന്നു.കരാർ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്ത് പൂർത്തീകരിക്കാഞ്ഞാൽ ആദ്യ മൂന്ന് മാസം 1% പിഴയും, പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 10.07.2020 ൽ മാത്രമാണ്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരനായ ബിജുതോമസ്സിൽ നിന്നും 3% കണക്കാക്കി 29646/രൂപയാണ് ഫൈൻ ഈടാക്കിയത്. ഫൈൻ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഈടാക്കേണ്ടിയിരുന്ന പിഴതുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സൈറ്റ് കൈമാറിയത് | 30.01.2019 | |
| കരാർ പ്രകാരം പൂർത്തീകരണ സമയം/ തീയതി | 5മാസം- 30.06.2019 | |
| ഗ്രേസ് പീരിയഡ് ( 5മാസംX30=150X20% | 30ദിവസം | |
| ഗ്രേസ് പീരിയഡ് അനുവദിച്ചാൽ പൂർത്തീകരണ തീയതി | 30.07.2019 | |
| കരാർ വ്യവസ്ഥ പ്രകാരം 1% | 30-10-2019 | 9998 |

| | | |
|---|---|---|
| പിഴയോടെ പൂർത്തീകരിക്കേണ്ടത് ആദ്യ 3മാസം | വരെ | |
| തുടർന്ന് വരുന്ന3 മാസം 2% പിഴ | 30.01.20 വരെ | 19995 |
| തുടർന്ന് വരുന്ന3 മാസം 2% പിഴ | 30.04.20 വരെ | 19995 |
| തുടർന്ന് പൂർത്തിയായ തീയതി വരെ | 10.07-2020 | 19995 |
| ആകെ | | 69983 |

ഫൈൻ കുറവായി ഈടാക്കാനുണ്ടായ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 42/21തീയതി 26.05.22ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ പിഴ ഇനത്തിൽ കുറവ് വന്ന 40337/ (69983-29646) രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

3-4 പൂഞ്ഞാർ ഡിവിഷൻ -തിടനാട് ഗ്രാമപഞ്ചായത്ത്,6ാം വാർഡ് ഭാവനാ നഗർ-വയോജനങ്ങൾക്ക് വിനോദവിശ്രമ കേന്ദ്രം

| | |
|---|---|
| പ്രോജക്ട് | പൂഞ്ഞാർ ഡിവിഷൻ -തിടനാട് ഗ്രാമപഞ്ചായത്ത്,6ാം വാർഡ് ഭാവനാ നഗർ-വയോജനങ്ങൾക്ക് വിനോദവിശ്രമ കേന്ദ്രം, 1442/2021 |
| കരാറുകാരൻ | സിന്തോൾ തോമസ് |
| അടങ്കൽ | 2000000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 1405310/- (2019-20)<br>430822/-(ബിൽ നം തീ 83/20-01-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |

ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 ആയി ചെയ്യേണ്ടിയിരുന്നത് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് 525.61 ഘന. മീ മണ്ണ് നിറക്കലായിരുന്നു. ഡി എസ് ആർ 50.2.25.1 പ്രകാരമുള്ളതും ട്രഞ്ച്,പ്ലിന്ത്,ഫൗണ്ടേഷൻ സൈഡ് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് അനുയോജ്യമായതുമായ നിരക്ക് ഉൾപ്പെടുത്തിയാണ് സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 18 മീ നീളം 7.95 മീ വീതി 3.80 മീ കനത്തിൽ തുറസ്സായ സ്ഥലത്ത് മണ്ണ് നിറക്കേണ്ട പ്രവൃത്തിയാണ് ആവശ്യമായിട്ടുള്ളത് . ഇതിന് നല്കാവുന്ന നിരക്ക് ഡി എസ് ആർ 50.2.26.1 പ്രകാരമുള്ളതും തുറസ്സായ സ്ഥലത്ത് മണ്ണ് നിറക്കുന്നതിന് അനുവദനീയമായതുമായ നിരക്കാണ്. മേൽ പ്രവൃത്തിക്ക് ഘന മീറ്ററിന് 448.57 രൂപ വകയിരുത്തുകയും കരാറുകാരൻ അംഗീകരിച്ച 385.95 രൂപ പ്രകാരം 541.811 ഘന മീറ്ററിന് 209111.96 രൂപ കരാറുകാരന് നല്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പരിശോധനയിൽ കരാറുകാരന് അധിക തുക നല്കിയിട്ടുള്ളതായി കാണുന്നു.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് തുക നല്കി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 പ്രകാരവും ചെയ്യേണ്ടിയിരുന്നത് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് 525.61 ഘന. മീ മണ്ണ് നിറക്കലായിരുന്നു. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കൂടുതൽ അളവിൽ മണ്ണ് പണി ആവശ്യമായിരുന്നെങ്കിൽ

റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി വാങ്ങേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തകത്തിൽ 541.811 ഘന മീ രേഖപ്പെടുത്തി കരാറുകാരന് തുക നല്കിയിട്ടുണ്ട്. ഇത്തരത്തിൽ അനുമതി ഇല്ലാതെ കരാറുകാരൻ അധികമായി ചെയ്ത 16.20ഘന മീ (541.811-525.61) മണ്ണ് നിറക്കലിന് 385.95 രൂപ പ്രകാരം 6252.39 രൂപ അധികം നല്കിയിട്ടുണ്ട്.

<u>മണ്ണ് നിറക്കൽ പ്രവൃത്തി-വോയിഡ്സ് കുറവ് വരുത്തിയില്ല</u>

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (സ്പെസിഫിക്കേഷൻ 2009, 2019. 1-27-1-2പ്രകാരം )മെക്കാനിക്കൽ കൺസോളിഡേഷൻ ഇല്ലാത്ത മണ്ണ് നിറക്കൽ പ്രവൃത്തികളിൽ 10% വോയിഡ്സ് ആയി കുറവ് ചെയ്യേണ്ടതുമുണ്ട് (ഡി എസ് ആർ 50.2.25.1 , ഡി എസ് ആർ 50.2.26.1 എന്നിവ പൂർണ്ണമായും യന്ത്രസഹായമില്ലാത്ത കൺസോളിഡേഷൻ പ്രവൃത്തികളാണ്). അളവ് പുസ്തക പ്രകാരം നിർവ്വഹിച്ച 525.61 ഘന മീറ്റർ മണ്ണ് നിറക്കലിന്റെ 10% കുറച്ച അളവായ 473.35 ഘന മീറ്ററിന് മാത്രമേ കരാറുകാരന് അർഹതയുള്ളു (റാമിംഗ് കൺസോളിഡേഷൻ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്). എന്നാൽ 525.61 ഘന മീറ്ററിന് തുക നല്കിയതു മൂലം 52.26 ഘന മീറ്ററിന് (525.61-473.35) 385.95 രൂപ നിരക്കിൽ 20169.74രൂപ കരാറുകാരന് അധികം നല്കി.

<u>തെറ്റായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ കരാറുകാരന് അധിക തുക നല്കി</u>

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 ആയി കരാറുകാരൻ ചെയ്തത് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് 525.61 ഘന. മീ മണ്ണ് നിറക്കലായിരുന്നു . ഡി എസ് ആർ 50.2.25.1 പ്രകാരമുള്ളതും ട്രഞ്ച്,പ്ലിന്ത്,ഫൗണ്ടേഷൻ സൈഡ് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് അനുയോജ്യമായതുമായ നിരക്കാണ് ഉൾപ്പെടുത്തി സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 18 മീ നീളം 7.95 വീതി 3.80 മീ കനത്തിൽ തുറസ്സായ സ്ഥലത്ത് മണ്ണ് നിറക്കേണ്ട പ്രവൃത്തിയാണ് ആവശ്യമായിട്ടുള്ളത് . ഇതിന് നല്കാവുന്ന നിരക്ക് ഡി എസ് ആർ 50.2.26.1 പ്രകാരമുള്ളതും തുറസ്സായ സ്ഥലത്ത് മണ്ണ് നിറക്കുന്നതിന് അനുവദനീയമായതുമായ നിരക്കാണ്.

| | |
|---|---|
| നല്കിയത്<br>ഡി എസ് ആർ 50.2.25.1 പ്രകാരമുള്ളതും ട്രഞ്ച്,പ്ലിന്ത്,ഫൗണ്ടേഷൻ സൈഡ് എന്നിവിടങ്ങളിൽ മണ്ണ് നിറക്കുന്നതിന് നല്കാവുന്നതുമായ തുക 311.25(അടിസ്ഥാന നിരക്ക്)* 1.4412 (CI) =447.58 | 447.58 രൂപയിൽ നിന്നും ടെണ്ടർ കുറവ് 13.96% ആയ 62.62 രൂപ കിഴിച്ച് 385.95 രൂപ/ഘന മീറ്റർ |
| നല്കാവുന്നത്<br>ഡി എസ് ആർ 50.2.26.1 പ്രകാരമുള്ളതും തുറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിന് നല്കാവുന്നതുമായ തുക 199.25(അടിസ്ഥാന നിരക്ക്)* 1.4412(CI) =287.16 | 287.16 രൂപയിൽ നിന്നും ടെണ്ടർ കുറവ് 13.96% ആയ 40.08 രൂപ കിഴിച്ച് 247.08 രൂപ/ഘന മീറ്റർ |
| അധികം നല്കിയത്<br>ക്ര നം 1 പ്രകാരമുള്ള 16.20 ഘന മീ കുറച്ച് 473.35 ഘന മീറ്ററിന് 138.87 രൂപ പ്രകാരം<br>138.87 രൂപ പ്രകാരം ( 447.58-287.16=138.87) | 65734.11 രൂപ<br>65734/-ആയി ക്രമപ്പെടുത്തി |

പ്രവൃത്തിയുടെ ഒരേ ഇനത്തിന് വിവിധ അപാകതകളിലൂടെ അധികം നല്കിയ തുകയുടെ വിവരം

| | |
|---|---|
| റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് അധികമായി നല്കിയ തുക | 6252.39 |
| മണ്ണ് നിറക്കൽ പ്രവൃത്തി-വോയിഡ്സ് കുറവ് വരുത്താത്തതുമൂലം അധികം നല്കിയത് | 20169.7 |
| തെറ്റായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ കരാറുകാരന് അധിക നല്കിയ തുക | 65734.00 |
| ആകെ അധികം നല്കിയത് | 92156.09, 92156/-രൂപയായി ക്രമപ്പെടുത്തി |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 33/23-5-22) മറുപടി നല്കിയിട്ടില്ല. അധികം നല്കിയ തുകയിൽ 26422.09 രൂപ (6252.39+20169.70 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ,ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും 65734/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നല്കിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-5 ചിറക്കടവ് പഞ്ചായത്ത് 14-ാം വാർഡ് വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | ചിറക്കടവ് പഞ്ചായത്ത് 14-ാം വാർഡ് വനിതാ വ്യവസായ കേന്ദ്രം നിർമ്മാണ പൂർത്തീകരണം (733/21) |
| കരാറുകാരൻ | അജിമോൻ കെ.ആർ |
| അടങ്കൽ | 10,00,000/-(വികസന ഫണ്ട്(ജനറൽ)) |
| ചെലവ് | 213471(18-19)<br>216968( Bill No116/18.04.2020)(വികസന ഫണ്ട്(ജനറൽ)) |
| കരാർ നമ്പർ | 38/AEE/LSGD/18-19/14.06.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |

2017-18 വർഷം സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന് 5 മാസമാണ് പൂർത്തീകരണ കാലാവധി. കുറഞ്ഞ നിരക്കായ 797695.41 രൂപ ക്വോട്ട് ചെയ്ത അജിമോൻ കെ.ആർ-ന്റെ ടെണ്ടർ 27.04.2018 -ലെ ജനറൽ കമ്മിറ്റി 2(1) അംഗീകരിച്ചു. 14.06.2018 -ൽ 38/AEE/LSGD/18-19- ൽ പ്രവൃത്തിയുടെ കരാർ വച്ചതിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. 14.04.2019-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ സൈറ്റ് കൈമാറിയത് 15.11.2018 -ൽ ആണ് . സൈറ്റ് കൈമാറാൻ താമസിച്ചതിനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വ്യവസായ കേന്ദ്രത്തിന്റെ ഗ്രൌണ്ട് ഫ്ളോർ പണി ജില്ലാ പഞ്ചായത്തിന്റെ മുൻ വർഷത്തെ വാർഷിക പദ്ധതിയിൽ തുടങ്ങിയതാണ്. എസ്റ്റിമേറ്റിൽ ഫസ്റ്റ് ഫ്ളോർ സൂപ്പർ സ്ട്രക്ച്ചർ,റൂഫിംഗ്

,ഫിനിഷിംഗ്,ഗ്രൌണ്ട് ഫ്ളോർ ഫിനിഷിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിൽ ഗ്രൌണ്ട് ഫ്ളോറിൽ അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്.അംഗൻവാടിയ്ക്ക് മുകളിൽ സിമന്റ് കട്ട ഉപയോഗിച്ച് ഭിത്തി കെട്ടി,ബീം,കോളം,റൂഫ് സ്ലാബ് എന്നിവ RCC നിർമ്മിക്കാൻ ആണ് വിഭാവനം ചെയ്തത്.എന്നാൽ GF സ്ട്രക്ച്ചർ ഡീറ്റെയിൽസ് കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കാത്തതിനാൽ GI പൈപ്പ് ഉപയോഗിച്ച് ട്രസ് വർക്ക് ചെയ്ത് ,GI Stafford ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. 06.03.2019 -ലെ സാധാരണ യോഗം 3(42) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ,കരാർ പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തുവെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല. 24.03.2020 – ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കരാർ പ്രകാരം പൂർത്തീകരണ തീയതി | 14.04.2019 | |
| കരാർ വ്യവസ്ഥ പ്രകാരം ആദ്യത്തെ മൂന്ന് മാസം 1% പിഴ | 14.07.2019 | 7977 |
| തുടർന്ന് ഓരോ 3 മാസം, 2% പിഴ | 14.10.2019<br>14.01.2020<br>24.03.2020 | 15954<br>15954<br>15954 |
| ആകെ | | 55839 |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറിനമ്പർ 53/20-21/02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി - ടെണ്ടർ നിരക്കിൽ അധികം തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് | ഉഴവൂർ ഡിവിഷൻ - രാമപുരം പഞ്ചായത്ത് ചിറകണ്ടം നടുവിലാമാവ് കുടിവെള്ള പദ്ധതി<br>പൂർത്തീകരണം(1219/21) |
| കരാറുകാരൻ | പി.റ്റി.മാത്യു,പുൽതകിടിയിൽ, കാളകെട്ടി. |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട്(ജനറൽ)) |
| ചെലവ് | 130355(സിവിൽ വർക്ക്)Bill No1308/29.03.2021<br>268002(ഇലക്ട്രിക്കൽ വർക്ക്) Bill No1160/20.03.2021<br>ആകെ 398357/- (വികസന ഫണ്ട്(ജനറൽ)) |
| കരാർ നമ്പർ | 159/AEE/LSGD/2019-20/26.02.2020 |
| നിർവ്വഹണ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | (എൽ.എസ്.ജി.ഡി) |

പ്രോജക്ടിന്റെ ഇലക്ട്രിക്കൽ വർക്കിനായി റീടെണ്ടർ (നം.292/19-20)നടത്തുകയും,15.09.2020 -ൽ ടെണ്ടർ തുറന്നപ്പോൾ ഒരേ നിരക്ക് ക്വോട്ട് ചെയ്തതിനാൽ നെഗോഷിയേഷൻ നടത്തുകയും ശ്രീ.നാരായണൻ കുട്ടി പി.ആർ ,അരുൺ നിവാസ് ,പുത്തൻ പള്ളികുന്ന് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 2.2% കുറച്ച് പ്രവൃത്തി ചെയ്യുന്നതിന് തയ്യാറായി.ടിയാന് കരാർ നൽകുന്നതിന് 16.10.2020 ലെ കമ്മിറ്റി അംഗീകാരം നൽകി. പ്രോജക്ടിന്റെ M-Book (No.144/20-21) പരിശോധിച്ചതിൽ ₹257155/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്.എന്നാൽ 2.2% Tender Below കുറച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ഫീസും,ചെക്ക് മെഷർമെന്റിനുള്ള ഫീസും, M-Book പ്രകാരമുള്ള പ്രവൃത്തി മൂല്യം ഉൾപ്പെടെ 268002രൂപ ബിൽ തുകയായി അനുവദിച്ചിട്ടുണ്ട്. 2.2% Tender Below കുറച്ചിട്ടില്ലാത്തതിനാൽ ബില്ലിൽ ₹5657/-അധികം അനുവദിച്ചിട്ടുണ്ട് .അധികം നൽകിയ തുക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 48/20-21 / 02.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 01.10.2021 – 05.10.2021 | കെഎസ്എ-കെടിഎം/പി16/ 1320/2022 തീയതി: 20.06.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| റ്റി. വി. പുരം ഗ്രാമ പഞ്ചായത്ത് | 19.01.2021 | 21,50,000 | 909/21 - തലയാഴം ഡിവിഷന്റെ റ്റി. വി. പുരം ഗ്രാമ പഞ്ചായത്തിലെ വയോജന വിശ്രമ കേന്ദ്രം | 2150000 | - |
| വൈക്കം ബ്ലോക്ക് | 15.01.2021<br>30.03.2021 | 8,00,000 | 909/21 - തലയാഴം ഡിവിഷന്റെ | 8,00,000 | - |

| | | | | | |
|---|---|---|---|---|---|
| | | | റ്റി. വി. പുരം ഗ്രാമ പഞ്ചായത്തിലെ വയോജന വിശ്രമ കേന്ദ്രം | | |
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | 12.03.2021 മുതൽ 31.03.2021 വരെയുള്ള വിവിധ തീയതികളിൽ | 23,70,723 | ക്യാൻ കോട്ടയം – ഫിറ്റ് കോട്ടയം | 2,065 | 23,68,658 |
| വാഴൂർ ബ്ലോക്ക് | 15.03.2021 | 1,50,000 | ക്യാൻ കോട്ടയം – ഫിറ്റ് കോട്ടയം | -- | 1,50,000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | വൗച്ചർ നം./ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | കേരള വാട്ടർ അതോറിറ്റി | | | | | |
| 1 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 734/21 വെള്ളൂർ ഡിവിഷൻ- തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് 5, 6 വാർഡുകളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | 22000330/ 18.04.2020 18/2021 | 1500000 | 0 | 1500000 |
| 2 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 664/21 കുമരകം ഡിവിഷൻ- തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22000197/ 11.04.2020 09/2021 | 300000 | 0 | 300000 |
| 3 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 738/21 - കുമരകം ഡിവിഷൻ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിയ്ക്കൽ | 2200518/ 20.05.2020 30/2021 | 1548000 | 0 | 1548000 |
| 4 | കേരള വാട്ടർ | 864/21 കുമരകം | 2200525/ | 600000 | 0 | 600000 |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | ഡിവിഷൻ തിരുവാർപ്പ് പഞ്ചായത്ത് മീൻച്ചിറ കാറ്റടിച്ചിറ എസ്. സി. സങ്കേതം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21.05.2020 29/2021 | | | |
| 5 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 49/21 - കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് വാർഡ് 3 അമ്പലം ജംഗ്ഷൻ മുതൽ മഠം ജംഗ്ഷൻ വരെ പൈപ്പ് ലൈൻ വലിയ്ക്കൽ | 22001039/ 14.10.2020 46/2021 | 1100000 | 0 | 1100000 |
| 6 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 55/21- കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മൈലാടുംപാറ കുടിവെള്ള പദ്ധതി വാർഡ്-7 വാട്ടർ അതോറിറ്റിയിൽ പണം അടയ്ക്കുന്നത് | 22001039/ 14.10.2020 45/2021 | 2000000 | 0 | 2000000 |
| 7 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 160/21- മാഞ്ഞൂർ പഞ്ചായത്ത്- കാഞ്ഞിരത്താനം പറമ്പ്രം കുടിവെള്ള പദ്ധതി പൂർത്തീകരണം പൈപ്പ് ലൈൻ നീട്ടൽ | 22001856/ 24.02.2021 75/2021 | 500000 | 0 | 500000 |
| 8 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 245/20അകലക്കുന്നം പഞ്ചായത്തിൽ കരിമ്പാനി ഇടമുള വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ ദിർഘിപ്പിക്കൽ | 22001283/ 19.11.2020 52/2021 | 800000 | 0 | 800000 |
| 9 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, തിരുവല്ല | 258/21-കറിച്ചി പഞ്ചായത്ത്- കല്ലുക്കടവ് ലൌവ്ലി ലാൻറ് മെയിൻ റോഡ് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടൽ | 22002045/ 15.03.2021 81/2021 | 100000 | 0 | 100000 |

| | | | | | | |
|---|---|---|---|---|---|---|
| 10 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 417/21-കുമരകം പഞ്ചായത്ത് വാർഡ്-7 പത്ത്പങ്ക് എസ് സി സങ്കേതം പൈപ്പ് ലൈൻ നീട്ടൽ | 22002046/ 15.03.2021 82/2021 | 497000 | 0 | 497000 |
| 11 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, തിരുവല്ല | 620/21-കുറിച്ചി പഞ്ചായത്ത് - വാർഡ് 16 - ചാമക്കുളം ഭാഗം - വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22002048/ 15.03.2021 84/2021 | 300000 | 0 | 300000 |
| 12 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 962/21-കുമരകം ഡിവിഷൻ - തിരുവാർപ്പ് പഞ്ചായത്ത് വാർഡ് 1 7 - മൂന്നുമൂല കേളക്കേരി ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 22001857/ 24.02.2021 76/2021 | 200000 | 0 | 200000 |
| 13 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 967/21 - അതിരമ്പുഴ ഡിവിഷൻ - അതിരമ്പുഴ പഞ്ചായത്ത് - വാർഡ് 13 - പുരയന്നൂർ മന - കരിയന്നൂർപറമ്പിൽ പൈപ്പ് ലൈൻ നീട്ടൽ - വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001858/ 24.02.2021 77/2021 | 100000 | 0 | 100000 |
| 14 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, തിരുവല്ല | 970/21വാകത്താനം ഡിവിഷൻ വാഴപ്പള്ളി പഞ്ചായത്ത് - വാർഡ് 7 - ഏനാദിച്ചിറ എടയാടി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 22001285/ 19.11.2020 54/2021 | 500000 | 0 | 500000 |
| 15 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. | 974-21 ജിസിഐ പാലാ ക്ക് കുടിവെള്ള ലഭ്യതക്കായി വാട്ടർ | 22001284/ 19.11.2020 51/2021 | 72000 | 0 | 72000 |

| | | | | | | |
|---|---|---|---|---|---|---|
| | ഡിവിഷൻ, കോട്ടയം | അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്ന | | | | |
| 16 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 1330/21 - നീണ്ടൂർ 6ാം വാർഡ് അരവിന്ദവേലി- പാറയിൽതാഴെ റോഡിൽ വാട്ടർ കണക്ഷനുവേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ- വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001287/ 19.11.2020 55/2021 | 400000 | 0 | 400000 |
| 17 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കോട്ടയം | 1557/21 - അയർക്കുന്നം പഞ്ചായത്ത് - വാർഡ് 18 - പൈപ്പ് ലൈൻ നീട്ടൽ -തുക KWA ൽ ഡെപ്പോസിറ്റ് ചെയ്യൽ | 22002047/ 15.03.2021 83/2021 | 399000 | 0 | 399000 |
| 18 | കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 1360/21 - തലയോലപ്പറമ്പ് പഞ്ചായത്ത് വടയാർ തലയോലപ്പറമ്പ് മെയിൻ റോഡ് ഭാഗം പൈപ്പ് ലൈൻ നീട്ടൽ | 22001040/ 14.10.2020 47/2021 | 1000000 | 0 | 1000000 |
| | | ആകെ | | 11916000 | 0 | 11916000 |
| | കെ. എസ്. ഇ. ബി | | | | | |
| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | വൗച്ചർ നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
| 1 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, അയർക്കുന്നം | 174/21- അയർക്കുന്നം ഗ്രാമപഞ്ചായത്ത്- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22001863/ 25.02.2021 80/2021 | 200000 | 0 | 200000 |
| 2 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, | 735/21 - പൂഞ്ഞാർ ഡിവിഷൻ- പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്, | 22000331/ 18.04.2020 19/2021 | 749465 | 0 | 749465 |

| | | | | | | |
|---|---|---|---|---|---|---|
| | പാലാ | മേലുകാവ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | | | | |
| 3 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, നീണ്ടൂർ | 968/21-അതിരമ്പുഴ ഡിവിഷൻ - നീണ്ടൂർ പഞ്ചായത്ത് - വാർഡ് 11 - സ്ട്രീറ്റ് ലൈൻ വലിക്കൽ - തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001775/ 05.02.2021 63/2021 | 99448 | 0 | 99448 |
| 4 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പൊൻകുന്നം | 251/21 - പാമ്പാടി പഞ്ചായത്ത്- വാർഡ്-13 സ്ട്രീറ്റ് മെയിൻ കെഎസ് ഇബി ക്ക തുക മാറുന്ന | 22001776/ 05.02.2021 64/2021 | 66462 | 0 | 66462 |
| 5 | കെ. എസ്. ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻൻ, തലയാഴം | 1331/21 - വെച്ചൂർ ഇടയാഴം പൊന്നംകരി - പോട്ടകരി പാടശേഖരം - മോട്ടോർ സ്ഥാപിക്കാൻ ലൈൻ വലിക്കൽ കെഎസ്ഇബി ൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001778/ 05.02.2021 66/2021 | 94305 | 0 | 94305 |
| 6 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, നീണ്ടൂർ | 1332/21-കല്ലറ പഞ്ചായത്ത് - മാലിക്കരി എക്കമ്മ പാടശേഖരങ്ങളിലെ ട്രാൻസ്ഫോമറിൻറെ പവ്വർ അലോക്കേഷൻ വർദ്ധിപ്പിക്കൽ- കെഎസ്ഇബി ൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001814/ 17.02.2021 69/2021 | 500000 | 0 | 500000 |
| 7 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പൊൻകുന്നം | 1372/21- പാറത്തോട് പഞ്ചായത്ത്- കെഎസ്ഇബി-ൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001286/ 19.11.2020 56/2021 | 500000 | 0 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| 8 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, തലയാഴം | 1541/21- വെച്ചൂർ പഞ്ചായത്ത് - വാർഡ് 7 - ശ്രീനാരായണ ശരവണഭവ ക്ഷേത്രം - കളത്തിപ്പറമ്പ് കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ- തുക KSEB ൽ ഡെപ്പോസിറ്റ് ചെയ്യൽ | 22001861/ 25.02.2021 78/2021 | 90690 | 0 | 90690 |
| 9 | കെ. എസ്. ഇ. ബി, ഇലക്ട്രിക്കൽ സെക്ഷൻ, തലയാവം | 1542/21- വെച്ചൂർ പഞ്ചായത്ത് - വാർഡ് 7 - കൈപ്പുഴമുട്ട് കായൽതീരം റോഡ് - ചക്രപ്പുരയ്ക്കൽ ലൈൻ വലിക്കൽ- തുക KSEB ൽ ഡെപ്പോസിറ്റ് ചെയ്യൽ | 22001862/ 25.02.2021 79/2021 | 98342 | 0 | 98342 |
| 10 | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, കറുകച്ചാൽ | 952/21-കങ്ങഴ ഡിവിഷനിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22001852/ 24.02.2021 72/2021 | 676118 | 0 | 676118 |
| | | ആകെ | | 3074830 | 0 | 3074830 |
| | ഭൂജല വകുപ്പ് | | | | | |
| 1 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, കോട്ടയം | 684/21 - മുണ്ടക്കയം ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം | 22000196/ 11.04.2020 07/2021 | 800000 | 0 | 800000 |
| 2 | | 686/21 - പൊൻകുന്നം ഡിവിഷൻ- വിവിധ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 22000232/ 12.04.2020 08/2021 | 4100000 | 0 | 4100000 |
| 3 | | 689/21 - കോട്ടയം ജില്ലയിലെ വിവിധ എസ്സി | 22000245/ 12.04.2020 12/2021 | 593729 | 0 | 593729 |

| | | | | | | |
|---|---|---|---|---|---|---|
| | | കോളനികളിൽ കുഴൽ കിണർ നിർമ്മാണം | | | | |
| 4 | | 950/21 - കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 22001020/ 30.09.2020 44/2021 | 250000 | 0 | 250000 |
| 5 | | 1403/21 - കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 22000841/ 11.09.2020 41/2021 | 1000000 | 0 | 1000000 |
| 6 | | 143/21 - ഭരണങ്ങാനം പഞ്ചായത്ത്- ആലിപ്പഴം കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ മോട്ടോർ | 22001777/ 05.02.2021 65/2021 | 300000 | 0 | 300000 |
| 7 | | 1367/21 - അയർക്കുന്നം പഞ്ചായത്ത് - വാർഡ് 11-ൽ മണാട്ടുകുന്ന് കടിവെള്ള പദ്ധതി - GWD-ൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22001111/ 30.10.2020 48/2021 | 300000 | 0 | 300000 |
| 8 | | 976/21 - പാറത്തോട് മുണ്ടക്കയംകൂട്ടിക്കൽ പൂഞ്ഞാർ തീക്കോയി പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തുകളിൽ കുഴൽകിണർ നിർമ്മാണം | 22002054/ 15.03.2021 88/2021 | 1700000 | 0 | 1700000 |
| 9 | | 400/21 - എരുമേലി മണിമല വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ | 22002052/ 15.03.2021 87/2021 | 500000 | 0 | 500000 |
| 10 | | 622/21 - പനച്ചിക്കാട് പഞ്ചായത്ത് -കുഴിമറ്റം-ബഥനി പൊയ്കപറമ്പിൽ | 22002277/ 27.03.2021 98/2021 | 500000 | 0 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| | | കുടിവെള്ളപദ്ധതി | | | | |
| | | ആകെ | | 10043729 | 0 | 10043729 |
| അനർട്ട് | | | | | | |
| 1 | | 488/21പട്ടിത്താനം രത്നഗിരി പബ്ലിക്ക് ലൈബ്രററിയിൽ സോളാർ പാനൽ സ്ഥാപിക്കൽ | 22001853/ 24.02.2021 73/2021 | 195800 | 0 | 195800 |
| 2 | | 165/21 -വെച്ചൂർ, തലയാഴം, റ്റി. വി. പുരം , കല്ലറ, നീണ്ടൂർ പഞ്ചായത്തുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 22001854/ 24.02.2021 74/2021 | 492800 | 0 | 492800 |
| 3 | | 169/21 - വിവിധ എസ്. സി. കോളനികളിലും, സങ്കേതങ്ങളിലും സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 22002177/ 25.03.2021 95/2021 | 492800 | 0 | 492800 |
| 4 | | 683/21 - അയർക്കുന്നം ഗ്രാമ പഞ്ചായത്ത് എസ്.സി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 22000442/ 18.05.2020 23/2021 | 573100 | 0 | 573100 |
| | | ആകെ | | 1754500 | 0 | 1754500 |
| പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽസ്) | | | | | | |
| 1 | P.W.D ഇലക്ട്രിക്കൽസ് | 710/21 - തുക്കൊടിത്താനം ഡിവിഷൻ - എസ്. സി. കോളനികളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 42000126/ 17.04.2020 16/2021 | 538000 | 0 | 538000 |
| കെൽട്രോൺ | | | | | | |
| 1 | കെൽട്രോൺ | 954/21 തുക്കൊടിത്താനം ഡിവിഷൻ- തുക്കൊടിത്താനം ഗവ.എച്ച്.എസ്. എസ്.ൽ സോളാർ പാനൽ സ്ഥാപിക്കൽ | 22001317/ 19.11.2020 53/2021 | 424050 | 0 | 424050 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കെൽട്രോൺ | 954/21 തുക്കൊടിത്താനം ഡിവിഷൻ- തുക്കൊടിത്താനം ഗവ.എച്ച്.എസ്. എസ്.ൽ സോളാർ പാനൽ സ്ഥാപിക്കൽ | 42000128/ 15.03.21 86/2021 | 339240 | 0 | 339240 |
| 3 | കെൽട്രോൺ | 507/21 ജനമൈത്രി പോലീസിന്റെ ഭാഗമായി ജനങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തു ന്നതിന് കുമരകം പോലീസ് സ്റ്റേഷന്റെ പരിധിയിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ | 42000129/ 29.03.21 | 499771 | 0 | 499771 |
| കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE Ltd) | | | | | | |
| 1 | KSIE Ltd | 946/21 വൈക്കം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 42000127/ 27.03.21 | 498000 | 0 | 498000 |
| 2 | KSIE Ltd | 960/21 കിടങ്ങൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 22002175/ 25.03.21 | 645900 | 0 | 645900 |
| | ആകെ | | | | | 2406961 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കെൽട്രോണിൽ നിക്ഷേപ പ്രവൃത്തികളായുള്ള പ്രോജക്ട് നം. 658/2021 (ഉഴവൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ), പ്രോജക്ട് നം. 671/2021 (ഉഴവൂർ ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ) തുടങ്ങിയവയ്ക്ക് ചെലവഴിച്ചിട്ടുള്ള പദ്ധതി തുകകളായ യഥാക്രമം 2,96,100/- രൂപ (ബിൽ നം.08/11.04.2020), 4,93,500/- രൂപ (ബിൽ നം. 09/11.04.2020) എന്നിവ, വാർഷിക ധനകാര്യപത്രികയിലെ നിക്ഷേപ പ്രവൃത്തികളുടെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതും സ്ഥാപനം പരിപാലിച്ചുവരുന്ന നിക്ഷേപ പ്രവൃത്തികളുടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതുമാകയാൽ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ച് ചെലവ് ശതമാനം ഉയരുന്നതിനപ്പുറം ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ തുടർ നടപടികളില്ലാത്തതും സമയബന്ധിതമായി പ്രവൃത്തികൾ

പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കാത്ത സ്ഥിതിയുള്ളതിനാലും, വിഷയം സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസായി തൻവർഷം തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പ / വായ്പാതിരിച്ചടവ് ഇനത്തിൽ തൻവർഷം വരവ് / ചെലവ് ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 41 | 5000/- | ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോട്ടയം | 120010100275/ 20.02.2021 |

സ്ഥാപനത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിച്ച് വീക്ഷിക്കുന്നില്ല. റിക്കവറി ഇനത്തിൽ സ്വീകരിക്കുന്ന തുകകളുടെ വിവരങ്ങൾ, ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം., ഈടാക്കിയ തുക, അടവാക്കിയ വ്യക്തിയുടെ പേരും, ഉദ്യോഗപ്പേരും, വിലാസവും, റിക്കവറി ഇനം, രസീത് നം., തീയതി തുടങ്ങിയവ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതും ആയത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (സെക്രട്ടറി) സാക്ഷ്യപ്പെടുത്തി അധികൃതമാക്കേണ്ടതുമാണ്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് (വർഷം) | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | എസ്.സി. വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാതിരുന്നതിനാൽ നഷ്ടം സംഭവിച്ചു | | |
| | 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതിയില്ലാതെ 30% ൽ അധികം ടെണ്ടർ എക്സസ് നൽകി | | |
| | 1998-99 | 3, 4, 5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | | |
| | 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | | |
| | 1999-00 മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിച്ചില്ല | | |
| | | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിട നിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു | | |
| | | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണത്തിലെ അപാകതകൾ | | |
| | | 6 | 2003-04 | 5-3(11) | പട്ടികജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | | |
| | | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തന | | |

| | | | | | |
|---|---|---|---|---|---|
| | | | | ക്ഷമമായില്ല | |
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം | |
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺ കുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | |
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | |
| 2007-08 | പ്രോ.നം. 446/08 445/08 441/08 398/08 80/08 67/08 129/08 114/08 447/08 443/08 407/08 437/08 434/08 44/08 442/08 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപ വേലകൾ പൂർത്തീക രിക്കാത്തത് | |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വകാര്യ | |

| | | | | | |
|---|---|---|---|---|---|
| | | | | വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച | |
| 2010-11 | 3-6(2) | 2012-13 | 4-4-2 | ഇടക്കുന്നം പഴമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | |
| 2014-15 | - | 2013-14 | 5.2 | ത.സ്വ.ഭ.വ. സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | |
| 2014-15 പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2014-15 | 5(എ) | ത.സ്വ.ഭ.വ. സ്ഥാപനങ്ങളും മൃഗസംരക്ഷണം ക്ഷീരവികസനം മേഖലയും- പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം–മണർകാട് | നിയമസഭാ സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |
| 2015-16 | 3-49 | 2016-17 | 9-2 | തെരുവ് നായ നിയന്ത്രണം/ പേവിഷ നിർമാർജന പരിപാടി. | നിയമസഭാ സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |
| 2016-17 | 3-20 | 2017-18 | 1-5-1 | വ്യക്തമായ ആസൂത്രണ മില്ലാതെയും അശാസ്ത്രീയമായും മിനിപാർക്ക് നിർമ്മിച്ചതു വഴി വൻതുകയുടെ പാഴ് ചെലവ്. | നിയമസഭാ സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകളില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64,46,45,323 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71,31,81,922 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 604344 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 133449441 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 17238 | ശ്രീ.ജയരാജൻ ആർ., കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | -- | 131039 | ശ്രീ.രാധാകൃഷ്ണൻ വി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 131039 | ശ്രീമതി പ്രിയ മേരി ഫിലിപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 131039 | ശ്രീ.റെജി ഫിലിപ്പ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | -- | 40337 | ശ്രീമതി അനില അന്ന വർഗ്ഗീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽഎസ്ജിഡി) |
| 3-4 | -- | 13211 | ശ്രീ.ഷൈജു ഒ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | -- | 13211 | ശ്രീ.ബേസിൽ മാത്യു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | -- | 32867 | ശ്രീ.ബേസിൽ മാത്യു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-4 | -- | 32867 | ശ്രീമതി മായ ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | -- | 55839 | ശ്രീ.മനോജ് എം.ഒ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 3-6 | -- | 5657 | ശ്രീമതി അനില അന്ന വർഗ്ഗീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽഎസ്ജിഡി) |
| ആകെ | | 604344 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 280903 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-17 | 900000 | ശ്രീ.സിജു തോമസ്, സെക്രട്ടറി |
| 1-20 | 500000 | ശ്രീമതി ലിസി ആന്റണി, സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, വാലാച്ചിറ |
| 1-21 | 53688 | ശ്രീ.രതീഷ് ജെ.ബാബു, പ്രിൻസിപ്പൽ, വി.എച്ച്.എസ്.എസ്., പാമ്പാടി |
| 1-22 | 10610 | ശ്രീ.രതീഷ് ജെ.ബാബു, പ്രിൻസിപ്പൽ, വി.എച്ച്.എസ്.എസ്., പാമ്പാടി |
| 1-23 | 900000 | ശ്രീമതി അജിതകുമാരി ടി.കെ., ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് |
| ,, | 500000 | |
| ,, | 700000 | |
| ,, | 6812284 | |
| ആകെ | 8912284 | |
| 1-23 | 1000000 | ശ്രീമതി ഷൈല വി.ആർ., ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് |
| ,, | 594158 | |
| ,, | 192000 | |
| ,, | 214814 | |
| ,, | 848910 | |
| ആകെ | 2849882 | |
| 1-23 | 473072 | ശ്രീമതി അനിത കെ., ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് |
| 1-24 | 1987717 | ശ്രീമതി അനിത കെ., ഡെപ്യൂട്ടി ഡയറക്ടർ, |

| | | |
|---|---|---|
| | | പൊതുവിദ്യാഭ്യാസ വകുപ്പ് |
| 1-25 | 3975434 | ശ്രീമതി അനിത കെ., ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് |
| 1-26 | 999000 | ശ്രീമതി അജിതകുമാരി ടി.കെ., ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് |
| 1-27 | 38494874 | ഡോ.ബിന്ദുകുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി |
| 1-29 | 10000000 | ഡോ.ബിന്ദുകുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി |
| 1-30 | 2901057 | ഡോ.ബിന്ദുകുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി |
| 1-31(1) | 213093 | ഡോ.ടി.കെ. ചന്ദ്രശേഖരൻ, സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം |
| 1-31(2) | 440821 | ഡോ.പ്രിയദർശിനി വി.കെ., സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം |
| 1-32 | 1279511 | ഡോ.പ്രിയദർശിനി വി.കെ., സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം |
| 1-34(1) | 4748000 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| | 4968000 | ശ്രീ.സിജ്ജു തോമസ്, സെക്രട്ടറി |
| 1-34(2) | 573100 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| | 688600 | ശ്രീ.സിജ്ജു തോമസ്, സെക്രട്ടറി |
| 1-34(3) | 664804 | ശ്രീ.സിജ്ജു തോമസ്, സെക്രട്ടറി |
| 1-34(4) | 5493729 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| | 3950000 | ശ്രീ.സിജ്ജു തോമസ്, സെക്രട്ടറി |
| 1-34(5) | 789600 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-34(6) | 538000 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| 1-35 | 537775 | ശ്രീമതി മേരി ജോ.വി., സെക്രട്ടറി-ഇൻ ചാർജ് |
| | 29950125 | ശ്രീ.സിജ്ജു തോമസ്, സെക്രട്ടറി |
| 1-36 | 59978 | ശ്രീ.ജയരാജൻ ആർ., കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-37 | 151555 | ശ്രീ.ജയരാജൻ ആർ., കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-40 | 174519 | ശ്രീ.ജയരാജൻ ആർ., |

| | | |
|---|---|---|
| | | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-42 | 1500268 | ശ്രീമതി മായ ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി |
| 1-45 | 743286 | ശ്രീമതി അനില അന്നാ വർഗ്ഗീസ്, എൽഎസ്ജിഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-48 | 820381 | ശ്രീ.മനോജ് എം., എൽഎസ്ജിഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-49 | 213605 | ശ്രീ.മനോജ് എം., എൽഎസ്ജിഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-51 | 864360 | ശ്രീമതി അനില അന്നാ വർഗ്ഗീസ്, എൽഎസ്ജിഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-53 | 1747810 | ശ്രീ.മനോജ് എം., എൽഎസ്ജിഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 133449441 | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയരാജൻ ആർ.,<br>കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സ്റ്റേറ്റ് എഞ്ചിനീയറിംഗ് വിംഗ്, ഡയറക്ടറേറ്റ്,<br>കൃഷി വകുപ്പ്, തിരുവനന്തപുരം | ശ്രീപാദം, URA-85, ഉദയന്നൂർ ശിവക്ഷേത്രത്തിന് സമീപം, നാലാഞ്ചിറ പി.ഒ.,<br>തിരുവനന്തപുരം-15 |
| ശ്രീ.രാധാകൃഷ്ണൻ വി.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയർഡ് | പൗർണ്ണമി<br>പാലാനിരപ്പ്<br>മടപ്പകോട്<br>നെല്ലിമുക്ക് പി.ഒ.,<br>കൊല്ലം - 691509 |
| ശ്രീമതി പ്രിയ മേരി ഫിലിപ്പ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നീണ്ടൂർ | പുത്തൻപറമ്പിൽ<br>അമലഗിരി പി.ഒ.,<br>കോട്ടയം |
| ശ്രീ.റെജി ഫിലിപ്പ്,<br>അസിസ്റ്റന്റ് | റിട്ടയർഡ് | മറ്റത്തിൽ<br>ഒളശ്ശ, കോട്ടയം |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | | |
| ശ്രീമതി അനില അന്ന വർഗ്ഗീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽഎസ്ജിഡി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം മുനിസിപ്പാലിറ്റി | മുളമൂട്ടിൽ വരമ്പൂർ, വെൺമണി ആലപ്പുഴ |
| ശ്രീ.ഷൈജു ഒ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് | നെടിയവിള പുത്തൻവീട്, പാലാപ്പൂര് വെള്ളായണി പി.ഒ. തിരുവനന്തപുരം |
| ശ്രീ.ബേസിൽ മാത്യു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | പാലപ്പിള്ളിൽ കറുകടം പി.ഒ., കോതമംഗലം, എറണാകുളം - 686691 |
| ശ്രീമതി മായ ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ | പിഎയു പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | പട്ടിരേത്ത് ഇലവുംതിട്ട പി.ഒ. പത്തനംതിട്ട |
| ശ്രീ.മനോജ് എം.ഒ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം | ശ്രീമംഗലം മുല്ലക്കാല, തേവലക്കര പി.ഒ. കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി8/189/2012, 21.03.2012 |
| 1998-99 | എൽ.എഫ്.കെ.പി8/564/2010, 02.03.2011 |
| 1999-00, 2000-01, | കെഎസ്എ.കെടിഎം.പി.8-1163/15, 14.09.15 |

| | |
|---|---|
| 2001-02 | |
| 2002-03 | എൽ.എഫ്.കെ.പി.8-652/15, 15.09.15 |
| 2003-04 | എൽ.എഫ്.കെ.പി.1-1088/06, 20.03.07/16.04.07 |
| 2004-05 | എൽ.എഫ്.കെ.പി.1-616/08, 30.03.10 |
| 2005-06 | എൽ.എഫ്.കെ.പി.8-458/2011, 11.10.2011 |
| 2006-07 | എൽ.എഫ്.കെ.പി.1-234/2010, 14.05.2010 |
| 2007-08 | എൽ.എഫ്.കെ.പി.1-1114/09/09.10.2009 |
| 2008-09 | എൽ.എഫ്.കെ.പി.8-188/2012, 05.03.2012 |
| 2009-10 | എൽ.എഫ്.കെ.പി.8-1098/13, 02.04.2014 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി-8-1162/15, 03.10.2015 |
| 2011-12 | എൽ.എഫ്.കെ.പി.8-141/2015, 14.09.2015 |
| 2012-13 | എൽ.എഫ്.കെ.പി.8-210/14, 27.04.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-18-442/2017, 19.04.17 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി18-443/17 തീയതി 26.04.2017 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി16-147/18 തീയതി 21.03.2018 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി16/1349/2019 തീയതി 31.01.2020 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി16/963/2019 തീയതി 16.10.2019 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി16/1140/2020 തീയതി 24.12.2020 |
| 2019-20 | കെ.എസ്.എ-കെ.ടി.എം. പി16/222/2021 തീയതി 09.12.2021 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്